

ഗുരുഗീത

(ഗുരുവിനായുള്ള സ്വർഗീയ പ്രാർത്ഥന)

സ്വാമി സഹാജാനന്ദ തീർത്ഥ

Copyright © 2020 T Sreenivasulu
All rights reserved.
www.sahajananda-ashram.com

സമർപ്പണം

എൻറെ സ്നേഹനിധിയായ ഗുരു പരംപൂജ്യസ്വാമി
ശിവോഹംതീർത്ഥകൾക്ക്



ശ്രീ സ്വാമി ശിവോം തീർത്ഥ ജി മഹാരാജ്

ഉള്ളടക്കം

കൃതജ്ഞത
മുഖവുര
ഗുരുഗീത
ശബ്ദ സംഗ്രഹം
ശക്തിപഥ് സന്ന്യാസിമാരുടെ ആശ്രമങ്ങൾ

കൃതജ്ഞത

ഈ അവസരത്തിൽ എൻറെ പ്രിയ ശിഷ്യൻ ഭാരതീയ കരസേനയിൽ ഉദ്യോഗസ്ഥൻആയശ്രീ. കേണൽ. T. ശ്രീനിവാസുലു ഈ പുസ്തകത്തിനായി നടത്തിയ എല്ലാ പരിശ്രമങ്ങളും പ്രസിദ്ധീകരണത്തിനായി നടത്തിയ ഏകോപനവും, പ്രവർത്തനവും പ്രത്യേകം പരാമർശിക്കുവാൻആഗ്രഹിക്കുന്നു.പരമദിവ്യത്വംഅവൻ അന്വേഷിക്കുന്നതെന്തും നൽകി അനുഗ്രഹിക്കട്ടെ.

ഈ പുസ്തകം മലയാള ഭാഷയിലേക്ക് വിവർത്തനം ചെയ്തത്ശ്രീ. കേണൽ. T. ശ്രീനിവാസുലുവിൽനിന്നും ശക്തിപത് ദീക്ഷ നേടി അദ്ദേഹത്തിൻറെശിഷ്യത്വം സ്വീകരിച്ചമലയാളിയായ പത്തനംതിട്ട സ്വദേശിശാലിൻ കുമാർ ആണ് . അവനോട്പ്രത്യേക നന്ദിയുണ്ട്. പരമമായ പ്രപഞ്ച ശക്തി അവനുമേൽ ദിവ്യാനുഗ്രഹങ്ങൾഎപ്പോഴുംചൊരിയട്ടെ.

മുഖവുര

ഗുരുഗീത അടിസ്ഥാനപരമായി ഭഗവാൻ പരമശിവനും അദ്ദേഹത്തിൻറെ ധർമ്മ പത്നിയായ പാർവതിദേവിയുംതമ്മിൽ ഗുരുവിനെ പറ്റിയുള്ള സംഭാഷണമാണ്.മനുഷ്യകുലത്തിൽ പിറന്ന ഏതൊരാൾക്കും ആത്മസാക്ഷാത്കാരം നേടി മോക്ഷത്തെപ്രാപിക്കുവാൻ ഗുരുവിൻറെ മേൽനോട്ടത്തിൽ ഉള്ള ശിക്ഷണം ഒഴിവാക്കാൻകഴിത്തതാകുന്നു.

പുരാണ ഗ്രന്ഥമായ സ്കന്ദപുരാണത്തിൽ നിന്നും എടുത്തിട്ടുള്ളതാണ് ഈ ഭാഗങ്ങൾ

മതത്തിൻറെയും,സംസ്കാരത്തിൻറെയും വ്യത്യാസം ഇല്ലാതെ,സ്ത്രീ/പുരുഷ വ്യത്യാസം ഇല്ലാതെ വിദ്യാഭ്യസയോഗ്യതയിലെ ഏറ്റക്കുറച്ചിലുകൾ ഇല്ലാതെ എല്ലാ വിഭാഗത്തിൽപെട്ട ആൾക്കാർക്കും പ്രയോജനപ്രദമാണ്ഗുരുഗീത.

ഇതൊരു ഹിന്ദു ദൈവവും അദ്ദേഹത്തിൻറെ ഭാര്യയും തമ്മിലുള്ള സംഭാഷണമാണ് .

എങ്കിലുംവ്യത്യസ്തമായമതങ്ങളുടെ കാഴ്ചപ്പാടിൽ നിന്ന്നോക്കിയാൽ തന്നെ വിവാദമാക്കേണ്ട ഒന്നും തന്നെ ഈ പുസ്തകത്തിൽ ഇല്ല. തികച്ചും മതേതര സ്വഭാവത്തിലുള്ളതാണ്ഇതിലെ ഓരോ വരികളും. ഭൂമിയിൽമനുഷ്യ കുലത്തിൽ പിറന്നുവീണ ഏതൊരാൾക്കും ഗുരു എന്നത് ഒഴിച്ചുകൂടാൻ കഴിയതതാകുന്നു.സർവേശ്വരൻ തന്നെയാണ് ഭൂമിയിലെ ശിഷ്യന്മാർക്ക്മുൻപെ ഗുരുവിൻറെരൂപത്തിൽ പ്രത്യക്ഷപ്പെട്ടുകൊണ്ട്അവരുടെ അത്മസാക്ഷാത്ക്കാരത്തിൻറെ പാതയുടെ തിരികൊളുത്തുന്നത്. ഗുരു ദൈവമല്ലാതെ മറ്റാരുമല്ല എന്ന് ഗുരുഗീത നേരിട്ട് വെളിപ്പെടുത്തുന്നു. ഗുരുഗീത ഗുരുവിൻറെ ആവശ്യകത വളരെ ആഴത്തിലും, പ്രചോതന പ്രദമായ രീതിയിലും പറഞ്ഞുതരുന്നു. ഓരോ വായനക്കാരനുംഇവിടെ അവതരിപ്പിച്ചിരിക്കുന്നതരത്തിലുള്ള സാഹിത്യവുമായി എപ്പോഴെങ്കിലുംബന്ധപ്പെട്ടിരിക്കും എന്ന് ഉറപ്പാണ് . എന്നിരുന്നാലും വളരെ വിശാലമായ മനസോടെ ഓരോരുത്തരും ഇത് മനസിലാക്കുവാൻ ശ്രമിക്കണം. ഇതിനെആധുനിക ശാസ്ത്രവുമായും , ആധുനികസമൂഹവുമായും ബന്ധപ്പെടുത്തുന്നതിൽ അർത്ഥമില്ല. ഈരചന ഇത്രകാലമായിട്ടും ശ്രദ്ധിക്കപ്പെടുന്നു എന്നത് ഇതിൻറെ മഹത്വത്തെ വിളിച്ചോതുന്നു. ഇതിൻറെ വിവർത്തനം ഒരുവാക്കിൽ നിന്നും മറ്റൊരു വാക്കിലേക്ക് എന്നരീതിയിൽ ചെയ്തിട്ടുള്ളതല്ല. മതിയായ വിശദീകരണം എല്ലാവര്ക്കും മനസിലാവുന്ന തരത്തിൽ ബ്രാക്കറ്റിൽ നൽകിയിട്ടുണ്ട്. എന്നിരുന്നാലും ഗൌരവസ്വഭാവത്തിലുള്ളതും, പഠന പരമായവയനയിലേക്കുമായി യഥാർത്ഥ പാഠം ദേവനാഗരി ലിപിയിലും, അതിൻറെ റോമൻ

ലിപിയിലുള്ളതർജ്ജിമയും നൽകിയിട്ടുണ്ട്.. സംസ്കൃത ഭാഷയിൽപ്രാവീണ്യംഉള്ള വായനക്കാർക്ക് ഇതിൽ ചില പിശകുകൾ കണ്ടെത്താൻ കഴിയും. അതിൽ വ്യകുലപ്പെടേണ്ടതില്ല. എന്തെന്നാൽ സാരാംശം ഗ്രഹിക്കുക എന്നതിലാണ് പ്രധാന്യം. സംസ്കൃതപതിപ്പിൻറെ ധാരാളം വ്യാഖ്യാനം ഇപ്പോൾ ലഭ്യമാണ്. എങ്കിലും ഓരോ വായനക്കാരനും മനസിലാകുന്ന രീതിയിൽ എളിയ ഭാഷയിൽസാരം ഒട്ടും ചോർന്നുപോകാതെ തികച്ചും ദൈവികഭക്തിയോടെ പരിഭാഷപ്പെടുത്തുവാൻ ശ്രമിച്ചിട്ടുണ്ടെന്ന് വായനക്കാർക്ക് കാണുവാൻ കഴിയും.ഈശ്വരഹിതംഅനുസരിച്ച് എല്ലാ വായനക്കാർക്കും ഈ പുസ്തകത്തിൻറെപ്രയോജനം ലഭിക്കട്ടെ.

- സ്വാമി സഹാജാനന്ദ തീർത്ഥ

ഗുരുഗീത

Guru Gītā

1. കൈലാസ പർവ്വത ശിഖരത്തിൽഒരു സുദിനത്തിൽ വശ്യമായ ചുറ്റുപാടിൽ പ്രകൃതിയുടെ സുന്ദര മന്ദിരത്തിൽ പ്രകൃതി ദേവതയായ ദേവി പാർവതി തൻറെപതിദേവനായ ഭഗവാൻ പരമശിവന് പ്രണാമം അർപ്പിച്ചുകൊണ്ട്തികഞ്ഞ ഭക്തി പൂർവ്വം ഇപ്രകാരംചോദിച്ചു;

कैलास शिखरे रम्ये, भक्ति संधान नायकम् ।

प्रणम्य पार्वती भक्त्या, शंकरं पर्यपृच्छत ॥

kailāsa śikhare ramye, bhakti saṃdhāna nāyakam I

praṇamya pārvatī bhaktyā, śaṃkaraṃ paryapṛcchata II

അനുഗ്രഹീതയായമഹതി (ദേവത) ഇപ്രകാരംപറഞ്ഞു;

2. ഓദേവാധിദേവാ, അഭിവന്ദ്യനായഗുരുനാഥാ, ഈപ്രപഞ്ചത്തിൻറെ മുഴുവൻഗുരുനാഥാ, സദാശിവാ (ഭഗവാൻപരമശിവൻ), സർവ്വേശ്വരാ, അങ്ങേയ്ക്കെൻറെഭക്തിപൂർവ്വമായ പ്രണാമം, അങ്ങ് ഉത്തമമായഗുരു മാഹാത്മ്യത്തെയും,ഗുരുഭക്തിയെയും പറ്റി എനിക്ക് പറഞ്ഞുതന്നാലും.

ओं नमो देवदेवेश परात्पर जगद्गुरोः ।

सदाशिव महादेव गुरुदीक्षाम् प्रदेहि मे ॥

oṃ namo devadeveśa parātpara jagadguroḥ I

sadāśiva mahādeva gurudīkṣām pradehi me II

3. ഹേ പ്രഭോ, അങ്ങയുടെപാദാരവിന്ദങ്ങളിൽ അടിയൻറെ പ്രണാമം, ഹേപ്രഭോ ഏത് മാർഗ്ഗമാണ് ഒരുസാധാരണ മനുഷ്യൻ (മജ്ജയും,മാംസവും ഉള്ളപച്ചയായമനുഷ്യൻ) ഈശ്വരസാക്ഷാത്ക്കാരത്തിനായി സമാധി അവസ്ഥയെ പ്രാപിക്കുവാനായി പിന്തുടരേണ്ടത്.

केन मार्गेण भो स्वामिन् देहि भ्रह्ममयो भवेत् ।

त्वं कृपां कुरु मे स्वामिन् नमामि चरणौ तव ॥

kena mārgeṇa bho svāmin dehi bhrahmamayo bhavet I

tvaṃ kṛpāṃ kuru me svāmin namāmi caraṇau tava II

അപ്പോൾഭഗവാൻ (ശിവൻ) ഇപ്രകാരംപറഞ്ഞു;

4. അല്ലയോദേവീ (ദേവതേ), നീഎൻറെതന്നെ സ്വരൂപം ആകുന്നു. (ശിവപാർവ്വതിമാർ ഒരുനാണയത്തിൻറെ രണ്ടുവശങ്ങൾ പോലെ ഒന്നുതന്നെയാണ്, ആയതിനാൽരണ്ടുവ്യത്യസ്ത വ്യക്തികളായി കാണുവാൻകഴിയില്ല) എങ്കിലുംലോകോപകാരപ്രദം ആകണംഎന്ന ലക്ഷ്യത്തോടെ ദേവി ഈ ചോദ്യം ചോദിച്ചിരിക്കുന്നു ! ഇത്തരത്തിൽഉള്ള ഒരു ചോദ്യം ആരും തന്നെ ഇതിനു മുൻപ് ചോദിച്ചിട്ടില്ല. എന്നിരുന്നാലുംദേവിയുടെ സന്തോഷത്തിനായി ഞാൻഉത്തരം നൽകാം.

मम रूपासि देवीत्वं तत्प्रीत्यर्थं वदाम्यहं ।

लोकोपकारकः प्रश्नो न केनापि कृतः पुरा ॥

mama rūpāsi devītvaṃ tatprītyarthaṃ vadāmyahaṃ I

lokopakārakaḥ praśno na kenāpi kṛtaḥ purā II

5. മൂന്നോകങ്ങളിലും (പുരാണസംസ്കൃത ഗ്രന്ഥങ്ങളിൽ സൂചിപ്പിച്ചിരിക്കുന്നമൂന്ന് അവസ്ഥാതലങ്ങൾ) വച്ച്ആരും ഇതുവരെ മനസ്സിലാക്കാത്ത, ബുദ്ധിമുട്ടേറിയ, മഹത്തായസത്യം ഞാൻ വെളിവാക്കാം. ദയവായികേട്ടാലും.ഒരുസാധാരണ മനുഷ്യന് ഭൂമിയിൽ അവൻറെ ആരാധ്യനായ ഗുരു, അല്ലെങ്കിൽഅധ്യാപകൻ അല്ലാതെമറ്റൊരു ദൈവവും ഇല്ല. അതായത്ഒരുസാധാരണ മനുഷ്യന് ഭൂമിയിൽ (ഈശ്വരനെപ്പോലെ വിശ്വസിക്കുവാനും, ആരാധിക്കുവാനും, പൂജിക്കുവാനും, ആശിക്കുവാനും) ഉള്ളത്അവൻറെ ഗുരു മാത്രമാണ്.

दुर्लभं त्रिषु लोकेषु तच्छृणुष्व वदाम्यहं ।

गुरुं विना ब्रह्म नान्यत् सत्यं सत्यं वरानने ॥

durlabhaṃ triṣu lokeṣu tacchṛṇuṣva vadāmyahaṃ I

gurum̩ vinā brahma nānyat satyaṃ satyaṃ varānane II

6-7. പ്രപഞ്ചമായയുടെ മോഹന വലയത്തിലും, ദൈവികമായഅറിവില്ലുള്ള അജ്ഞതയിലും മുങ്ങി ജീവിക്കുന്ന ഗുരുതത്വത്തെ അറിയാത്ത സാധാരണക്കാരായ മനുഷ്യർക്ക് വേദം, പുരാതനശാസ്ത്രം, പുരാതനഇതിഹാസങ്ങൾ, പുരാതനചരിത്രങ്ങൾ തുടങ്ങിയവയും മന്ത്രം, യന്ത്രം,തന്ത്രം, സ്മൃതികൾഎന്നിവയുമായി ബന്ധപ്പെട്ട ശാസ്ത്രങ്ങൾ, ശൈവം, ശാസ്ത്രം, ആഗമംമുതലായവയുംവഴി തെറ്റിക്കുന്നതാണ്.

वेदशास्त्र पुराणानि इतिहासादिकानि च ।

मंत्र, यंत्रादि विद्याश्च स्मृति रुच्चाट नादिकम् ॥

शैव शाक्ता गमादीनि अन्यानि विविधानि च ।

अपभ्रंश कराणीह जीवनां भ्रान्त चेतसाम् ॥

vedaśāstra purāṇāni itihāsādikāni ca I

maṃtra, yaṃtrādi vidyāśca smṛti ruccāṭa nādikam II

śaiva śāktā gamādīni anyāni vividhāni ca I

apabhraṃśa karāṇīha jīvanāṃ bhrānta cetasām II

8. ഗുരു തത്വത്തെഅറിയാതെ പ്രപഞ്ച മായയുടെ മോഹന വലയത്തിലും, ദൈവികമായഅറിവില്ലുള്ള അജ്ഞതയിലും ജീവിക്കുന്ന സാധാരണക്കാരനായ മനുഷ്യൻ ദൈവപൂജക്കായി ചെയ്യുന്ന യജ്ഞം, ദാനം, തപസ്സ്, ധ്യാനം,തീർഥാടനം, വ്രതംതുടങ്ങി അവർചെയ്യുന്ന എല്ലാ മേൽപ്പറഞ്ഞ തരം പ്രവർത്തികളും ഫലം ഇല്ലാത്തത് ആകും.
അവർഅന്ധവിശ്വാസത്തിൻറെഉപാസകരായിതുടരും.

यज्ञोव्रतं तपोदानं जपस्तीर्थं तथैव च ।

गुरुतत्वमविज्ञाय मूढास्ते चरते जनाः ॥

yajñovrataṃ tapodānaṃ japastīrthaṃ tathaiva ca I

gurutatvamavijñāya mūḍhāste carate janāḥ II

9. അഭിവന്ദ്യനായ ഗുരുവിനെക്കുറിച്ച്, ഗുരുതത്വത്തെക്കുറിച്ച് ഉള്ളഅറിവ്മൂലം ആത്മനിൽ (മനുഷ്യശരീരത്തിൻറെകേന്ദ്ര ഭാഗത്ത് വസിക്കുന്ന വ്യക്തിഗത ആത്മാവ്) നിന്നുംവേറിട്ട് ഒന്നും തന്നെയില്ല എന്ന ശാശ്വത സത്യംഒരുവന് വെളിപ്പെടുന്നു. ആയതിനാൽദേവി പാർവതി , മനുഷ്യനിലെജ്ഞാനികൾ

ആയിട്ടുള്ള ആൾക്കാർ ഗുരുതത്വത്തെ അറിയാൻ നിരന്തരം പരിശ്രമിക്കുന്നു.

गुरुबुध्यात्मनो नान्यत् सत्यं सत्यं न संशयः ।

तल्लाभार्थं प्रयत्नस्तु कर्तव्यो हि मनीषिभिः ॥

gurubudhyātmano nānyat satyaṃ satyaṃ na saṃśayaḥ I

tallābhārthaṃ prayatnastu kartavyo hi manīṣibhiḥ II

10. മനുഷ്യൻറെ ഉള്ളിൽദൈവികതയെക്കുറിച്ച്, ദൈവികസ്വഭാവത്തെ ക്കുറിച്ചുള്ള അജ്ഞത എങ്ങിനെ വികസിക്കുന്നു? രഹസ്യശാസ്ത്രം എന്നാൽ എന്താണ്? മനുഷ്യൻഅനുഭവിക്കുന്ന ഈ പ്രപഞ്ച സൃഷ്ടിക്കുകാരണമായപ്രപഞ്ചമായയുടെ രഹസ്യംഎന്താണ് ? ഈആഴത്തിലുള്ള രഹസ്യങ്ങൾഅറിയുവാൻ ഗുരുതത്വം അറിയുക നിർബന്ധമാണ് (ഇവിടെയാണ്ഒരു ഗുരുവിൻറെപ്രാധാന്യവും ഗുരുതത്വത്തെക്കുറിച്ചുള്ളഅറിവുംഎടുത്ത് പറയേണ്ടത്).

गूढविद्या जगन्माया देहेचाज्ञान संभवा ।

उदयः यत् प्रकाशेन गुरु शब्देन कथ्यते ॥

gūḍhavidyā jaganmāyā dehecājñāna saṃbhavā I

udayaḥ yat prakāśena guru śabdena kathyate II

11. ഏതൊരുവൻഅഭിവന്ദ്യനായഗുരുവിൻറെ പാദപൂജ ചെയ്യുന്നുവോ അവൻ ഈജനന ,മരണ (ഒരുജന്മത്തിൽനിന്നും മരണശേഷം മോക്ഷം നേടാതെമറ്റൊരു ജന്മത്തിലേക്ക് പുനർജനിക്കുന്ന) ബന്ധനത്തിൽനിന്നും സ്വതന്ത്രനാക്കപ്പെടുന്നു. ദേവിയുടെഅപേക്ഷ മാനിച്ച് ഞാൻആ രഹസ്യം വെളിപ്പെടുത്താം.

सर्वपाप विशुद्धात्मा श्रीगुरो पादसेवनात् ।

देही ब्रह्म भवेद्यस्मात् त्वत् कृपार्धं वदामि ते ॥

sarvapāpa viśuddhātmā śrīguro pādasevanāt I

dehī brahma bhavedyasmāt tvat kṛpārdhaṃ vadāmi te II

12. അഭിവന്ദ്യനായഗുരുവിൻറെ പാദപൂജചെയ്ത ശേഷം ഗുരുപാദം ശുദ്ധി വരുത്തുവാൻ ഉപയോഗിച്ച ജലം (അമൃതിനുതുല്യം) ശിരസ്സിൽതളിച്ചാൽ ഭൂമിയിലെ എല്ലാ പുണ്യ നദികളിലും സ്നാനം ചെയ്യുന്നതിന് തുല്യമായ പുണ്യം ലഭിക്കും.

गुरुपादांबुजं स्मृत्वा जलं सिरसि धारयेत् ।

सर्वतीर्थावगाहस्य संप्राप्नोति फलं नरः ॥

gurupādāṃbujaṃ smṛtvā jalaṃ sirasi dhārayet I

sarvatīrdhāvagāhasya saṃprāpnoti phalaṃ naraḥ II

13. അഭിവന്ദ്യഗുരുവിൻറെപാദസ്പർശനത്താൽ വിശുദ്ധമാക്കപ്പെട്ട ജലംഒരു മനുഷ്യനെ ജനന മരണ ബന്ധനത്തിൻറെസമുദ്രം കടക്കുവാൻസഹായിക്കുന്നതിന് പര്യാപ്തമാണ്. തന്നിൽഅറിഞ്ഞു കൂടിയ പാപത്തിൻറെഅഴുക്ക് കഴുകുവാനുംഅവനിലെ ആത്മജ്ഞാനത്തിൻറെ അഗ്നിയെജ്വലിപ്പിക്കുവാനും ഇത്ശക്തമാണ്.

शोषणं पापपंकस्य, दीपनं ज्ञान तेजसाम् ।

गुरु पादोदकं सम्यक् संसारार्णव तारकम् ॥

śoṣaṇaṃ pāpapaṃkasya, dīpanaṃ jñāna tejasām I

guru pādodakaṃ samyak saṃsārārṇava tārakam II

14. ഗുരുപാദംകഴുകിയ ജലം ഒരുവൻ

പാനംചെയ്യുന്നതിലൂടെഅവന്അജ്ഞാനം വേരോടെ പിഴുതെറിയുവാനും കർമ്മത്തിൻറെ ബന്ധനത്തിൽനിന്നും (ജനന മരണ) മോചിതനാകുവാനും, ജ്ഞാനംനേടുവാനും, ആത്മ ശാന്തി കൈവരിക്കുവാനുംകഴിയുന്നു.

अज्ञान मूलहरणं, जन्मकर्म निवारणम् I

ज्ञानवैराग्य सिद्ध्यर्थं गुरुपादोदकं पिबेत् II

ajñāna mūlaharaṇaṃ, janmakarma nivāraṇam I

jñānavairāgya siddhyarthaṃ gurupādodakaṃ pibet II

15. ഗുരുപാദംകഴുകിയ ജലം പാനം ചെയ്യുന്നതും , ഗുരുഭക്ഷിച്ച ശേഷം അവശേഷിച്ചഭക്ഷണം പ്രസാദമായി സ്വീകരിക്കുന്നതും, ഗുരുവിനെധ്യാനിക്കുന്നതും ,ഗുരുവാൽനൽകപ്പെട്ട മന്ത്രം ജപിക്കുന്നതുംഒരു ശിഷ്യൻറെ പവിത്രമായകടമകൾ ആകുന്നു.

गुरोः पादोदकं पीत्वा, गुर॑॑रुच्छिष्ट भोजनम् I

गुरु मूर्तेः स्सदा ध्यानं गुरुमंत्रं सदा जपेत् II

guroḥ pādodakaṃ pītvā, gura॑॑rucchiṣṭa bhojanam I

guru mūrteḥ ssadā dhyānaṃ gurumaṃtraṃ sadā japet II

16. അഭിവന്ദ്യനായഗുരുവിൻറെ വസതി (ആശ്രമം) പരമപവിത്രമായ കാശിക്കു (ഭാരതത്തിലെവാരണാസിയിൽ സ്ഥിതി ചെയ്യുന്നു) തുല്യമാണ്. ഗുരുവിൻറെ പാദസ്പർശം ഏറ്റജലം പരമപവിത്രമായ ഗംഗാജലത്തിന്നുതുല്യവും. ഗുരുപ്രപഞ്ച കർത്താവാണ് (വിശ്വനാഥൻ). ഗുരുമോക്ഷത്തിനായുള്ള മന്ത്രം നൽകുന്ന അതി ശ്രേഷ്ഠനായനായ ബ്രാഹ്മണൻആകുന്നു (താരകമന്ത്രം).

काशीक्षेत्रं तन्निवासो, जाह्नवी चरणोदकम् ।
गुरोः विश्वेश्वरः साक्षात् तारकं ब्रह्मनिश्चितम् ॥

kāśīkṣetraṃ tannivāso, jāhnavī caraṇodakam I
guroḥ viśveśvaraḥ sākṣāt tārakaṃ brahmaniścitam II

17. അഭിവന്ദ്യഗുരുവിന്പ്രണാമം. ഗുരുവിൻറെ പാദം കഴുകിയ ജലം ഗയയിലെ (ആധുനികഭാരതത്തിലെ ഒരു നഗരം) പുണ്യഉറവക്ക് തുല്യവും
.അഭിവന്ദ്യഗുരുവിന്പ്രണാമം. ഗുരുവാസ്തവത്തിൽ സമ്പുഷ്ടമായ അക്ഷയപാത്രം (അക്ഷയപാത്രം - ഒരാൾഅയാളുടെആഗ്രഹത്തിനനുസരിച്ച്ഉള്ളഭക്ഷണവസ്തുക്കൾഎപ്പോൾ ആവശ്യപ്പെട്ടാലുംനൽകുന്നദൈവികപാത്രം) പോലെയും. അഭിവന്ദ്യഗുരുവിന്പ്രണാമം. ഗുരുവാസ്തവത്തിൽ പ്രയാഗിലെ (പുണ്യനദിയായ ഗംഗ ഒഴുകുന്ന ആധുനിക ഭാരതത്തിലെ അലഹബാദ് അഥവാ പ്രയാഗ്രാജ്നഗരം) പരമപവിത്രമായഉറവകളുടെ രാജാവാകുന്നു.

गुरोः पादोदकं यत्तु गयाऽसौ सौऽक्षयोवटः ।
तीर्थराज प्रयागश्च, गुरुमूर्ते नमो नमः ॥

guroḥ pādodakaṃ yattu gayā'sau sau'kṣayovaṭaḥ I
tīrtharāja prayāgaśca, gurumūrte namo namaḥ II

18. അഭിവന്ദ്യഗുരുവിൻറെപേരുചൊല്ലി രൂപത്തെ എപ്പോഴും ധ്യാനിച്ചുകൊണ്ടിരിക്കണം. കൂടാതെഗുരുവിൻറെ നിർദ്ദേശങ്ങൾ എപ്പോഴും പാലിക്കുകയും, നടപ്പാക്കുകയുംവേണം .തൻറെ അഭിവന്ദ്യഗുരുവിനേക്കാൾ വലുതായി മറ്റൊന്നും തന്നെയില്ല എന്നത് എപ്പോഴുംഓർത്തുകൊണ്ട്,

ഗുരുവിനെആരാധിച്ചുകൊണ്ട് തലകുമ്പിട്ട് വന്ദനംചെയ്യണം.

गुरुमूर्तिं स्मरेन्नित्यं गुरुनामं सदा जपेत् I

गुरोराज्ञं प्रकुर्वीत, गुरोरन्यन्न भावयेत् II

gurumūrtiṃ smarennityaṃ gurunāmaṃ sadā japet I

gurorājñaṃ prakurvīta, guroranyanna bhāvayet II

19. ഗുരുമുഖത്തിരിക്കുന്നതായബ്രഹ്മത്തെ ഗുരുപ്രസാദത്താൽ നേടുക. പതിവ്രതയായ, സദ്ഗുണ സമ്പന്നയായസ്ത്രീ തൻറെ ഭർത്താവിനെമാത്രം ഓർത്തിരിക്കുന്നതുപോലെ ശിഷ്യന്മാർഎപ്പോഴും ഗുരുവിനെആരാധിക്കുകയും ഗുരുരൂപത്തെ ധ്യാനിക്കുകയും വേണം.

गुरुवक्त्र स्थितं ब्रह्म, प्राप्यते त्रत्पसादतः I

गुरोध्यानं सदाकुर्यात् कुलस्त्री स्वपतेर्यथा II

guruvaktra sthitaṃ brahma, prāpyate tratpasādataḥ I

gurodhyānaṃ sadākuryāt kulastrī svapateryathā II

20. നിലവിൽനയിക്കുന്ന ജീവിതവും അതിലെ ബന്ധങ്ങളും , ബന്ധനങ്ങളും , കുടുംബം, ജാതി, പ്രശസ്തി, സമ്പത്ത് (ഇവയൊന്നുംഗുരുവിനെധ്യാനിക്കുമ്പോൾ ചിന്തയിൽ വരാതെ) തുടങ്ങിയവയുംപൂർണ്ണമായി ഒഴിവാക്കി അഭിവന്ദ്യ ഗുരുവിൽ പൂർണ്ണ അഭയം തേടണം.

स्वाश्रमं च स्वजातिं च स्वकीर्तिं पुष्ठिवर्धनम् I

एतत्सर्वं परित्यज्य गुरोरन्यन्न भावयेत् II

svāśramaṃ ca svajātiṃ ca svakīrtiṃ puṣṭhivardhanam I

etatsarvaṃ parityajya guroranyanna bhāvayet II

21. ഗുരുവിനെപരമ ഭക്തിയോടെ ആരാധിക്കുന്നതിൻറെഫലമായി പരമമായബ്രഹ്മത്തെക്കുറിച്ചുള്ള അറിവ്എളുപ്പത്തിൽലഭിക്കുന്നു. അതുകൊണ്ട്ഇപ്പോഴും ഗുരുവിനെ ഭക്തിയോടെ ആരാധിക്കുക.

अनन्याश्चिन्तयन्तोमां, सुलभं परमं पदम् I

तस्मात् सर्व प्रयत्नेन, गुरोराराधनं कुरु II

ananyāścintayantomāṃ, sulabhaṃ paramaṃ padam I

tasmāt sarva prayatnena, gurorārādhanaṃ kuru II

22. എല്ലാശാസ്ത്രങ്ങളിലും ഉള്ള അറിവ് ബഹുമാന്യനായ ഗുരുവിൻറെകൃപയാൽ മാത്രമേ ലഭിക്കുകയുള്ളൂ എന്നത്ത്രിലോകങ്ങളിലും ഉള്ള ദേവർഷികൾ, പിതൃക്കൾ, മനുഷ്യരാശി മുതലായവരാൽ പരാമർശിക്കപ്പെട്ടിട്ടുള്ളതാകുന്നു.

त्रैलोक्ये स्फुटवक्तारो, देवाद्यासुर पन्नगाः I

गुरुवक्त्र स्थिता विद्या गुरु भक्त्यातु लभ्यते II

trailokye sphuṭavaktāro, devādyāsura pannagāḥ I

guruvaktra sthitā vidyā guru bhaktyātu labhyate II

23. പവിത്രമായഗുരു എന്ന വാക്കിലെ “ ഗു ” എന്നശബ്ദം അന്ധകാരം അല്ലെങ്കിൽ അജ്ഞതയുടെ പ്രതീകം ആകുന്നു.” രു“ എന്നത്തേജസ് അല്ലെങ്കിൽ അറിവിനെ സൂചിപ്പിക്കുന്നു. ഗുരുഎന്നാ വാക്ക് അജ്ഞതയുടെഅന്ധകാരത്തെനീക്കി അറിവിൻറെ തിരി കൊളുത്താൻ പര്യാപ്തമാണ്.

गुकार स्त्वन्थकाराश्च रुकारस्तेज उच्यते I

अज्ञान ग्रासकं ब्रह्म, गुरुरेव न संशयः II

gukāra stvanthakārāśca rukārasteja ucyate I
ajñāna grāsakaṃ brahma, gurureva na saṃśayaḥ II

24. പവിത്രമായഗുരു എന്ന വാക്കിലെ " ഗു" എന്നശബ്ദം പ്രാപഞ്ചികമായുള്ളഅജ്ഞതയുടെ അന്ധകാരവും " രു" എന്നശബ്ദം (വെളിച്ചം, അറിവ്) പ്രാപഞ്ചികമായയുടെ തകർച്ചയും ആകുന്നു.

गुकारः प्रथमोवर्णो मायादि गुणभासकः I
रुकारो द्वितीयोब्रह्म, मायाभ्रांति विनाशकः II
gukāraḥ prathamovarṇo māyādi guṇabhāsakaḥ I
rukāro dvitīyobrahma, māyābhrāṃti vināśakaḥ II

25. ഗുരുതന്നെയാണ് ബ്രഹ്മം . ദേവഗണങ്ങൽക്കുപോലുംദുർലഭമായഗുരുപദം ശ്രേഷ്ഠംആകുന്നു. ഹ, ഹാ, ഹു, ഹൂ തുടങ്ങിയഗന്ധർവഗണങ്ങലാൽ പോലുംപൂജിക്കപ്പെടേണ്ടതാകുന്നു.

एवं गुरु पदं श्रेष्टं, देवानामपि दुर्लभम् I
हाहा हूहू गणश्चैव, गंधर्वैश्च प्रपूज्यते II
evaṃ guru padaṃ śreṣṭaṃ, devānāmapi durlabham I
hāhā hūhū gaṇaścaiva, gaṃdharvaiśca prapūjyate II

26-27. ഗുരുവിനേക്കാൾവലുതായി മറ്റൊന്നും ഇല്ല എന്നത് വളരെ വ്യക്തവും സ്പഷ്ടവും ആണ്.ആയതിനാൽശ്രേഷ്ടനായ ഗുരുവിൻറെസേവ ചെയ്യുവാനായി ഉത്തമ ശിഷ്യർ അദ്ദേഹത്തിൻറെ ഇരിപ്പിടം, കിടക്ക, ആടയാഭരണങ്ങൾ, വാഹനം, പ്രിയപ്പെട്ടഭക്ഷണം തുടങ്ങിയവ ഒരുക്കേണ്ടതും ആകുന്നു.

എന്തെന്നാൽഗുരു മാത്രമാണ് ശാശ്വതമായ സത്യം . മറ്റെല്ലാംക്ഷണികവും , നശ്വരവുംആകുന്നു. (കാലത്തിനും, സമയത്തിനുംഅനുസരിച്ച്)

ध्रुवं तेषांच सर्वेषां नास्ति तत्त्वं गुरोः परम् ।

आसनं शयनं वस्त्रं, भूषणं वाहनादिकम् ॥

साधकेन प्रदातव्यं, गुरु संतोषकारकम् ।

गुरोराराधनं कार्यं, स्वजीवित्वं निवेदयेत् ॥

dhruvaṃ teṣāṃca sarveṣāṃ nāsti tattvaṃ guroḥ param I

āsanaṃ śayanaṃ vastraṃ, bhūṣaṇaṃ vāhanādikam II

sādhakena pradātavyaṃ, guru saṃtoṣakārakam I

gurorārādhanaṃ kāryaṃ, svajīvitvaṃ nivedayet II

28. ഒരുവൻഗുരുവിനെ കളങ്ക രഹിതമായ മനസോടെ, ശുദ്ധമായശരീരത്തോടെയും, ബുദ്ധിയോടെയും, സംശയമേതുമില്ലാതെ, അഹങ്കാരംഇല്ലാതെ ആരാധിക്കണം. ഗുരുസന്നിധിയിൽഗുരുവിനു മുൻപിൽ ലജ്ജയേതും ഇല്ലാതെ സാഷ്ടാംഗപ്രണാമം ചെയ്യണം.

कर्मणामनसावाचा नित्यं आराधयेत् गुरुम् ।

दीर्घदंडं नमस्कृत्य, निर्लज्जो गुरुसन्निधौ ॥

karmaṇāmanasāvācā nityaṃ ārādhayet gurum I

dīrghadaṃḍaṃ namaskṛtya, nirlajjo gurusannidhau II

29. ഒരുവൻതൻറെശരീരത്തെയും , ഇന്ദ്രിയത്തെയും, പ്രാണനെയും, അർത്ഥത്തെയും, കുടുംബത്തെയും, പതിയെയും, അടക്കംഎല്ലാം ഗുരുവിൻറെസേവനത്തിനായി സമർപ്പിക്കേണം.

शरीरमिंद्रियं प्राणं, सद्गुरुभ्यो निवेदयेत् ।

आत्मदारादिकं सर्वं, सद्गुरुभ्यो निवेदयेत् ॥

śarīramiṃdriyaṃ prāṇaṃ, sadgurubhyo nivedayet I

ātmadārādikaṃ sarvaṃ, sadgurubhyo nivedayet II

30. മനുഷ്യശരീരം അനേകം കോടി കൃമികൾ നിറഞ്ഞതാകുന്നു. അത്ഏറെ ദുർഗന്ധം നിറഞ്ഞതും , മലമൂത്രത്താൽനിറയപ്പെട്ടതുമാകുന്നു. കൊഴുപ്പ്, രക്തം, തൊലി,മാംസംമുതലായവയാൽ ചുറ്റപ്പെട്ടതുമാകുന്നു. ആയതിനാൽഒരുവൻ ശരീരത്തോടുള്ള അടുപ്പം ഉപേക്ഷിക്കണം.

कृमिकीट भस्मविष्ठा, दुर्गंधी मलमूत्रकम् ।

श्लेष्म रक्तं त्वचा मांसं, वांछयेन्न वरानने ॥

kṛmikīṭa bhasmaviṣṭhā, durgaṃdhī malamūtrakam I

śleṣma raktaṃ tvacā māṃsaṃ, vāṃchayenna varānane II

31. പരമഗുരുവിന് പ്രണാമം, പ്രപഞ്ചമായയിൽ മയങ്ങി മായയാൽ സൃഷ്ടിക്കപ്പെട്ട കുടുംബം എന്ന വൃക്ഷത്തിൽ വസിക്കുന്ന സകലരും അജ്ഞതയുടെ സമുദ്രത്തിൽ വീഴുന്നു. അജ്ഞാനത്തിൻറെസമുദ്രത്തിൽ വീഴുന്ന സകലരെയും രക്ഷിക്കുന്ന അഭിവന്ദ്യഗുരുവിന്പ്രണാമം.

संसार वृक्षमारूढाः, पतन्तोनरकार्णवे ।

येन चैवोद्धृताः सर्वे, तस्मैश्री गुरवे नमः ॥

saṃsāra vṛkṣamārūḍhāḥ, patantonarakārṇave I

yena caivoddhṛtāḥ sarve, tasmaiśrī gurave namaḥ II

32. ഗുരുവാകുന്നു ബ്രഹ്മാവ്, സൃഷ്ടികർത്താവ്. ഗുരു വിഷ്ണുവാകുന്നു, സ്ഥിതിയുടെ ദേവൻ . ഗുരു മഹേശ്വരൻ ആകുന്നു, സംഹാരമൂർത്തി. ആകയാൽ അങ്ങനെയുള്ള അഭിവന്ദ്യ ഗുരുവിന് പ്രണാമം.

गुरुर्ब्रह्म गुरुर्विष्णु गुरुर्देवो महेश्वरः ।

गुरुस्साक्षात् परंब्रह्म, तस्मैश्री गुरवे नमः ॥

gururbrahma gururviṣṇu gururdevo maheśvaraḥ I

gurussākṣāt paraṃbrahma, tasmaiśrī gurave namaḥ II

33. അഭിവന്ദ്യ ഗുരുവിന് പ്രണാമം. അദ്ദേഹം ഈലൌകികലോകത്തിൻറെ അസ്ഥിത്വരഹസ്യങ്ങൾ വിശദീകരിക്കുന്നു. ഈ സംസാര സാഗരം കടക്കുവാൻ തൻറെ ശിഷ്യനെ പ്രാപ്തനാക്കുന്ന പാലമായി അദ്ദേഹം വർത്തിക്കുന്നു. എല്ലാ അറിവുകളും തൻറെ ശിഷ്യന്മാർക്ക് പകർന്നു കൊടുക്കുന്ന അദ്ദേഹം അഭിവന്ദ്യ പിതാവാകുന്നു. ഗുരു നിശ്ചയമായും പരബ്രഹ്മത്തിൻറെയും , ഭഗവാൻ പരമശിവൻറെയും പുനർജന്മമാകുന്നു.

हेतवे जगतामेव, संसारार्णव सेतवे ।

प्रभवे सर्व विद्यानां, शंभवे गुरवे नमः ॥

hetave jagatāmeva, saṃsārārṇava setave I

prabhave sarva vidyānāṃ, śaṃbhave gurave namaḥ II

34. അജ്ഞാനത്തിൻറെ തിമിരം ബാധിച്ച് അന്ധരായവരുടെ കണ്ണുകളിൽ ജ്ഞാനത്തിൻറെ അഞ്ജനം എഴുതി അവരുടെ കണ്ണുകളെ തെളിയിക്കുന്ന ശ്രീ ഗുരുദേവനെ നമസ്കരിക്കുന്നു.

अज्ञान तिमिरान्धस्य ज्ञानांजन शलाकया ।

चक्षुरुन्मीलितं येन, तस्मै श्री गुरवे नमः ॥

ajñāna timirāndhasya jñānāṃjana śalākayā I

cakṣurunmīlitaṃ yena, tasmai śrī gurave namaḥ II

35. അഭിവന്ദ്യ ഗുരുവിന് പ്രണാമം. അവിടുന്ന് തന്നെ മാതാവും പിതാവും . അവിടുന്നു തന്നെ എൻറെ

പ്രിയപ്പെട്ട ദേവനും, ദേവതയും, ബന്ധുവും. പ്രപഞ്ച മായയുടെ പിടിയിൽ നിന്നും മോചനത്തിനുള്ള അറിവ് പകർന്നു നൽകുന്ന അഭിവന്ദ്യ ഗുരുവിന് പ്രണാമം.

त्वं पिता त्वंचमे माता, त्वं बंधुस्त्वं च देवता ।

संसार प्रतिबोधार्थं, तस्मैश्री गुरवे नमः ॥

tvaṃ pitā tvaṃcame mātā, tvaṃ baṃdhustvaṃ ca devatā I

saṃsāra pratibodhārthaṃ, tasmaiśrī gurave namaḥ II

36. ആരുടെ കൃപയാൽ ഈ ലോകം നിലനിൽക്കുന്നുവോ, ലോകം അതിൻറെ നിലനിൽപ്പ് ആസ്വദിക്കുന്നുവോ ആ ഗുരുവിന് എൻറെ പ്രണാമം.

यत्सत्येन जगत् सत्यं, यत् प्रकाशेन भाति तत् ।

यदानन्देन नन्दन्ति, तस्मैश्री गुरवे नमः ॥

yatsatyena jagat satyaṃ, yat prakāśena bhāti tat I

yadānandena nandanti, tasmaiśrī gurave namaḥ II

37. സൂര്യൻ (അനുകമ്പയും, സ്നേഹവും കൊണ്ട്) സ്വയം പ്രകാശിച്ച് പ്രകൃതിയെ വെളിച്ചത്താൽ പ്രഭാ പൂരിതമാക്കി അനുഗ്രഹിക്കുന്നതുപോലെ മനുഷ്യരാശിക്കുമേൽ ലോകത്തെ പൂർണ്ണമായി മനസ്സിലാകാനുള്ള അറിവിൻറെ വെളിച്ചം പകരുന്ന സൂര്യനാണ് ഗുരു.
(മനുഷ്യൻഅവൻറെ കുഞ്ഞുങ്ങളോട് സ്നേഹം പ്രകടിപ്പിക്കുന്നത് അവൻറെ ഉള്ളിലുള്ള ദൈവികത്വം മൂലമാണ്)

यस्यस्थित्या सत्यमिदं, यद् भति भानुरूपतः ।

प्रियं पुत्रादि यत् प्रीत्या, तस्मैश्री गुरवे नमः ॥

yasyasthityā satyamidaṃ, yad bhati bhānurūpataḥ I

priyaṃ putrādi yat prītyā, tasmaiśrī gurave namaḥ II

38. ആരുമൂലം ഈ ലോകത്തിൻറെ നിലനിൽപ്പും, മനുഷ്യ മനസ്സും ചലനാത്മകവും, മാറിക്കൊണ്ടിരിക്കുന്നതുമാകുന്നുവോ ആ ഗുരുവിന് എൻറെ പ്രണാമം. ആരുമൂലം മനുഷ്യന് സ്വപ്നം, നിദ്ര, ബോധം എന്നീ മൂന്ന് അവസ്ഥകളിൽക്കൂടി കടന്നുപോകുവാൻ കഴിയുന്നുവോ ആ ഗുരുവിന്എൻറെ പ്രണാമം.

येन चेतयिते ह्दिं, चित्तं चेतयते न यम् I

जाग्रत् स्वप्न सुषुस्यादि, तस्मैश्री गुरवे नमः II

yena cetayite hidaṃ, cittaṃ cetayate na yam I

jāgrat svapna suṣuptyādi, tasmaiśrī gurave namaḥ II

39. ആരുടെ ശിക്ഷണത്താൽ ആണോ (ആത്മ ജ്ഞാനം നേടിയ ശേഷം) ഈ ലോകത്തിൻറെ അസ്ഥിത്വം മനസ്സിലാക്കുവാൻ മനുഷ്യന് കഴിഞ്ഞത് , ആരുടെ ശിക്ഷണത്താൽ ആണോ പരബ്രഹ്മവും താനും രണ്ടല്ല ഒന്നാണെന്ന് മനസ്സിലാക്കുവാൻ കഴിഞ്ഞത് ആ ഗുരുവിന് പ്രണാമം.

यस्य ज्ञानादिदं विश्वं न दृश्यं भिन्न भेदतः I

सदेक रूप रूपाय, तस्मैश्री गुरवे नमः II

yasya jñānādidaṃ viśvaṃ na dṛśyaṃ bhinna bhedataḥ I

sadeka rūpa rūpāya, tasmaiśrī gurave namaḥ II

40. ആരുടെ പവിത്രമായ ശിക്ഷണത്താലാണോ ഈ പ്രപഞ്ച സൃഷ്ടിയോടുള്ള വിവേക പൂർണ്ണമായ മനോഭാവം ഒരുവനിൽ സൃഷ്ടിക്കപ്പെടുന്നത് അതിൻറെ ഫലമായി

പരബ്രഹ്മവും (പ്രകൃതിയും) താനും രണ്ടല്ല ഒന്നാണെന്ന് മനസ്സിലാക്കുവാൻ കഴിയുന്നത് ആ ഗുരുവിന് പ്രണാമം.

यस्यामतं तस्यमतं, मतं यस्य न वेदं सः ।

अनन्य भाव भावाय, तस्मैश्री गुरवे नमः ॥

yasyāmataṃ tasyamataṃ, mataṃ yasya na vedaṃ saḥ I

ananya bhāva bhāvāya, tasmaiśrī gurave namaḥ II

41. ഈ പ്രപഞ്ചത്തിൻറെ പ്രത്യക്ഷപ്പെടലിന്, പ്രപഞ്ചത്തിൻറെ തെളിച്ചത്തിനുകാരണമായതേജസ്സിന് കാരണഭൂതനായ പരമ ഗുരുവിന് എൻറെ പ്രണാമം.

यस्य कारणरूपस्य, कार्यरूपेण भातियत् ।

कार्यकारण रूपाय, तस्मैश्री गुरवे नमः ॥

yasya kāraṇarūpasya, kāryarūpeṇa bhātiyat I

kāryakāraṇa rūpāya, tasmaiśrī gurave namaḥ II

42. ഈ പ്രപഞ്ചത്തിൻറെ   പ്രത്യക്ഷപ്പെടലിന്, പ്രപഞ്ചത്തിൻറെ തെളിച്ചത്തിനുകാരണമായ തേജസ്സിന് കാരണഭൂതനായ പരമ ഗുരുവിന് എൻറെ പ്രണാമം. ആരാണോ പരബ്രഹ്മ പൊരുളും, മനുഷ്യന് രണ്ടായി തോന്നുമെങ്കിലും അത് രണ്ടല്ല ഒന്നാണെന്ന പൂർണ്ണമായ അറിവ് പകർന്നു തന്നത് ആ ഗുരുവിന് എൻറെ പ്രണാമം. (ഈ പ്രപഞ്ചത്തിലുള്ള എല്ലാത്തിലും അവ രണ്ടായി തോന്നുമെങ്കിലും ഏകത അന്തർലീനമായിരിക്കുന്നു)

नानारूप मिदं सर्वं न केनाप्यस्ति भिन्नता ।

कार्यकारणता चैव तस्मैश्री गुरवे नमः ॥

nānārūpa midaṃ sarvaṃ na kenāpyasti bhinnatā I

kāryakāraṇatā caiva tasmaiśrī gurave namaḥ II

43. ആരുടെ രണ്ട് താമരപ്പൂവുകൾ പോലെയുള്ള പാദങ്ങളാൽ ദ്വൈത സങ്കൽപ്പത്തെ അപ്രത്യക്ഷമാക്കുവാൻ കഴിയുന്നുവോ ആ പരമഗുരുവിന് പ്രണാമം.

यदंघ्रि कमल द्वंद्वं, द्वन्द्वताप निवारकम् I

तारकं सर्वदाऽऽपद्भ्यः श्रीगुरुं प्रणमाम्यहम् II

yadaṃghri kamala dvaṃdvaṃ, dvandvatāpa nivārakam I

tārakaṃ sarvadā''padbhyaḥ śrīguruṃ praṇamāmyaham II

44. ഒരു ഗുരുവിന് തൻ്റെ ശിഷ്യനെ ഭഗവാൻ പരമശിവൻ്റെ (സംഹാര മൂർത്തി) കോപത്തിൽ നിന്ന് പോലും രക്ഷിക്കുവാൻ കഴിയും . എന്നാൽ ഗുരുകൊപത്തിൽനിന്നും ശിഷ്യനെ രക്ഷിക്കുവാൻ ഭഗവാൻ പരമശിവനുപോലും സാധ്യമല്ല. ആയതിനാൽ എല്ലാ ശക്തിയും ഉപയോഗിച്ച് ആ ഗുരുവിൽ അഭയം തേടുക.

शिवे कृद्धे गुरुस्त्राता गुरौ कृद्धे शिवो न हि I

तस्मात् सर्वप्रयत्नेन श्रीगुरुं शरणं व्रजेत् II

śive kṛddhe gurustrātā gurau kṛddhe śivo na hi I

tasmāt sarvaprayatnena śrīguruṃ śaraṇaṃ vrajet II

45. വെള്ളയും, ചുവപ്പും നിറങ്ങളാൽ വ്യത്യസ്തമായിട്ടുള്ള, ശിവനായും, ശക്തിയായും തിളങ്ങുന്ന സംസാരത്തിൻ്റെയും, മനസ്സിൻ്റെയും, ബുദ്ധിയുടെയും, ശക്തി വെളിവാക്കുന്ന ഗുരുവിൻ്റെ പാദാരവിന്ദങ്ങളിൽ

പ്രണാമം.

वंदे गुरुपद द्वंद्वं वाङ्मनश्चित्त गोचरम् ।

श्वेत रक्तप्रभा भिन्नं, शिवशक्त्यात्मकं परम् ॥

vaṃde gurupada dvaṃdvaṃ vāṅmanaścitta gocaram I

śveta raktaprabhā bhinnaṃ, śivaśaktyātmakaṃ param II

46. ഗുരു എന്ന രണ്ടക്ഷരമുള്ള വാക്കിലെ" ഗു" എന്ന ശബ്ദം മൂന്നു ഗുണങ്ങൾക്കും (ജഡത്വം, ചലനാത്മകത, ഐക്യം) അപ്പുറമാകുന്നു. " രു " എന്ന ശബ്ദം രൂപരഹിതവും . അങ്ങനെ ഗുണാതീതത്തിനെയും, അരൂപത്തിനെയും ആര് തരുന്നുവോ അത് ഗുരു എന്ന് അറിയപ്പെടുന്നു.

गुकारं च गुणातीतं, रुकारं रूप वर्जितं ।

गुणातीत स्वरूपं च, यो दध्यात् स गुरुः स्मृतः ॥

gukāraṃ ca guṇātītaṃ, rukāraṃ rūpa varjitaṃ I

guṇātīta svarūpaṃ ca, yo dadhyāt sa guruḥ smṛtaḥ II

47. ഓ പാർവതി, വാസ്തവത്തിൽ അഭിവന്ദ്യനായ ഗുരു തന്നെ, മൂന്നു നേത്രങ്ങൾ ഇല്ലാതെഭഗവാൻ ശിവനും, എല്ലാത്തിനും സാക്ഷിയും; നാല് കരങ്ങൾ ഇല്ലാതെ ഭഗവാൻ വിഷ്ണുവും, നാല് മുഖങ്ങൾ ഇല്ലാതെ ഭഗവാൻ ബ്രഹ്മാവും. ആയതിനാൽ അഭിവന്ദ്യനായ ഗുരു തന്നെ ത്രിമൂർത്തിയും (ബ്രഹ്മാ, വിഷ്ണു, മഹേശ്വരന്മാർ).

अ - त्रिनेत्र सर्वसाक्षी - अ – चतुर्भाहुरच्युतः ।

अ - चतुर्वदनो ब्रह्म, श्री गुरु कथित प्रिये ॥

a - trinetra sarvasākṣī - a – caturbhāhuracyutaḥ I

a - caturvadano brahma, śrī guru kathita priye II

48. ഓരോരുത്തരും അവരവരുടെ സമ്പൂർണ്ണ പുരോഗതിക്കായി ഇരു കൈകളും കൂപ്പി ഗുരുവിനെ പ്രണമിക്കണം. ജനന മരണത്തിൻറെ ബന്ധനത്തിൽ നിന്ന് ഗുരുവിൻറെ അനുഗ്രഹത്താൽ മോക്ഷം പ്രാപിക്കാം.

अयं मयांजलिर्बद्धो, दया सागरवृद्धये ।

यदनुग्रहतो जन्तुश्चित्र संसार मुक्तिभाक् ॥

ayaṃ mayāṃjalirbaddho, dayā sāgaravṛddhaye I

yadanugrahato jantuścitra saṃsāra muktibhāk II

49. വിവേകികൾക്ക് അഭിവന്ദ്യ ഗുരുവിൻറെ പരമമായ, അമർത്യമായഗുണം തിരിച്ചറിയുവാൻ കഴിയും. എന്നാൽ അവിവേകികളും, മതപരമായ യോഗ്യത ഇല്ലാത്തവരും ആയിട്ടുള്ളവർക്ക് അന്ധന് സൂര്യോദയം കാണുവാൻ കഴിയാത്തത് പോലെ ബഹുമാന്യനായ ഗുരുവിൻറെ പരമമായ, അമർത്യമായ ഗുണം തിരിച്ചറിയുവാൻ കഴിയില്ല. (വിവേകം നേടുവാനുംമനുഷ്യർക്ക്ഗുരുകൃപ അത്യാവശ്യം തന്നെ)

श्रीगुरोः परमं रूपम्, विवेक चक्षुषोऽमृतम् ।

मन्द भाग्या न पश्यन्ति अन्धाः सूर्योदयं यथा ॥

śrīguroḥ paramaṃ rūpam, viveka cakṣuṣo'mṛtam I

manda bhāgyā na paśyanti andhāḥ sūryodayaṃ yathā II

50. ” ശ്രീ“ എന്നാൽ ശക്തി . നാഥൻ എന്നാൽ ഭർത്താവ്/ കർത്താവ് . ശ്രീനാഥൻ എന്നാൽ ഭഗവാൻ മഹാവിഷ്ണു (ശ്രീ അല്ലെങ്കിൽ ശക്തിയുടെ പതി). ശ്രീ നാഥനായ

ഗുരുവിൻറെ പാദാംബുജങ്ങൾ ഏതു ദിക്കിലെക്കാണോ തിരിഞ്ഞിരിക്കുന്നത്, തിളങ്ങുന്നത്, ആ ദിക്കിനെയും പ്രണമിക്കണം.

श्रीनाथ चरण द्वंद्वं यस्यां दिशे विराजिते ।

तस्यै दिशे नमस्कुर्याद्, भक्त्या प्रतिदिनं प्रिये ॥

śrīnātha caraṇa dvaṃdvaṃ yasyāṃ diśe virājite I

tasyai diśe namaskuryād, bhaktyā pratidinaṃ priye II

51. ഏതൊരു ദിക്കിലേക്ക് നോക്കിയാണോഗുരുചക്രവർത്തിയായ ഭഗവാൻ സൃഷ്ടി, സ്ഥിതി പ്രളയനാടകത്തിന് സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നത് ആ ദിക്കിനെനോക്കി പ്രത്യേകം പുഷ്പങ്ങളും, മന്ത്രങ്ങളുംഅർപ്പിച്ച് നിത്യവും പ്രണാമം നൽകേണ്ടതുണ്ട്.

तस्यै दिशे सततमंजलिरेष आर्ये

प्रक्षिप्यते, मुखरितो मधुपैर्बुधैश्च ।

जागर्ति यत्र भगवान् गुरु चक्रवर्ती

विश्वोदय प्रळय नाटक नित्यसाक्षी ॥

tasyai diśe satatamaṃjalireṣa ārye

prakṣipyate, mukharito madhupairbudhaiśca I

jāgarti yatra bhagavān guru cakravartī

viśvodaya pra<u>l</u>aya nāṭaka nityasākṣī II

52. ഭഗവാൻ വിഷ്ണു ദേവനും , ത്രിമൂർത്തികളിലെ മറ്റു രണ്ടു പ്രഭുക്കളും ഉൾപ്പെടുന്ന ബഹുമാന്യരായ ഗുരുക്കന്മാരുടെ താരാപഥത്തിനും, ഭഗവാൻ ഗണപതി, ശക്തിയുടെ മൂന്ന് രൂപമായസൃഷ്ടി സ്ഥിതിസംഹാരത്തിൻറെ   ഇരിപ്പിടം,

ഭൈരവൻറെ (ഭഗവാൻ ശിവൻറെ) എട്ടുരൂപങ്ങൾ, സിദ്ധന്മാരുടെ (യോഗയിൽ നിപുണരായവർ) കൂട്ടം, ഗുരുവിൻറെ രണ്ട് തൃപ്പാദങ്ങൾ, 64 യോഗിനിമാർ, പിന്നെ“ അ “ മുതൽ “ക്ഷ ” വരെയുള്ള അക്ഷരങ്ങളിൽ തുടങ്ങുന്ന എല്ലാ മന്ത്രങ്ങളും കോരുത്ത പൂമാല ഉൾപ്പെടെ എല്ലാബഹുമാന്യരായ ഗുരുക്കന്മാർക്കും, ഗുരുക്കന്മാരുടെ താരാപഥത്തിനുംപ്രണാമം.

श्रीनाथादि गुरुत्रयं गणपतिं पीठत्रयं भैरवम्
सिद्धौघं बटुक त्रयं पादयुगं दूतीक्रमं मंडलं ।
वीरान् द्वश्यष्ठ चतुष्कषष्ठि नवकं वीरावळी पंचकं
श्रीमन्मालिनी मंत्रराज सहितं वंदे गुरोर्मंडलम् ॥

śrīnāthādi gurutrayaṃ gaṇapatiṃ pīṭhatrayaṃ bhairavam
siddhaughaṃ baṭuka trayaṃ pādayugaṃ dūtīkramaṃ mamḍalaṃ I
vīrān dvaśyaṣṭha catuṣkaṣaṣṭhi navakaṃ vīrāvaḻī paṃcakaṃ
śrīmanmālinī maṃtrarāja sahitaṃ vaṃde gurormaṃḍalamII

53. ഹട യോഗത്തിൽ (ശ്വാസത്തെ ശ്വാസകോശത്തിൽ നിറച്ച ശേഷം അകത്തുനിന്നു ബന്ധിച്ചും, ശ്വാസകോശത്തെ കാലിയാക്കി ശ്വാസത്തെ പുറത്തു നിന്നും ബന്ധിച്ചും ചെയ്യുന്ന കേവല കുംഭിക , ഭാസ്ത്രിക, ശീതാലി, ഭ്രമരി തുടങ്ങിയവ) വ്യത്യസ്ത രീതിയിൽ ഉള്ള പ്രാണായാമങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. പ്രാണായാമ പരിശീലനം സാധ്യമാണെങ്കിലും വളരെക്കാലം ചെയ്യേണ്ടതുണ്ട്. ഒരുപാട് രീതികൾ വികസിച്ചിരിക്കുന്നു. സൂക്ഷ്മമായ ജീവ വായുവിനെ നിയന്ത്രിച്ചുകൊണ്ടുള്ള ഈ രീതി ആപത്ക്കരമാണ്. പരിശീലിക്കാൻ

ബുദ്ധിമുട്ടേറിയതും. ക്രമരഹിതമായ പരിശീലനം (സിദ്ധന്മാരുടെ മേൽനോട്ടത്തിൽ സുരക്ഷിതമാണ് എങ്കിലും) രോഗത്തിന് കാരണമാകും. ആയതിനാൽ പരിശീലിക്കുന്നവർ വളരെ ശ്രദ്ധാലുക്കളും, ബഹുമാന്യനായ ഗുരുവിനെ എപ്പോഴുംസേവിക്കുന്നവരും എങ്കിൽ അവർക്ക് സ്വാഭാവിക ഫലം നേടുവാൻകഴിയും.

अभ्यस्तैः सकलैः सुदीर्घमनिलैर्व्याधि प्रदैर्दुष्करैः

प्राणायाम शतैरनेक करणैः दुःखात्मकैर्दुर्जयैः ।

यस्मिन्नभ्युदिते विनश्यति बलीवायुः स्वयं तत् क्षणात्

प्राप्तुं तत्सहजं स्वभावमनिशं सेवध्वमेकं गुरुम् ॥

abhyastaiḥ sakalaiḥ sudīrghamanilairvyādhi

pradairduṣkaraiḥ prāṇāyāma śatairaneka karaṇaiḥ

duḥkhātmakairdurjayaiḥ I

yasminnabhyudite vinaśyati balīvāyuḥ svayaṃ tat kṣaṇāt

prāptuṃ tatsahajaṃ svabhāvamaniśaṃ sevadhvamekaṃ gurum II

54. ബഹുമാനപ്പെട്ട ഗുരുവിൻറെ രൂപം ഓർക്കുന്നത് എല്ലായ്പ്പോഴും ഭഗവാൻ ശിവനെ സ്മരിക്കുന്നതിന് തുല്യമാണ്. ഗുരുവിൻറെ പേര് ചൊല്ലി ആലപിക്കുന്നത് സ്വാഭാവികമായി ഭഗവാൻ ശിവൻറെ പേര് ചൊല്ലി ആലപിക്കുന്നതിനുതുല്ല്യവും.

स्वदेशिकस्यैव शरीरचिंतनम्

भवेदनन्तस्य शिवस्य चिंतनम् ।

स्वदेशिकस्यैव च नामकीर्तनम्

भवेदनन्तस्य शिवस्य कीर्तनम् ॥

svadeśikasyaiva śarīraciṃtanam

bhavedanantasya śivasya ciṃtanam I

svadeśikasyaiva ca nāmakīrtanam

bhavedanantasya śivasya kīrtanam II

55. ബഹുമാനപ്പെട്ട ഗുരുവിൻറെ പാദാരവിന്ദത്തിലെ പൊടിപോലും ഈ സംസാര സാഗരം സുരക്ഷിതമായി കടക്കുവാൻ കേവല മർത്യനെ പ്രാപ്തനാക്കുന്ന പാലത്തിനു (മണൽ ചിറ) തുല്യം.

यत्पादरेणु कणिका कापि संसार वारिधेः ।

सेतुबंधायते नाथं देशिकं तमुपास्महे ॥

yatpādareṇu kaṇikā kāpi saṃsāra vāridheḥ I

setubaṃdhāyate nāthaṃ deśikaṃ tamupāsmahe II

56. അഭിവന്ദ്യനായ ഗുരുവിനെ പ്രാർത്ഥിച്ചുകൊണ്ട് എല്ലാ ആശകളും സഫലമാക്കാം. എന്തെന്നാൽ ഗുരുവിൻറെ കൃപയാൽ മാത്രമേ ഈ അജ്ഞതയുടെ അന്ധകാരത്തിൽ നിന്നും നമുക്ക് സ്വതന്ത്രർ ആകുവാൻ കഴിയൂ.

यस्मादनुग्रहं लब्ध्वा महदज्ञान मुत्सृजेत् ।

तस्मै श्री देशिकेन्द्राय, नमाश्चाभीष्ठ सिद्धये ॥

yasmādanugrahaṃ labdhvā mahadajñāna mutsṛjet I

tasmai śrī deśikendrāya, namāścābhīṣṭha siddhaye II

57. ഗുരുവിൻറെ പാദങ്ങളിൽ ശരണം പ്രാപിച്ചാൽ മാത്രമേ ലൌകിക ആകർഷണങ്ങളുടെ കാട്ടുതീ അണക്കുവാൻ കഴിയുകയുള്ളൂ. ആയതിനാൽ ഗുരുവിൻറെ തൃപ്പാദങ്ങളെ ധ്യാനിക്കുക. ബ്രഹ്മരന്ധ്രയിൽ ചന്ദ്രക്കലക്കുനടുക്ക് വെളുത്ത താമരപ്പൂവുകൾക്ക് മുകളിൽ അവ സ്ഥിതി ചെയ്യുന്നു. (തലയുടെ കിരീടത്തിനു മുകളിൽ

സ്ഥിതി ചെയ്യുന്ന ബ്രഹ്മത്തിലേക്കുള്ള കവാടം).

पादाब्जं सर्व संसार, दावानल विनाशकम् ।

ब्रह्मरन्ध्रे सिताम्भोज, मध्यस्थं चन्द्र मंडले ॥

pādābjaṃ sarva saṃsāra, dāvānala vināśakam I

brahmarandre sitāmbhoja, madhyasthaṃ candra maṃḍale II

58. അ, ക, ത എന്നീ മൂന്നു ശബ്ദ ശരീരങ്ങളെ പ്രതിനിധീകരിക്കുന്ന മൂന്നു ദളങ്ങൾ ഉള്ള താമരപ്പൂവ് സഹസ്രദളപത്മ പ്രദേശത്ത് (തിരു നെറ്റിക്ക് മുകളിൽ) ഉള്ളതാകുന്നു. അവിടെ അരയന്നത്തിനടുത്തായി ഒരു ത്രികോണം, രണ്ടും മൂന്ന് ദളങ്ങൾ ഉള്ള താമരക്ക് മുകളിൽ. ഗുരുവിനെ ത്രികോണത്തിനുള്ളിൽ സങ്കൽപ്പിച്ച് ധ്യാനിക്കുക.

अकथादि त्रिरेखाब्जे, सहस्रदळ मंडले ।

हंस पार्श्व त्रिकोणे च स्मरे त्तन्मध्यगं गुरुम् ॥

akathādi trirekhābje, sahasradaḻa maṃḍale I

haṃsa pārśva trikoṇe ca smare ttanmadhyagaṃ gurum II

59. ഗുരുവിൻറെ ദിവ്യമായ മേൽനോട്ടം എന്നിൽ എന്നും ഉണ്ടായിരിക്കേണമേ. ആ നോട്ടം എല്ലാ ലോകങ്ങളെയും സൃഷ്ടിക്കുന്നു. എല്ലാ വേദങ്ങളുടെയും സത്തയെ മനസ്സിലാക്കുവാനുള്ള ഇശ്ഛാശക്തിയെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു. അതുവഴി ഭക്തൻറെ എല്ലാ പോരായ്മകളും ഇല്ലാവുകയും ചെയ്യുന്നു.

सकल भुवन सृष्टिः कल्पिताऽशेष पुष्टिः

निखिल निगम दृष्टिः संपदां व्यर्धदृष्टिः ।

अवगुण परिमार्ष्टि? स्तत्पदार्धैक दृष्टिः

भवगुण परमेष्टिर्मोक्ष मार्गैक दृष्टिः ॥

sakala bhuvana sṛṣṭiḥ kalpitā'śeṣa puṣṭiḥ

nikhila nigama dṛṣṭiḥ saṃpadāṃ vyardhadṛṣṭiḥ I

avaguṇa parimārṭṣi? statpadārdhaika dṛṣṭiḥ

bhavaguṇa parameṣṭirmokṣa mārgaika dṛṣṭiḥ II

60. സകല ലോകത്തിൻറെയും നടനവേദിയെ താങ്ങി നിർത്തുന്ന നെടുംതൂൺ ആണ് ഗുരുവിൻറെ നോട്ടം.ഗുരുവിൻറെ അനുകമ്പയുടെ, അനുഗ്രഹത്തിൻറെ സഹായത്താൽ എല്ലാ ലോകങ്ങളും ആടി തീർക്കുന്ന വേദിയുടെനെടുംതൂൺ ആണ് അത്. അത് സൃഷ്ടി, സ്ഥിതി, സംഹാരം എന്നീ മൂന്നു പ്രതിഭാസങ്ങളും ഉൾക്കൊള്ളുന്നു.ഗുരുവിൻറെ നോട്ടം ത്രികാലത്തിൻറെ ഉത്ഭവമാണ്. കൂടാതെ ബ്രഹ്മത്തിൻറെ മൂന്നു അറിവുകളും (സമ്പൂർണ്ണമായ സത്യം, ആനന്ദം, അറിവ്) പ്രദാനം ചെയ്യുന്നു. ഗുരുവിൻറെ ആ ദിവ്യമായ നോട്ടം എന്നെന്നും എന്നിൽ ഉണ്ടാവണം.

सकल भुवन रंग स्थापना स्तम्भयष्टि

सकरुण रसवृष्टि स्तत्वमाला समष्टिः ।

सकल समयसृष्टिः सच्चिदानंद दृष्टिः

रिवसतु मयि नित्यं श्रीगुरोर्दिव्य दृष्टिः ॥

sakala bhuvana raṃga sthāpanā stambhayaṣṭi

sakaruṇa rasavṛṣṭi statvamālā samaṣṭiḥ I

sakala samayasṛṣṭiḥ saccidānaṃda dṛṣṭiḥ

rivasatu mayi nityaṃ śrīgurordivya dṛṣṭiḥ II

61. ഗുരു തരുന്ന മന്ത്രം, അല്ലെങ്കിൽ ഗുരു എന്ന വാക്ക്

എല്ലാ മന്ത്രങ്ങളുടെയും രാജാവാണ്. അത് അഗ്നിയിൽ ശുദ്ധീകരിച്ച സ്വർണ്ണം ആകുന്നു. അത് ഒരുവനെ രാപ്പകലില്ലാതെ മരണത്തിൽനിന്നും സംരക്ഷിക്കുന്നു.

अग्निशुद्ध समंतात् ज्वाला परिचिकाधिया ।

मंत्रराजमिमं मन्येऽहर्निशं पातु मृत्युतः ॥

agniśuddha samaṃtāt jvālā paricikādhiyā I

maṃtrarājamimaṃ manye'harniśaṃ pātu mṛtyutaḥ II

62. ഗുരുതത്ത്വം അല്ലെങ്കിൽ ഗുരു എന്നവാക്കിൻറെ സത്ത, അല്ലെങ്കിൽ ഗുരു എന്നമന്ത്രത്തിൻറെ സത്ത എപ്പോഴും ചലനാത്മകവും, ഇളകാത്തതുംആകുന്നു. അത് എല്ലാത്തിൻറെയും അടുത്തും, അകലെയും വസിക്കുന്നു. അകത്തും, പുറത്തും വ്യാപിക്കുന്നു. പരിമിത ബുദ്ധിയോടെ അതിനെ ഒരിക്കലും വിവരിക്കുക അസാധ്യം.

तदेजति तन्नैजति, तद् दूरे तत् समीपके ।

तदन्तरस्य सर्वस्य तदु सर्वस्य बाह्यतः ॥

tadejati tannaijati, tad dūre tat samīpake I

tadantarasya sarvasya tadu sarvasya bāhyataḥ II

63–65. ഞാൻ വളരെ താഴ്മയായ ഗുരുബോധം ആകുന്നു. എനിക്ക് ജനനവും, മരണവും ഇല്ലതന്നെ. പ്രായവും, ആദിയും, അന്തവും ഇല്ല.ഞാൻ ബോധം ആകുന്നു. ആനന്ദവും. ഞാൻ ചെറിയവനിൽ ചെറിയവനും ഏറ്റവും വലിയവനും ആകുന്നു. എനിക്ക് ചരിത്രം ഇല്ല (ഞാൻ എന്നെന്നും നിലനിൽക്കുന്നു). ഞാൻ ശാശ്വതമാണ്. ഞാൻ എന്നും പ്രകാശിക്കുന്നു. ഞാൻ ആസക്തിയും, കളങ്കവും ഇല്ലാതെ മുഴുവൻ സ്ഥലവും വ്യാപിക്കുന്നു. ഞാൻ ആനന്ദദായകൻ ആകുന്നു. വടക്ക് ദിക്കിൽ ഉദിക്കുന്ന ധ്രുവ

നക്ഷത്രവും ഞാൻ തന്നെ. ഞാൻ അനശ്വരൻ ആകുന്നു. വാ മൊഴിയായോ നേരിട്ടുള്ള അനുഭവത്തിലൂടെയോ, ചരിത്ര വായനയിലൂടെയോ, അനുമാനത്തിലൂടെയുള്ള നിഗമനത്തിലൂടെയോഅറിവ് നേടുവാനുള്ള നാല് വഴികൾ ഞാൻ ആകുന്നു.

अजोऽहमजरोहं(ऽ)च अनादिनिधनः स्वयम् ।

अविकारश्चिदानंद, अणीयान् महतो महन् ॥

अपूर्वाणां परं नित्यं स्वयं ज्योतिर्निरामयम् ।

विरजं परमाकाशं ध्रुवमानंदमव्ययम् ॥

शृतिः प्रत्यक्षमैतिह्य – मनुमानश्चतुष्टयम् ।

यस्य चात्मतपोवेद, देशिकं च सदा स्मरेत् ॥

ajo'hamajaroham(')ca anādinidhanaḥ svayam I

avikāraścidānaṃda, aṇīyān mahato mahan II

apūrvāṇāṃ paraṃ nityaṃ svayaṃ jyotirnirāmayam I

virajaṃ paramākāśaṃ dhruvamānaṃdamavyayam II

śṛtiḥ pratyakṣamaitihya – manumānaścatuṣṭayam I

yasya cātmatapoveda, deśikaṃ ca sadā smaret II

66. മഹനീയമായിചിന്തിക്കുന്നവളെ, (ദേവി പാർവതി) വിശുദ്ധിയുടെ ഒരു വലിയ വികാരം നിന്നിൽ തിളങ്ങുന്നത് ഞാൻ കാണുന്നു. ആയതിനാൽ ഗുരുവിനെ എങ്ങനെ ആരാധിക്കണമെന്നു ഞാൻ വിവരിക്കാം.

मननं यद्भवं कार्यं तद्वदामि महामते ।

साधुत्वं च मया दृष्ट्वा त्वयि तिष्ठति सांप्रतम् ॥

mananaṃ yadbhavaṃ kāryaṃ tadvadāmi mahāmate I

sādhutvaṃ ca mayā dṛṣṭvā tvayi tiṣṭhati sāṃpratam II

67. ബഹുമാനപ്പെട്ട ഗുരുവിന് അഭിവാദ്യങ്ങൾ. ആരുടെ കൃപയാൽ ദൈവത്തെ കുറിച്ചുള്ള അറിവ് ഭൂമിയിലും അതിലുള്ള എല്ലാ സൃഷ്ടികളിലേക്കും പരക്കുന്നുവോ ആ ഗുരുവിന് അഭിവാദ്യങ്ങൾ.

अखंडमंडलाकारं व्याप्तं येन चराचरम् ।

तत्पदं दर्शितं येन, तस्मै श्री गुरवे नमः ॥

akhaṃḍamaṃḍalākāraṃ vyāptaṃ yena carācaram ।

tatpadaṃ darśitaṃ yena, tasmai śrī gurave namaḥ ॥

68. അഭിവന്ദ്യനായ ഗുരുവിൻറെ പാതാംബുജങ്ങൾ സ്വർണ്ണം പോലെ തിളങ്ങുന്നു. പരമോന്നത ഗ്രന്ഥങ്ങളിലെ അറിവുകൾ മഹത്തായ പ്രസ്താവനകളിലൂടെ വെളിപ്പെടുത്തുന്ന ഗുരുവിനു പ്രണാമം. പരമമായ തിരുവെഴുത്തുകളിലെ അറിവുകൾ ഒരു താമരപ്പൂവ് പോലെ വിടർത്തിവിരിയിക്കുവാൻ സൂര്യനെപ്പോലെപ്രകാശം ചൊരിയുന്ന ഗുരുവിന് അഭിവാദ്യങ്ങൾ.

सर्वशृति शिरोरत्न विराजित पदाम्बुजः ।

वेदान्ताम्बुज सूर्यो यः स्तस्मै श्री गुरवे नमः ॥

sarvaśṛti śiroratna virājita padāmbujaḥ ।

vedāntāmbuja sūryo yaḥ stasmai śrī gurave namaḥ ॥

69. യാതൊന്നിൻറെ ഓർമ്മയാൽ പവിത്രമായ അറിവുകൾ ഇടതടവില്ലാതെ മനസ്സിൽ നിറയുന്നുവോ, യാതൊന്നിൻറെ ഓർമ്മ ഉണർന്നാൽ എല്ലാ സമ്പത്തും നേടുവാൻ കഴിയുമോ, ആ ഗുരുവിന് അഭിവാദ്യങ്ങൾ.

यस्यस्मरण मात्रेण, ज्ञानमुत्पद्यते स्वयम् ।

य एव सर्वसंप्राप्ति तस्मै श्री गुरवे नमः ll

yasyasmaraṇa mātreṇa, jñānamutpadyate svayam I

ya eva sarvasaṃprāpti tasmai śrī gurave namaḥ II

70. ഗുരുതത്വത്തിന് അഭിവാദ്യങ്ങൾ. അഭിവന്ദ്യനായ ഗുരുവിൻറെ സത്ത, അത് ശുദ്ധമായ ബോധം ആകുന്നു. സനാതനമാണത്. സമ്പൂർണ്ണ സമാധാനമാണ്. അതിരുകൾ ഇല്ലാത്തത്ര ആനന്ദം ആണ്. ഒരു കുറവും ഇല്ലാത്തതാണ്. അനാദിയായ ഓംകാരത്തിൻറെ മൂന്ന് രൂപങ്ങൾക്കും (നാദ, ബിന്ദു, കല) അപ്പുറമാണ്.

चैतन्यं शाश्वतं शान्तं व्योमातीतं निरंजनम् l

नादबिन्दु कळातीतं, तस्मै श्री गुरवे नमः ll

caitanyaṃ śāśvataṃ śāntaṃ vyomātītaṃ niraṃjanam I

nādabindu kaḻātītaṃ, tasmai śrī gurave namaḥ II

71. ആരാണോ എല്ലാ മാറ്റങ്ങളിലും , മാറാത്തതിലും, ജീവനുള്ളതിലും, ജീവൻ ഇല്ലാത്തതിലും നിറഞ്ഞു നിൽക്കുന്നത് ആ ഗുരുവിന് അഭിവാദ്യങ്ങൾ.

स्थावरं जंगमंचैव तधाचैव चराचरम् l

व्याप्तं येन जगत् सर्वं, तस्मै श्री गुरवे नमः ll

sthāvaraṃ jaṃgamaṃcaiva tadhācaiva carācaram I

vyāptaṃ yena jagat sarvaṃ, tasmai śrī gurave namaḥ II

72. ആരാണോ 36 തത്ത്വങ്ങൾ(സാംഖ്യ തത്ത്വ ചിന്ത - ഭാരതീയ തത്ത്വ ചിന്ത അനുസരിച്ചുള്ള 6 സിദ്ധാന്തങ്ങളിൽ ഒന്ന് - അനുസരിച്ച് ഈ പ്രപഞ്ചത്തെ

സൃഷ്ടിച്ച 36 ഗുണങ്ങൾ) കൊരുത്ത പൂമാലയാൽ അലംകൃതമായ അറിവിൻറെ ശക്തിയെ തെളിയിക്കുന്നത്, ആരാണോമോക്ഷത്തെയും (ആത്മജ്ഞാനം, മുക്തി), ഭൌതിക സമ്പത്തിനെയും നൽകുന്നത് ആഅഭിവന്ദ്യ ഗുരുവിന് അഭിവാദ്യങ്ങൾ.

ज्ञानशक्ति समारूढ स्तत्व मालाविभूषितः ।

भुक्तिमुक्ति प्रदाताय, तस्मै श्री गुरवे नमः ॥

jñānaśakti samārūḍha statva mālāvibhūṣitaḥ I

bhuktimukti pradātāya, tasmai śrī gurave namaḥ II

73. ആർക്കാണോ തൻറെ ശിഷ്യൻറെ ഉള്ളിൽ എണ്ണമറ്റ ജന്മങ്ങളാൽ അടിഞ്ഞുകൂടിയ കർമ്മഭാണ്ഡത്തെ തൻറെ ആത്മജ്ഞാനം കൊണ്ട് എരിച്ചടക്കുവാൻ കഴിയുന്നത് ആഅഭിവന്ദ്യ ഗുരുവിന് അഭിവാദ്യങ്ങൾ.

अनेक जन्म संप्राप्त सर्वकर्म विदाहिने ।

स्वात्म ज्ञान प्रभावेण, तस्मै श्री गुरवे नमः ॥

aneka janma saṃprāpta sarvakarma vidāhine I

svātma jñāna prabhāveṇa, tasmai śrī gurave namaḥ II

74. ഗുരുതത്ത്വത്തെക്കാൾ മഹത്തരമായ മറ്റൊന്നില്ല . അല്ലെങ്കിൽ ഗുരു സത്തയെക്കാളും വലുതായി മറ്റൊന്നില്ല . ഗുരുസേവയെക്കാൾ വലുതായിമറ്റൊരു തപസ്സ് ഇല്ല. ഗുരു ബോധത്തെക്കാൾ വലുതായ മറ്റൊരറിവും ഇല്ല.ഈ പ്രപഞ്ച സൃഷ്ടിക്കുപയോഗിച്ച എല്ലാ വസ്തുക്കളുടെയും സത്തയായ ഗുരുവിന് അഭിവാദ്യങ്ങൾ.

न गुरोरधिकं तत्त्वं न गुरोरधिकं तपः ।

तत्त्व ज्ञानात् परं नास्ति, तस्मै श्री गुरवे नमः ॥

na guroradhikaṃ tattvaṃ na guroradhikaṃ tapaḥ I

tattva jñānāt paraṃ nāsti, tasmai śrī gurave namaḥ II

75. എൻറെ ഗുരു ഈ പ്രപഞ്ചത്തിൻറെ നാഥൻ ആണ്. എൻറെ ഗുരു മറ്റു മൂന്നു ലോകങ്ങൾക്കും (ഭൂമി, സ്വർഗ്ഗം, പാതാളം എന്നീ മൂന്ന് അസ്തിത്വ മാനങ്ങൾ) ഗുരുവാണ്. എൻറെ ആത്മാവ് മറ്റെല്ലാ ജീവജാലങ്ങളുടെയും ആത്മാവാണ്. ഈ മനോനിലയിൽ ഞാൻ എൻറെ ഗുരുവിനെ അഭിവാദനം ചെയ്യുന്നു.

मन्नाथः श्रीजगन्नाथो, मद्गुरुस्त्रिजगद्गुरुः I

ममात्मा सर्वभूतात्मा, तस्मै श्री गुरवे नमः II

mannāthaḥ śrījagannātho, madgurustrijagadguruḥ I

mamātmā sarvabhūtātmā, tasmai śrī gurave namaḥ II

76. അഭിവന്ദ്യനായ ഗുരുവിൻറെ രൂപത്തെ മനസ്സിൽ സങ്കൽപ്പിച്ചുകൊണ്ട് ധ്യാനിക്കണം. ഗുരുവിൻറെ പാദാരവിന്ദത്തെ ആരാധിക്കണം. ഗുരു എന്ന വാക്കാണ് എല്ലാ മന്ത്രങ്ങളുടെയും തായ് വേര്. മോക്ഷം നേടുന്നതിനുള്ള ഏക മാർഗ്ഗം ഗുരുവിൻറെ അനുഗ്രഹമാണ്.

ध्यानमूलं गुरोर्मूर्तिः पूजामूलं गुरोः पदम् I

मंत्रमूलं गुरोर्वाक्यं, मोक्षमूलं गुरोः कृप II

dhyānamūlaṃ gurormūrtiḥ pūjāmūlaṃ guroḥ padam I

maṃtramūlaṃ gurorvākyaṃ, mokṣamūlaṃ guroḥ kṛpa II

77. ഗുരുവിന് ആദിയില്ല. (എല്ലായ്പ്പോഴും നിലനിൽക്കുന്നു.) എല്ലാ ജീവജാലങ്ങളുടെയും ഉറവിടമോ,

ഉത്ഭവമോഗുരുവാണ്. ഗുരുവാണ് ഏറ്റവും വലിയ ദൈവതം. ഗുരുവിനേക്കാൾ ഉന്നതനായി മറ്റാരും ഇല്ല. അത്തരത്തിൽ ഉള്ള ബഹുമാനപ്പെട്ട ഗുരുവിന് അഭിവാദ്യങ്ങൾ.

गुरुरादिरानादिश्च गुरुपरम दैवतम् I

गुरोः परतरं नास्ति, तस्मै श्री गुरवे नमः II

gururādirānādiśca guruparama daivatam I

guroḥ parataraṃ nāsti, tasmai śrī gurave namaḥ II

78. ഗുരുവിൻറെ പാദാരവിന്ദങ്ങൾ കഴുകിയ ജലത്തിൻറെ ആയിരത്തിൽ ഒരംശം പോലും ശരീരത്തിൽ പതിച്ചാൽ ഏഴു സാഗരങ്ങളിലോ, പരമ പുണ്യ നദികളിലോ സ്നാനം ചെയ്യുന്നതിന് തുല്യമാണ്.

सप्तसागर पर्यन्तं, तीर्थस्नानादिकं फलम् I

गुरोरंघ्रिपयोबिन्दु, सहस्रांशेन दुर्लभम् II

saptasāgara paryantaṃ, tīrthasnānādikaṃ phalam I

guroraṃghripayobindu, sahasrāṃśena durlabham II

79. ശിഷ്യരെ ഭഗവാൻ ശിവൻറെയും, വിഷ്ണുവിൻറെയും കോപത്തിൽ നിന്നും രക്ഷിക്കുവാൻ ഗുരുവിനു കഴിയും .എന്നാൽ ഗുരുകോപത്തിൽ നിന്നും ശിഷ്യരെ രക്ഷിക്കുവാൻ ഭഗവാൻ പരമശിവനോ, ഭഗവാൻ മഹാവിഷ്ണുവിനോ കഴിയില്ല.അതിനാൽ ഒരുവൻ തൻറെ സകല ശക്തിയോടും കൂടി ഗുരുവിൻറെ പാദത്തിൽ അഭയം തേടണം.

हरौरुष्टे गुरुस्त्राता गुरोरुष्टेन कश्चन I

तस्मात् सर्व प्रयत्नेन श्रीगुरुं शरणं व्रजेत् II

harauruṣṭe gurustrātā guroruṣṭena kaścana I

tasmāt sarva prayatnena śrīguruṃ śaraṇaṃ vrajet II

80. ത്രിമൂർത്തികൾ ആയ ബ്രഹ്മ, വിഷ്ണു, മഹേശ്വരൻ മാരുടെ (സൃഷ്ടി, സ്ഥിതി, സംഹാര മൂർത്തികൾ) ശക്തി ഈ പ്രപഞ്ചമാകെ വ്യാപിച്ചിരിക്കുന്നു. അത്തരത്തിലുള്ള ലോകം ഗുരുസത്ത അല്ലെങ്കിൽ ഗുരുതത്ത്വം തന്നെ. ബഹുമാന്യ ഗുരുവിനേക്കാൾ വലുതായി മറ്റൊന്നും ഇല്ല .ആയതിനാൽ ബഹുമാന്യ ഗുരുവിനെ എപ്പോഴും ആരാധിക്കുവിൻ.

गुरुरेव जगत् सर्वं, ब्रह्मविष्णु शिवात्मकम् ।

गुरोः परतरं नास्तितस्मात् संपूज येद् गुरुम् ॥

gurureva jagat sarvaṃ, brahmaviṣṇu śivātmakam I

guroḥ parataraṃ nāstitasmāt saṃpūja yed gurum II

81. ഗുരുഭക്തിയാൽ ഒരുവൻ എല്ലാ ജ്ഞാനവും, എല്ലാ ശാസ്ത്രങ്ങളിലുമുള്ള അറിവും നേടുന്നു. അഭിവന്ദ്യ ഗുരുവിനേക്കാൾ ഉന്നതമായ മറ്റൊന്നും ഇല്ല. ആയതിനാൽ ഭക്തിയുടെ പാതയിൽ സഞ്ചരിക്കുന്നവർക്ക് ധ്യാനിക്കുവാൻ ഗുരുരൂപത്തെക്കാൾ മഹത്തരമായി മറ്റൊന്നും ഇല്ല.

ज्ञानं विज्ञान सहितं, लभ्यते गुरुभक्तितः ।

गुरोः परतरंनास्ति, ध्येयोऽसौ गुरुमार्गिभिः ॥

jñānaṃ vijñāna sahitaṃ, labhyate gurubhaktitaḥ I

guroḥ parataraṃnāsti, dhyeyo'sau gurumārgibhiḥ II

82. ഇതല്ല, ഇതല്ല എന്ന് ഓരോ തവണയും പറഞ്ഞ് പറഞ്ഞ് ഗുരുതത്വത്തെ വിശദീകരിക്കുവാൻ പരിശ്രമിച്ച് പരാജയപ്പെട്ട് നിശബ്ദമായി ശാസ്ത്രങ്ങളെ ഒഴിവാക്കുവാനേ

വിശുദ്ധ ഗ്രന്ഥങ്ങൾക്ക് പോലും കഴിഞ്ഞിട്ടുള്ളൂ. അത്അർത്ഥമാകുന്നത്, അവക്ക് വിശദീകരിക്കുവാൻ കഴിഞ്ഞില്ല എന്നതാണ്. (ഇതല്ല, ഇതല്ല എന്ന് പറഞ്ഞ് എന്തല്ല ഗുരുത്വം എന്ന് മാത്രമേ അവക്ക് വിശദീകരിക്കുവാൻ കഴിഞ്ഞുള്ളൂ. ഭൂമിയിലുള്ള ഒരു ഭാഷയ്ക്കും വിശദീകരിക്കുവാനാവാത്ത, വിശുദ്ധ ഗ്രന്ഥങ്ങളുടെ കഴിവിനും, പരിധിക്കും അപ്പുറമായ വിശദീകരിക്കാനാവാത്തതാണത്). ആയതിനാൽ ഒരുവൻ എപ്പോഴും മനസുകൊണ്ടും വാക്കുകൊണ്ടും ഗുരുവിനെ പൂജിക്കണം.

यस्मात् परतरं नास्ति, नेतिनेतीति वै शृतिः ।

मनसा वचसा चैव, नित्यमाराधयेद् गुरुम् ॥

yasmāt parataraṃ nāsti, netinetīti vai śṛtiḥ I

manasā vacasā caiva, nityamārādhayed gurum II

83. ഗുരുത്വം ഒന്നുകൊണ്ട് മാത്രമാണ് ത്രിമൂർത്തികൾക്ക് (ബ്രഹ്മ-സൃഷ്ടി, വിഷ്ണു-സ്ഥിതി, മഹേശ്വരൻ- സംഹാരം) അവരവരുടെ കടമകളായ പ്രപഞ്ചത്തിൻറെ സൃഷ്ടി, സ്ഥിതി, സംഹാരം ഇവ ചെയ്യുവാൻ കഴിയുന്നത്.

गुरोः कृपाप्रसादेन, ब्रह्मविष्णु सदाशिवाः ।

समर्थाः प्रभवादौ च, कैवल्यं गुरुसेवया ॥

guroḥ kṛpāprasādena, brahmaviṣṇu sadāśivāḥ I

samarthāḥ prabhavādau ca, kaivalyaṃ gurusevayā II

84. സ്വർഗ്ഗവാസികൾ ആയ ദേവന്മാരും, അവതാരങ്ങളും, ഗന്ധർവന്മാരും, മനുഷ്യരാശിയിലെപൂർവ്വികരുടെ ആത്മാക്കളും തുടങ്ങി ദൈവത്തെസ്തുതിക്കുവാനും,ശുശ്രൂഷിക്കുവാനുമുള്ള

ഭൂതഗണങ്ങൾക്ക്പോലും ഗുരുവിനെ ആരാധിക്കുവാനുള്ള ശരിയായ രീതി അറിയില്ല തന്നെ.

देव किन्नर गन्धर्वाः पितरोयक्षचारणाः ।

मुनयोऽपि न जानन्ति, गुरुशुश्रूषणे विधिम् ॥

deva kinnara gandharvāḥ pitaroyakṣacāraṇāḥ I

munayo'pi na jānanti, guruśuśrūṣaṇe vidhim II

85 – 86. സ്വർഗ്ഗവാസികൾ ആയ ദേവന്മാരും, അവതാരങ്ങളും, ഗന്ധർവന്മാരും, മനുഷ്യരാശിയിലെപൂർവ്വികരുടെ ആത്മാക്കളും, ദൈവത്തെ, സ്തുതിക്കുവാനും, ശുശ്രൂഷിക്കുവാനുമുള്ള ഭൂതഗണങ്ങൾ ആരുമായിക്കൊള്ളട്ടെഗുരുവിനെസേവിക്കുവാൻ താല്പര്യപ്പെടുന്നില്ല എങ്കിൽ ഒരിക്കലും അത്മസക്ഷാത്കാരമോ, മോക്ഷമോ നേടുവാൻ കഴിയില്ല. അത്തരത്തിലുള്ളവരെല്ലാം അവർ നേടിയിട്ടുള്ള പ്രകൃത്യാതീത ശക്തികളാൽ അഹംഭാവം ഉള്ളവരാണ്. ആയതിനാൽ അഭിവന്ദ്യ ഗുരുവിന് സേവനം ചെയ്യണം എന്നുള്ള സത്യം അവർ മനസിലാക്കുന്നില്ല. ആയതിനാൽ ജനന, മരണ, സംസാര സാഗരത്തിൽ പെട്ട് അവർ ഉലഞ്ഞു പോകുന്നു. അവരുടെ തപസ്സിനാൽ ആർജ്ജിച്ച പുണ്യമെല്ലാം പഴായിപ്പോകും.

महाहंकार गर्वेण, तपोविद्या बलान्विताः ।

संसार कुहरावर्ते, घटयंत्रे यथाघटाः ॥

न मुक्ता देवगन्धर्वाः पितरोयक्ष किन्नराः ।

ऋषयः सर्वसिद्धाश्च गुरुसेवा पराग् मुखाः ॥

mahāhaṃkāra garveṇa, tapovidyā balānvitāḥ I

saṃsāra kuharāvarte, ghaṭayaṃtre yathāghaṭāḥ II

na muktā devagandharvāḥ pitaroyakṣa kinnarāḥ I
ṛṣayaḥ sarvasiddhāśca gurusevā parāg mukhāḥ II

87. അല്ലയോഔന്നത്യം ഉള്ള ദേവി, ഗുരുവിനെ ധ്യാനിക്കുന്നതിനുള്ള രീതി ശ്രദ്ധാപൂർവ്വം കേട്ടാലും. ആരാണോ എല്ലാവിധ ആനന്ദത്തെയും ചൊരിയുന്നത്, എല്ലാ സന്തോഷങ്ങളും സമ്മാനിക്കുന്നത്, ലൌകികമായ ആവശ്യങ്ങളുടെ പൂർത്തീകരണവും, മോചനവും, മോക്ഷവും സമ്മാനിക്കുന്നത് ആ ഗുരുവിനെ ധ്യാനിക്കുന്നതെങ്ങനെയെന്നു ശ്രദ്ധാപൂർവ്വം കേൾക്കൂ.

ध्यानं शृणु महादेवि, सर्वानंद प्रदायकम् I
सर्वसौख्यकरं नित्यं, भुक्ति मुक्ति विधायकम् II

dhyānaṃ śṛṇu mahādevi, sarvānaṃda pradāyakam I
sarvasaukhyakaraṃ nityaṃ, bhukti mukti vidhāyakam II

88. പരബ്രഹ്മമായ ഗുരുവിൻറെ രൂപത്തെ ഞാൻ എൻറെ ഓർമ്മയിൽ ധ്യാനിക്കുന്നു, പരബ്രഹ്മമായ ഗുരുവിനെ ഞാൻ ആരാധിക്കുന്നു, ആദരവ് അർപ്പിക്കുന്നു.

श्रीमत्परब्रह्म गुरुंस्मरामि, श्रीमत्परब्रह्म गुरुंवदामि I
श्रीमत्परब्रह्म गुरुंनमामि, श्रीमत्परब्रह्म गुरुंभजामि II

śrīmatparabrahma guruṃsmarāmi, śrīmatparabrahma guruṃvadāmi I
śrīmatparabrahma guruṃnamāmi, śrīmatparabrahma guruṃbhajāmi II

89. ബ്രഹ്മത്തിൻറെ, പരമാനന്ദത്തിൻറെ (പരമശക്തൻറെ ഒരു ഗുണം) രൂപമായ ഗുരുവിനെ

ഞാൻ പ്രണമിക്കുന്നു. ഏറ്റവും മഹത്തായ സുഖ സൗകര്യങ്ങൾ പ്രദാനം ചെയ്യുന്ന, മറ്റൊരു രൂപമില്ലാത്ത ഒരേയൊരു വ്യക്തി, കേവലമായ അറിവിൻറെ (പരമശക്തൻറെ ഒരു ഗുണം) ആൾരൂപം. അനന്തമായ ആകാശത്തെപ്പോലെ ഒരു പരിമിതിയും ഇല്ലാത്ത, നീ തന്നെയാണ് അത് എന്ന മഹത്തായ ഉദ്ഘോഷണങ്ങൾ നടത്തിയ (നിന്നിൽ തന്നെയാണ് നീ നേടുവാൻ പെടാപ്പാടു പെടുന്ന സർവശക്തൻ ഉള്ളത് എന്ന പ്രബോധനം) ശാശ്വതനായ, അചഞ്ചലൻ ആയ, വികാരങ്ങൾക്ക് അതീതനായ ത്രിഗുണങ്ങൾ ഉള്ള (രജസ്, തമസ്, സത്വിക് എന്നീ ചലിക്കുന്ന, സ്ഥിരമായ, തുല്യമായ മൂന്ന് ഗുണങ്ങൾ) മനസ്സിനും അതീതനായ ഗുരുവിനെ ഞാൻ പ്രണമിക്കുന്നു.

ब्रह्मानंदं परमसुखदं केवलं ज्ञानमूर्तिम्
द्वंद्वातीतं गगन सदृशं तत्त्वमस्यादि लक्ष्यम् ।
एकं नित्यं विमलमचलं सर्वधी साक्षी भूतम्
भावातीतं त्रिगुण रहितं सद्गुरुं तं नमामि ॥

brahmānaṃdaṃ paramasukhadaṃ kevalaṃ jñānamūrtim
dvaṃdvātītaṃ gagana sadṛśaṃ tattvamasyādi lakṣyam I
ekaṃ nityaṃ vimalamacalaṃ sarvadhī sākṣī bhūtam
bhāvātītaṃ triguṇa rahitaṃ sadguruṃ taṃ namāmi II

90. നഗ്നനേത്രങ്ങളാൽ കാണുവാൻ കഴിയാത്ത ആകാരത്തോടു കൂടിയഅകമേ പരിശുദ്ധനായ ആ ഗുരുവിനെ ഞാൻ വന്ദിക്കുന്നു (ഗുരു അരൂപിയാണ്). ആകൃതിയും, രൂപവും ഇല്ലാത്ത, കളങ്കമില്ലാത്ത, അനന്തമായ അറിവിൻറെ രൂപത്തിലുള്ള , കേവല സത്യമായ, കേവലബോധത്തിൻറെയും, ആനന്ദത്തിൻറെയും രൂപത്തിലുള്ള, അവസാനമായി

ബ്രഹ്മരൂപിയായ (ദിവ്യത്വം വ്യാപിപ്പിക്കുന്ന) ഗുരുവിനെ പ്രണമിക്കുന്നു.

नित्यं शुद्धं निराभासं, निराकारं निरंजनम् ।

नित्यबोधं चिदानंदं, गुरुंब्रह्म नमाम्यहम् ॥

nityaṃ śuddhaṃ nirābhāsaṃ, nirākāraṃ niraṃjanam ।

nityabodhaṃ cidānaṃdaṃ, guruṃbrahma namāmyaham ॥

91. ചന്ദ്രനെ പോലെ തിളങ്ങുന്ന ഗുരുവിൻറെ ദിവ്യ രൂപത്തെ നമുക്ക് ധ്യാനിക്കാം. ഒരു കൈയ്യിൽ അറിവിൻറെ പ്രതീകമായ പുസ്തകവും, മറു കൈ അനുഗ്രഹിക്കുവാനായി ഉയത്തി , ജ്വലിക്കുന്ന താമരപ്പൂ പോലെയുള്ള സിംഹാസനത്തിൽ (ഭക്തൻറെ ഹൃദയത്തിൽ) ഇരുന്ന് (ഗുരു ശിഷ്യൻറെ ഹൃദയത്തിൽ വസിക്കുന്നു എന്നർത്ഥം), ശുഭ്ര വസ്ത്രധാരിയായ, വെളുത്ത പൂവുകളാൽ പൂജിക്കുന്ന അഭിവന്ദ്യ ഗുരുവിന് പ്രണാമം.

हृदम्बुजे कर्णिक मध्य संस्थे सिंहासने संस्थित दिव्यमूर्तिम् ।

ध्यायेद् गुरुं चन्द्रकळा प्रकाशम् चित् पुस्तकाभीष्ट वरं दधानम् ॥

hṛdambuje karṇika madhya saṃsthe siṃhāsane saṃsthita divyamūrtim ।

dhyāyed guruṃ candrakaḻā prakāśam cit pustakābhīṣṭa varaṃ dadhānam ॥

92-93. ശുഭ്ര വസ്ത്രധാരിയായ, വെളുത്ത പൂവുകളാൽ പൂജിക്കുന്ന അഭിവന്ദ്യ ഗുരുവിന് പ്രണാമം. മുത്തു മണി മാലകളാൽ അലംകൃതനായ, ശാന്തമായ കണ്ണുകൾ ഉള്ള, ഇടതുഭാഗത്ത് പ്രപഞ്ച ഊർജത്തിനൊപ്പം (ശക്തിയുടെ ദേവി), അനുഗ്രഹവർഷം ചൊരിയുന്ന, അനുകമ്പയുള്ള കണ്ണുകളോടെ, ആനന്ദത്തിന് ആനന്ദത്തെ

പ്രദാനംചെയ്യുന്ന, പ്രശാന്ത സുന്ദരനായ, അത്മത്തിൽ എപ്പോഴും ഉണർന്നിരിക്കുന്ന, പരമമായ അറിവിൻറെ രൂപത്തിലുള്ള, യോഗികളുടെ ആരാധനാമൂർത്തിയായ, മനുഷ്യ രാശിയുടെ വൈദ്യൻ ആയ, എണ്ണമറ്റ ജനന മരണ ചക്രത്തെ ശമിപ്പിക്കുവാൻ കഴിയുന്ന അഭിവന്ദ്യ ഗുരുവിനെ ഞാൻ ആരാധനാപൂർവ്വം പ്രണമിക്കുന്നു.

श्वेताम्बरं श्वेतविलेप पुष्पं, मुक्ता विभूषं मुदितं द्विनेत्रम् ।
वामांक पीठस्थित दिव्यशक्तिं, मंदस्मितं सान्द्र कृपानिधानम् ॥
आनंदमानंदकरं प्रसन्नं, ज्ञानस्वरूपं निजबोधयुक्तम् ।
योगीन्द्रमीड्यं भवरोगवैद्यं, श्रीमद् गुरुं नित्यमहं नमामि ॥

śvetāmbaraṃ śvetavilepa puṣpaṃ, muktā vibhūṣaṃ muditaṃ dvinetram I
vāmāṃka pīṭhasthita divyaśaktiṃ, maṃdasmitaṃ sāndra kṛpānidhānam II
ānaṃdamānaṃdakaraṃ prasannaṃ, jñānasvarūpaṃ nijabodhayuktam I
yogīndramīḍyaṃ bhavarogavaidyaṃ, śrīmad guruṃ nityamahaṃ namāmi II

94. സൃഷ്ടി,സ്ഥിതി,സംഹാരം, നിയന്ത്രണം,കൃപ എന്നീ അഞ്ചു ഗുണങ്ങൾ ഉള്ള ആ ബഹുമാന്യ ഗുരുവിന് എൻറെ പ്രണാമം.

यस्मिन्सृष्टि स्थिति ध्वंस, निग्रहानुग्रहात्मकम् ।
कृत्यं पंचविधं शश्वत्, भासते तं नमाम्यहम् ॥

yasminsṛṣṭi sthiti dhvaṃsa, nigrahānugrahātmakam I
kṛtyaṃ paṃcavidhaṃ śaśvat, bhāsate taṃ namāmyaham II

95. എല്ലാപ്രഭാതത്തിലും ഒരുവൻ തൻറെ ഗുരുവിൻറെ രൂപം, തൻറെ ഇരുപുരികക്കൊടികൾക്കും ഇടയിൽ മുകളിലായി വെളുത്ത താമര പുഷ്പത്തിൽ രണ്ടു കരങ്ങളോടും രണ്ടു നേത്രങ്ങളോടും കൂടി, ഒരുകരത്താൽ വരവും, മറുകരത്താൽ ഭയത്തിൽന്നും സംരക്ഷണം നൽകുന്ന മുദ്രകളും കാട്ടി ഇരിക്കുന്നതായി ഗുരുവിനെ സങ്കല്പിച്ചു പ്രണമിക്കണം.

प्रातः शिरसि शुक्लाब्जे, द्विनेत्रं द्विभुजं गुरुम् ।

वराभययुतं शान्तं, स्मरेत्तं नामपूर्वकम् ॥

prātaḥ śirasi śuklābje, dvinetraṃ dvibhujaṃ gurum I

varābhayayutaṃ śāntaṃ, smarettaṃ nāmapūrvakam II

96. അഭിവന്ദ്യ ഗുരുവിനേക്കാൾ ശ്രേഷ്ഠമായ മറ്റൊന്നുമില്ല, അഭിവന്ദ്യ ഗുരുവിനേക്കാൾ വലിയതായി മറ്റാരും ഇല്ല. അഭിവന്ദ്യ ഗുരുവിനേക്കാൾ മികച്ചത് മറ്റൊന്നും ഇല്ല. ഇതാണ് ഭഗവാൻ പരമശിവൻറെ കൽപ്പന, ഇതാണ് ഭഗവാൻ പരമശിൻറെ പ്രബോധനം, ഇതാണ് ഭഗവാൻ പരമശിവൻറെ പ്രഖ്യാപനം. അവസാനമായിഇതാണ് ഭഗവാൻ പരമശിവൻറെ ദിവ്യ ഹിതം.

नगुरोरधिकं नगुरोरधिकं, नगुरोरधिकं नगुरोरधिकम् ।

शिवशासनतः शिवशासनतः शिवशासनतः शिवशासनतः ॥

naguroradhikaṃ naguroradhikaṃ, naguroradhikaṃ naguroradhikam I

śivaśāsanataḥ śivaśāsanataḥ śivaśāsanataḥ śivaśāsanataḥ II

97. ഇവിടെഞാനും അഭിവന്ദ്യനായ ഗുരുവും തമ്മിൽ ഒരു വ്യത്യാസവും ഇല്ല. (അത് ഇവിടെ അർത്ഥമാക്കുന്നത്

ഭഗവാൻ പരമശിവൻ പാർവതി ദേവിക്ക് ഉപദേശം നൽകുന്നതിനാൽ ഭഗവാൻ ഗുരു തന്നെയാണ്). ഇത് എൻറെ ദിവ്യ ഹിതമാണ്. ഇതുതന്നെയാണ് എൻറെ കൽപ്പനയും സന്ദേശവും.

इदमेव शिवंत्विदमेव शिवं त्विदमेवशिवं त्विदमेवशिवम् ।

मम शासनत˘˚ ममशासनत˘˚, ममशासनत˘˚, ममशासनतः ॥

idameva śivaṃtvidameva śivaṃ tvidamevaśivaṃ tvidamevaśivam I

mama śāsanata mamaśāsanata, mamaśāsanata, mamaśāsanataḥ II

98. ഒരുവൻ ഇപ്രകാരം ഗുരുവിനെ ധ്യാനിക്കുകയാണെങ്കിൽ (ഈ ഭാഗത്ത് മുകളിൽ പറഞ്ഞത് പോലെ) പരമമായ അറിവ് ആ വ്യക്തിയിൽ പരാശക്തിയുടെ സ്വയമേ യുള്ള ഇച്ഛയാൽ ഉദയം കൊള്ളുന്നു. അത് അറിവിൻറെ ഒരു പ്രത്യേക ഗുണമാണ്. അത് സ്വയമേ തന്നെ ഉയർന്നു വരുകയും, ഉദിക്കുകയും ചെയ്യുന്നു. അറിവിനേക്കാൾ ശ്രേഷ്ഠമായ മറ്റൊന്നില്ല. അതിനാൽ സാധാരണബുദ്ധിക്ക് അതിനെ മനസ്സിലാക്കാൻ കഴിയില്ല.

एवं विधं गुरुं ध्यात्वा, ज्ञानमुत्पद्यते स्वयम् ।

तत्सद् गुरुप्रसादेन, मुक्तोऽहमिति भावयेत् ॥

evaṃ vidhaṃ guruṃ dhyātvā, jñānamutpadyate svayam I

tatsad guruprasādena, mukto'hamiti bhāvayet II

99. ഒരുവൻ തൻറെ അഭിവന്ദ്യനായ ഗുരു കാണിച്ചുകൊടുക്കുന്ന പാതയിൽ നടന്ന്തൻറെ മനസ്സിനെ ശുദ്ധീകരിക്കണം. ആത്മാവിൻറെ

സ്വഭാവത്തെ പ്രതിഫലിപ്പിക്കുമ്പോഴോ, വിഭാവനം ചെയ്യുമ്പോഴോ മനസ്സിൽ ഉയർന്നുവരുന്ന എല്ലാ കാര്യങ്ങളെയും വിമർശിക്കുകയോ, ഒഴിവാക്കുകയോ വേണം (അവയെ മനസിൽനിന്നും പൂർണ്ണമായി ഒഴിവാക്കേണം).

गुरुदर्शितमार्गेण, मनः शुद्धिं तु कारयेत् I

अनित्यं खंडयेत् सर्वं, यत्किंचिदात्मगोचरम् II

gurudarśitamārgeṇa, manaḥ śuddhiṃ tu kārayet I

anityaṃ khaṃḍayet sarvaṃ, yatkiṃcidātmagocaram II

100. സത്യം അറിയുവാൻ ആഗ്രഹിക്കുന്ന വിഷയം അല്ലെങ്കിൽ മനസ്സ് കേവലമായ അറിവിൻറെ പ്രകൃതി തന്നെയാണ്. ആ മനസ്സിൽ സാക്ഷാത്കരിക്കേണ്ടതും കേവലമായ അറിവാണ്. അതിനർത്ഥം വിഷയവും, വസ്തുവും ഒന്നുതന്നെയാണ്. ഈ സത്യം തിരിച്ചറിഞ്ഞില്ലെങ്കിൽ സ്വയം തിരിച്ചറിവ് സംഭവിക്കുന്നില്ല. മോക്ഷത്തിനും, മോചനത്തിനും മറ്റൊരു വഴിയും ഇല്ല.

ज्ञेयं सर्वस्वरूपंच, ज्ञानं च मन उच्यते I

ज्ञानं ज्ञेयसमं कुर्यात्, नान्यः पन्था द्वितीयकः II

jñeyaṃ sarvasvarūpaṃca, jñānaṃ ca mana ucyate I

jñānaṃ jñeyasamaṃ kuryāt, nānyaḥ panthā dvitīyakaḥ II

101. മുകളിൽ പറഞ്ഞതുപോലെയുള്ള ആരാധനാർഹനായ ഒരു ഗുരുവിൻറെ മഹത്വം കേട്ടിട്ടും ഒരുവൻ ആ ബഹുമാനപ്പെട്ട ഗുരുവിനെ വിമർശിക്കുന്നത് തുടരുകയാണെങ്കിൽ സൂര്യനും, ചന്ദ്രനും ഉള്ളിടത്തോളം കാലം ആ വ്യക്തി ഭയാനകമായ ശിക്ഷ അനുഭവിക്കേണ്ടി

വരും.

एवं शृत्वा महादेवी, गुरुनिन्दां करोति यः ।

सयाति नरकं घोरं यावचन्द्र दिवाकरौ ॥

evaṃ śṛtvā mahādevī, gurunindāṃ karoti yaḥ I

sayāti narakaṃ ghoraṃ yāvacandra divākarau II

102. ഒരാൾക്ക് പ്രാപഞ്ചിക ചക്രത്തിൻറെ ഭാഗമായി പലവുരു മനുഷ്യ ജന്മം സ്വീകരിക്കേണ്ടി വന്നാലും ഓരോ മനുഷ്യ ജന്മത്തിൻറെയും അവസാനത്തിൽ ഓരോ തവണയും അഭിവന്ദ്യ ഗുരുവിനെ ഓർക്കണം. ഗുരുവിൻറെ ആരാധ്യമായ രൂപം ഓർക്കുന്നതിൽ ഒരു വീഴ്ചയും ഉണ്ടാവരുത്. ഒരു ശിഷ്യനോ, യോഗ പരിശീലിക്കുന്ന ആളോ ഗുരുവിൻറെ നിയന്ത്രണത്തിൽനിന്നും മുക്തനാനെങ്കിൽ കൂടി ഗുരുവിനെ സ്മരിക്കുവാൻ ഒരിക്കലും മറക്കരുത്.

यावत् कल्पान्तको देहस्तावदेव गुरुं स्मरेत् ।

गुरुलो पो न कर्तव्यः, स्वच्छन्दो यदि वा भवेत् ॥

yāvat kalpāntako dehastāvadeva guruṃ smaret I

gurulo po na kartavyaḥ, svacchando yadi vā bhavet II

103. ബുദ്ധിമാന്മാരായ ശിഷ്യന്മാർ ഒരിക്കലും അഭിവന്ദ്യഗുരുവിൻറെ മുൻപാകെ“ ഹം ” എന്ന ശബ്ദം പുറപ്പെടുവിക്കരുത്. (“ഹം” എന്ന ശബ്ദം അനാദരവും, മര്യാദ ഇല്ലായ്മയും അർത്ഥമാക്കുന്നു). അതുപോലെ ഗുരുവുമായി സംവാദത്തിൽ ഏർപ്പെട്ടുകയോ, പൂർണ്ണമായും സത്യമല്ലാത്ത കാര്യങ്ങളെപറ്റി സംസാരിക്കുകയോ ചെയ്യരുത്.

हुंकारेण न वक्तव्यं, प्राज्ञैः शिष्यैः कथञ्चन ।

गुरोरग्रे न वक्तव्य, मसत्यं च कदाचन II

huṃkāreṇa na vaktavyaṃ, prājñaiḥ śiṣyaiḥ kathañcana I

guroragre na vaktavya, masatyaṃ ca kadācana II

104. ഒരുവൻ നീ, നാം, എന്നിങ്ങനെയുള്ള വാക്കുകൾ ഉപയോഗിച്ച്അഹങ്കാരത്തോടെ അല്ലെങ്കിൽ കോപത്തോടെ അഭിവന്ദ്യ ഗുരുവിനോട് സംസാരിക്കാൻ പാടുള്ളതല്ല. അതുപോലെ ഗുരുവിനോട് വാദ പ്രതിവാദത്തിൽ ഏർപ്പെട്ട് അദ്ദേഹതിനുമേൽ വിജയം നേടുന്നതിൽ ആനന്ദം കണ്ടെത്തുന്നതിനായി ശ്രമിക്കരുത്. ആരെങ്കിലും ഈ നിയമങ്ങൾ അവഗണിച്ചാൽ അവൻ രാക്ഷസൻ (ബ്രഹ്മ രക്ഷസ്) ആയി ജന്മം കൊണ്ട് വെള്ളം കിട്ടാത്ത വനപ്രദേശങ്ങളിൽ അലയുവാൻ ഇടയാകും.

गुरु'त्वं' कृत्यहुं - कृत्य, गुरुं निर्जित्य वादतः I

अरण्येनिर्जलेदेशे स भवेत् ब्रह्म राक्षसः II

guru'tvaṃ' kṛtyahuṃ - kṛtya, guruṃ nirjitya vādataḥ I

araṇyenirjaledeśe sa bhavet brahma rākṣasaḥ II

105. ഓ പാർവതി, ആരെങ്കിലും മുനിമാരുടെയോ, നാസ്തികന്മാരുടെയോ (പാമ്പ് കുലം), സ്വർഗ്ഗവാസികൾ (ദേവന്മാർ) ആയവരുടെയോ ശാപത്തിന് ഇരയായാൽ ഒരു അഭിവന്ദ്യ ഗുരുവിന് അവരെ അകാല മരണത്തിൽനിന്നും രക്ഷിക്കുവാൻ ആവും.

मुनिभिः पन्नगैर्वाऽपि सुरैर्वा शापितो यदि I

कालमृत्यु भयाद्वापि, गुरुरक्षति पार्वति II

munibhiḥ pannagairvā'pi surairvā śāpito yadi I

kālamṛtyu bhayādvāpi, gururakṣati pārvati II

106. മറ്റുള്ളവരെ ശപിക്കുവാൻ കഴിവുള്ള സ്വർഗ്ഗ വാസികൾ ആയവർ പോലും ഗുരുവിൻറെ സാന്നിദ്ധ്യത്തിൽ അശക്തരാവും. ഗുരുവിൻറെ ഇടപെടൽ മൂലം അവർ നശിച്ചു പോകും.

अशक्ता हि सुराद्याश्च, अशक्ता मुनयस्तथा ।

गुरुशापेन ते शीघ्रं, क्षयं यान्ति न संशयः ॥

aśaktā hi surādyāśca, aśaktā munayastathā I

guruśāpena te śīghraṃ, kṣayaṃ yānti na saṃśayaḥ II

107. ഓ പാർവതി' ഗുരു എന്ന രണ്ടക്ഷരമുള്ള വാക്ക് എല്ലാ മന്ത്രങ്ങളുടെയും രാജാവാണ്. എലാ മഹത്തായ രചനകളിലും, വേദങ്ങളിലും, ആത്മീയ ഉദ്ധരണികളിലും (സംസ്കൃതത്തിൽ മഹാവാക്യങ്ങൾ എന്ന് വിളിക്കുന്നു) പ്രഖ്യാപിക്കുന്നതെന്തെന്നാൽ ഗുരു എന്ന വാക്ക് ഒരു വ്യക്തിയെ ആത്മ സക്ഷാത്കാരത്തിലേക്കും, മോചനത്തിലേക്കും നയിക്കും എന്നാണ്.

मंत्रराजमिदं देवि, गुरुरित्यक्षर द्वयम् ।

स्मृतिवेदार्ध वाक्येन, गुरुः साक्षात् परंपदम् ॥

maṃtrarājamidaṃ devi, gururityakṣara dvayam I

smṛtivedārdha vākyena, guruḥ sākṣāt paraṃpadam II

108. ഗുരുവിനെ സന്തോഷ പൂർവ്വം സേവിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തി, അയാൾക്ക് എഴുതപ്പെട്ട വിശുദ്ധ ഗ്രന്ഥങ്ങളിലെഅറിവുകളോ, വാമൊഴിയായി തലമുറകൾ കൈമാറിവന്ന അറിവുകളോ ഒന്നുമില്ലെങ്കിൽക്കൂടി വാസ്തവത്തിൽ യഥാർത്ഥ മുനിയോ, സന്യാസിയോ ആയിരിക്കും. ഗുരുസേവയിൽ

ഏർപ്പെടാത്ത മറ്റുള്ളവർ വസ്ത്രധാരണത്തിൽ മാത്രമായിരിക്കും സന്യാസി.

शृति स्मृतिअविज्ञाय, केवलं गुरुसेवकाः ।

ते वै संन्यासिनः प्रोक्ता, इतरे वेषधारिणाः ॥

śṛti smṛtiavijñāya, kevalaṃ gurusevakāḥ I

te vai saṃnyāsinaḥ proktā, itare veṣadhāriṇāḥ II

109 – 110. ഗുരുകൃപയാൽ ഓരോരുത്തരും അവരവരുടെ ഉള്ളിൽ ഉള്ള ദൈവികതയെ, ആത്മാവിനെ ധ്യാനിക്കണം .ആത്മാവിൻറെ സത്ത അറിയപ്പെടാത്തതും, അനന്തവും, ശാശ്വതവും ആണെന്ന് ഒരുവൻ തിരിച്ചറിയണം. അത് സർവശക്തൻ ആണ്. (പരബ്രഹ്മം). അത് ഏതെങ്കിലും പ്രത്യേക ഗുണമോ,രൂപമോ ഇല്ലാത്തതാണ്. എല്ലാം ബ്രഹ്മമാകുന്നു (പരമ ദൈവികത). അത് ഒരു വിളക്കിൽ നിന്നും മറ്റൊരു വിളക്കിലേക്ക് വെളിച്ചം പകരുന്ന വിളക്ക് പോലെയാണ്. വിളക്ക് തെളിഞ്ഞാൽ ആദ്യത്തെ വിളക്കും രണ്ടാമത് തെളിച്ച വിളക്കും തമ്മിൽ വ്യത്യാസം ഒന്നും ഇല്ലാത്തതുപോലെ രണ്ടുമനുഷ്യർ തമ്മിലും ഒരു വ്യത്യാസവും കാണുവാൻ പാടില്ല .എല്ലാവരും ഒന്നുതന്നെ. ഗുരുശിഷ്യ ബന്ധത്തിൻറെ സത്ത ഇതുതന്നെ. അല്ലെങ്കിൽ ഗുരുശിഷ്യ ബന്ധത്തിലൂടെ ഒരുവൻ അറിവിൻറെ വഴിയിലേക്ക് പ്രവേശിക്കുന്നു.

नित्यं ब्रह्मनिराकारं निर्गुणं बोधयेत् परम् ।

सर्वं ब्रह्म निराभासं दीपो दीपान्तरं यथा ॥

गुरोःकृपा प्रसादेन, आत्मारामं निरीक्षयेत् ।

अनेन गुरुमार्गेण, स्वात्म ज्ञानं प्रवर्तते ॥

nityaṃ brahmanirākāraṃ nirguṇaṃ bodhayet param I

sarvaṃ brahma nirābhāsaṃ dīpo dīpāntaraṃ yathā II

guroḥkṛpā prasādena, ātmārāmaṃ nirīkṣayet I

anena gurumārgeṇa, svātma jñānaṃ pravartate II

111. ഈ പ്രപഞ്ചത്തിലെ ചലിക്കുന്നതും, ചലിക്കാത്തതുമായപുൽക്കൊടി മുതൽ, ദൈവതം വരെ വാസ്തവത്തിൽ ബ്രഹ്മത്തിൻറെയോ ഗുരുവിൻറെയോ രൂപങ്ങൾ ആണ്. ആയതിനാൽ അഭിവന്ദ്യ ഗുരുവിനെ പ്രണമിക്കുന്നു.

आब्रह्मस्तम्ब पर्यन्तं परमात्म स्वरूपकम् I

स्थावरं जंगमं चैव, प्रणमामि जगन्मयम् II

ābrahmastamba paryantaṃ paramātma svarūpakam I

sthāvaraṃ jaṃgamaṃ caiva, praṇamāmi jaganmayam II

112. എൻറെ വ്യക്തിഗത ആത്മാവിൻറെ രൂപത്തിൽ ഉള്ള ശാശ്വതമായ ഗുരു തത്വത്തിനു പ്രണാമം. അഭിവന്ദ്യ ഗുരുവിൻറെ രൂപം ഏകമാണ്. അതിനു വ്യത്യസ്ത രൂപങ്ങളില്ല. അത് കേവലമായ അറിവ്, കേവലമായ ആനന്ദം, കേവലമായ അസ്ഥിത്വം ഇവ ഉൾക്കൊള്ളുന്നതാണ്. അത് കേവല സത്യം ആണ്. സമ്പൂർണ്ണമാണ്. (അതിൻറെ അപൂർണ്ണതയെക്കുറിച്ചുള്ള അറിവില്ല) രൂപമില്ലാത്തതും, ലക്ഷണമില്ലത്തതും ആകുന്നു.

वन्देऽहं सच्चिदानंदं, भेदातीतं सदा गुरुम् I

नित्यं पूर्णं निराकारं, निर्गुणं स्वात्म संस्थितम् II

vande'haṃ saccidānaṃdaṃ, bhedātītaṃ sadā gurum I

nityaṃ pūrṇaṃ nirākāraṃ, nirguṇaṃ svātma saṃsthitam II

113. ഗുരുവിൻറെ ബഹുമാന്യ രൂപം പരമാനന്ദം നിറച്ചു

വച്ചത് പോലെയാണ്. പരിശുദ്ധമായ സ്ഫടികം പോലെ ഏവരുടെയും ഹൃദയത്തിൻറെ നടുക്ക് വസിക്കുന്നു. അത്തരത്തിൽ ഉള്ള ശുദ്ധമായ രൂപത്തെ ആരാധിക്കണം.

परात्परतरं ध्येयं, नित्यमानन्दकारकम् ।

हृदयाकाश मध्यस्थं, शुद्धस्फटिक सन्निभम् ॥

parātparataraṃ dhyeyaṃ, nityamānandakārakam I

hṛdayākāśa madhyasthaṃ, śuddhasphaṭika sannibham II

114. സ്ഫടികത്തിൻറെ ശുദ്ധമായ രൂപം ഒരു കണ്ണാടിയിൽ ശാന്തമായി പ്രതിഫലിക്കുന്നു. അതുപോലെആനന്ദത്താൽ നിറഞ്ഞ മനസ്സ് ആത്മാവെന്ന ശാന്തമായ ജലാശയത്തിൽ ശാന്തമായി പ്രതിഫലിക്കുന്നു. (ആത്മാവിനെ ശാന്തമായ ജലാശയമായി ഉപമിച്ചിരിക്കുന്നു). വളരെക്കാലമായി അന്വേഷിച്ചുനടന്ന ദൈവികത തൻറെ ഉള്ളിൽ തന്നെയാണെന്ന് ശിഷ്യൻ പതിയെ മനസ്സിലാക്കുന്നു. (ഞാൻ തന്നെയാണ് അത് എന്ന മഹത്തായ വാക്കിൻറെ സാരാംശം അവൻ മനസ്സിലാക്കുന്നു).

स्फटिक प्रतिमारूपं, दृश्यते दर्पणे यथा ।

तदात्मनि चिदाकार मानंदं सोऽहामित्युत ॥

sphaṭika pratimārūpaṃ, dṛśyate darpaṇe yathā I

tadātmani cidākāra mānaṃdaṃ so'hāmityuta II

115. ഓ ദേവി പാർവതി, ഒരു തള്ളവിരലിൻറെ വലിപ്പത്തിൽ ഉള്ള പരമാനന്ദത്തിൻറെ തീ എല്ലാവരുടെയും ഹൃദയത്തിൽ എങ്ങിനെ

സാക്ഷാത്കരിക്കുന്നു എന്നത് ഞാൻ വിശദമാക്കാം. (വ്യത്യസ്തങ്ങളായ ചക്രങ്ങൾ അഥവാ ഊർജ്ജകേന്ദ്രങ്ങൾ മനുഷ്യ ശരീരത്തിലെ നട്ടെല്ലും തലച്ചോറുമായി ബന്ധപ്പെട്ട ഭാഗങ്ങളിൽ സ്ഥിതി ചെയ്യുന്നു. സംകൃതഗ്രന്ഥങ്ങൾ വിശദീകരിക്കുന്നത് മനുഷ്യ ശരീരത്തിൽ ആത്മാവിൻറെ വാസസ്ഥലം " അനാഹതാചക്രം എന്ന അഞ്ചാം ചക്രത്തിൽ ആണെന്നാണ്. അത് പെരുവിരലിൻറെ വലിപ്പത്തിൽ അഗ്നിജ്വാലയുടെ രൂപത്തിൽ അദൃശ്യമായി ഇരിക്കുന്നു).

अंगुष्ठमात्र पुरुषं ध्यायतश्चिन्मयं हृदि ।

तत्र स्फुरति भावोयः शृणुतं कथयाम्यहम् ॥

aṃguṣṭhamātra puruṣaṃ dhyāyataścinmayaṃ hṛdi I

tatra sphurati bhāvoyaḥ śṛṇutaṃ kathayāmyaham II

116. ഓ ദേവി പാർവതി, അറിഞ്ഞാലും, പരമമായ ആത്മാവ് (വ്യക്തിഗത ആത്മാവ്) അല്ലെങ്കിൽ ബ്രഹ്മം (പരബ്രഹ്മം, സർവ്വശക്തൻ) ദൃശ്യവത്ക്കരിക്കാൻ കഴിയാത്തതും, മനസിലാക്കാൻ കഴിയാത്തതും, രൂപമില്ലാത്തതും, നാമമില്ലാത്തതും, ശബ്ദം ഇല്ലാത്തതും ആകുന്നു.

अगोचरं तथाऽगम्यं, नामरूप विवर्जितम् ।

निः शब्दं तद्विजानीयात्, स्वभावं ब्रह्म पार्वती ॥

agocaraṃ tathā'gamyaṃ, nāmarūpa vivarjitam I

niḥ śabdaṃ tadvijānīyāt, svabhāvaṃ brahma pārvatī II

117. പുഷ്പങ്ങളും, കർപ്പൂരവും പ്രകൃത്യാ സുഗന്ധം പരത്തുന്നതുപോലെ ചൂടും, തണുപ്പും സ്വാഭാവിക പ്രതിഭാസമാണ്. അതുപോലെ പരബ്രഹ്മം

(സർവശക്തൻ, ദിവ്യത്വം) പ്രകൃതിയിൽ ശാശ്വതമാണ്.

यथागन्धः स्वभावेन, कर्पूर कुसुमादिषु ।

शीतोष्णादि स्वभावेन, तथाब्रह्मच शाश्वतम् ॥

yathāgandhaḥ svabhāvena, karpūra kusumādiṣu I

śītoṣṇādi svabhāvena, tathābrahmaca śāśvatam II

118. ലാർവകൾ ആന്തരികമായി ശ്രദ്ധ കേന്ദ്രീകരിച്ച് ഒരു തേനീച്ചയായി രൂപാന്തരപ്പെടുന്നതുപോലെ ഒരു വ്യക്തിഗത ആത്മാവ് (മനുഷ്യനായി ജന്മം കൊണ്ട്) പതിയെ അവൻറെ ദൈവിക പ്രകൃതി തൻറെ അഭിവന്ദ്യ ഗുരുവിനെ നിരന്തരം ധ്യാനിച്ച് പ്രത്യക്ഷപ്പെടുത്തുന്നു (ആത്മസാക്ഷാത്കാരം നേടുന്നു).

स्वयं तथा विधो भूत्वा, स्थातव्यं यत्र कुत्र चित् ।

कीटभ्रमरवत्तत्र, ध्यानं, भवति तादृशम् ॥

svayaṃ tathā vidho bhūtvā, sthātavyaṃ yatra kutra cit I

kīṭabhramaravattatra, dhyānaṃ, bhavati tādṛśam II

119. ഒരുവൻ മുകളിൽ പറഞ്ഞ രീതിയിൽ തൻറെ ഗുരുവിനെ ധ്യാനിക്കുകയാണെങ്കിൽ അവൻ ബ്രഹ്മത്തിനൊപ്പം (സർവശക്തൻ, ദിവ്യൻ) ഒന്നായിത്തീരുന്നു. അവൻ സൃഷ്ടി ശക്തിയുടെ പ്രഭാവത്തിൽ നിന്നും മോചിതനാകുന്നു. ഭാവിയിൽ മനുഷ്യ ഭ്രൂണമായി (അഥവാ “പിണ്ഡം“) രൂപം കൊള്ളുന്നതിൽ നിന്നും മോചിതനാകുന്നു. ചലിക്കുന്ന ജീവശക്തിയുടെ പ്രഭാവത്തിൽ നിന്നും അഥവാ ജീവശക്തി ഉള്ളിൽ ചലിക്കുന്ന ഒരു ജീവിയായി ജനിക്കുന്നതിൽ നിന്നും (പാഡി ശക്തി), രൂപം (മനുഷ്യ രൂപം, അല്ലെങ്കിൽ രൂപ) കൈക്കൊള്ളുന്ന

പ്രഭാവത്തിൽ നിന്നും മോചിതനാകുന്നു. (ഇവിടെ അനാദിയായ ശക്തി മൂന്നു ഗുണങ്ങൾ കാട്ടുന്നു. സൃഷ്ടിക്കുവാനും, ഒരുരൂപം കൈക്കൊള്ളുവാനും, ചലിക്കുവാനും. അവമൂന്നും മനുഷ്യ സൃഷ്ടിക്കുകാരണമാകുന്നു).

गुरुध्यानं तथाकृत्वा, स्वयं ब्रह्ममयो भवेत् I

पिण्डेपदे तथारूपे, मुक्त्तोऽसौ नात्रसंशयः II

gurudhyānaṃ tathākṛtvā, svayaṃ brahmamayo bhavet I

piṇḍepade tathārūpe, muktto'sau nātrasaṃśayaḥ II

120. ദേവി പാർവതി ഇപ്രകാരം പറഞ്ഞു, " ഓഭഗവാൻ, ശങ്കരാ എന്താണ് പിണ്ഡ എന്നത്, പാഡ എന്ന് വിശേഷിപ്പിച്ചത് എന്താണ്, രൂപത്തിനതീതമായതെന്നും രൂപം എന്നും വിശേഷിപ്പിച്ചത് എന്തിനെയാണ്, വിശദീകരിച്ചാലും.

पिण्डं किं तु महादेव, पदं किं समुदाहृतम् I

रूपातीतं च रूपं किं, एतदाख्याहि शंकर II

piṇḍaṃ kiṃ tu mahādeva, padaṃ kiṃ samudāhṛtam I

rūpātītaṃ ca rūpaṃ kiṃ, etadākhyāhi śaṃkara II

121. മഹാനായ ഭഗവാൻ (ശങ്കരൻ അഥവാ പരമശിവൻ) ഇപ്രകാരം പറഞ്ഞു, പിണ്ഡ യുടെ അർഥം കുണ്ഡലിനി ശക്തി എന്നാണ്. അല്ലെങ്കിൽ പരിണാമത്തിൻറെ അദൃശ്യമായ, സ്വയം ശക്തിയുള്ള (മനുഷ്യ ഭ്രൂണത്തിലേക്ക്), അല്ലെങ്കിൽ സൃഷ്ടി പരമായ ശക്തി. പാഡ എന്നാൽ ശ്വാസം അല്ലെങ്കിൽ ചലനാത്മകമായി പ്രത്യക്ഷപ്പെടുന്ന ജീവൽ ശക്തി, രൂപ എന്നാൽ ഒരു രൂപം ഉള്ളത് അല്ലെങ്കിൽ ഒരു ബിന്ദു.

എല്ലാ രൂപങ്ങളുടെയും സൂക്ഷ്മമായ കാരണം. പുരാതനമായ സംസ്കൃത ഗ്രന്ഥങ്ങൾ അനുസരിച്ച് പ്രപഞ്ചം നാട, ബിന്ദു എന്നിവയിൽനിന്നും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അല്ലെങ്കിൽ യഥാക്രമം ഒരു ബിന്ദുവും വൃത്താകൃതിയിലുള്ള ചലനവും, കൂടാതെ അവ രൂപങ്ങളോ, ഗുണങ്ങളോ ഇല്ലാത്തവയും ആകുന്നു. (ഇവിടെ അത് ബ്രഹ്മമോ, സർവ്വശക്തനോ, ദിവ്യത്വമോആകുന്നു. ഇവിടെ അതിനെ രൂപം ഇല്ലാത്തതായി പരാമർശിക്കുന്നു).

पिण्डं कुंडलिनी शक्तिः पदं हंस मुदाहृतम् I
रूपं बिंदुरिति ज्ञेयं, रूपातीतं निरंजनम् II

piṇḍaṃ kuṃḍalinī śaktiḥ padaṃ haṃsa mudāhṛtam I
rūpaṃ biṃduriti jñeyaṃ, rūpātītaṃ niraṃjanam II

122. പിണ്ഡ, പാഡ, രൂപ എന്നീ മൂന്നു ശക്തികളുടെയും സ്വാധീനത്തിൽ നിന്നും മോചിതനായ (പിണ്ഡ - സൃഷ്ടി പരമായ ശക്തി, പാഡ- ചലനമായി പ്രകടമാകുന്ന ജീവൽ ശക്തി, രൂപ- രൂപമായി രൂപപ്പെടുന്ന ശക്തി) വ്യക്തി യഥാർത്ഥത്തിൽ (ജനന മരണ ചക്രത്തിൽ നിന്നും) സ്വതന്ത്രനാകുന്നു അല്ലെങ്കിൽ ആത്മസാക്ഷാത്ക്കാരം നേടുന്നു, അല്ലെങ്കിൽ പരിത്രാണം നേടുന്നു.അതിൽ സംശയമേതുമില്ല.

पिण्डे मुक्ता पदेमुक्ता, रूपेमुक्ता वरानने I
रूपातीत तु ये मुक्तास्ते मुक्ता नात्र संशयः II

piṇḍe muktā pademuktā, rūpemuktā varānane I
rūpātīta tu ye muktāste muktā nātra saṃśayaḥ II

123. ഒരാൾ സർവ്വ വ്യാപി ആകേണം (ഒരാൾ സർവ്വ

വ്യാപിയായ ബ്രഹ്മവുമായി അല്ലെങ്കിൽ ദൈവതവുമായി ലയിക്കണം). പരമോന്നത തത്വമോ, അല്ലെങ്കിൽ പരമമായതിൻറെ സത്തയോതിരിച്ചറിയണം. ഗുരുതത്ത്വമോ, പരമമായതത്ത്വമോ അല്ലാതെ മറ്റൊന്നും തന്നെയില്ല. ബാക്കിയൊന്നിനും തന്നെ നിലനിൽപ്പിൻറെ യാതൊരു അടിസ്ഥാനവും ഇല്ല. എന്തെന്നാൽ ഗുരുതത്ത്വമല്ലാതെ മറ്റൊന്നിനും അതിൻറെ വാസസ്ഥാനമെന്ന നിലയിൽ നിലനിൽപ്പിന് അടിസ്ഥാനമില്ല.

स्वयं सर्वमयो भूत्वा, परं तत्त्वं विलोकयेत् I

परात्पर तरं नान्यत् , सर्वमेतन्निरालयम् II

svayaṃ sarvamayo bhūtvā, paraṃ tattvaṃ vilokayet I

parātpara taraṃ nānyat , sarvametannirālayam II

124. പരമമായ ഗുരുവിൻറെ കൃപയാൽ പരമമായ സത്യത്തിൻറെ പ്രകൃതി തിരിച്ചറിഞ്ഞ ശേഷം (ഗുരുതത്ത്വത്തെ) അവൻ എല്ലാ കെട്ടുപാടുകളും ആസക്തിയും ഉപേക്ഷിച്ച് ഏകാന്തതയിൽ ഇരിക്കണം.

तस्यावलोकनं प्राप्य, सर्व संग विवर्जितम् I

एकाकी निःस्पृह शान्तस्तिष्ठासेत् तत्प्रसादतः II

tasyāvalokanaṃ prāpya, sarva saṃga vivarjitam I

ekākī niḥspṛha śāntastiṣṭhāset tatprasādataḥ II

125. ആനന്ദം നിറഞ്ഞ മനസിൽ ഒരാൾ പൂർണ്ണ സംതൃപ്തൻ ആയിരിക്കണം. അവൻറെ കർമങ്ങൾക്കനുസരിച്ച് (അവനിൽ മുൻകാല പ്രവർത്തികൾ മൂലം അടിഞ്ഞു കൂടിയ മതപരമായ യോഗ്യത) അവൻ എന്തെങ്കിലും ഭൌതികമായ വസ്തുക്കൾ നേടിയാലും

ഇല്ലെങ്കിലും അങ്ങനെതന്നെ തുടരണം. അതുപോലെഒരാൾ നേടിയ വസ്തുക്കളെ, അത് ചെറുതായാലും, വലുതായാലും ആരും തന്നെ ആഗ്രഹിക്കുകയോ, അവനെ ശല്യം ചെയ്യുകയോ ചെയ്യരുത്.

लब्धं वाऽधन लब्धं वा, स्वल्पं वा बहुळं तधा ।

निष्कामेनैव भोक्तव्यं, सदा सन्तुष्ट चेतसा ॥

labdhaṃ vā'dhana labdhaṃ vā, svalpaṃ vā bahuḻaṃ tadhā I

niṣkāmenaiva bhoktavyaṃ, sadā santuṣṭa cetasā II

126. സ്വതന്ത്രനാക്കപ്പെട്ട മനസ്സ്എല്ലാം അറിയുന്നു. തൽഫലമായി ഒരു മനുഷ്യ ശരീരത്തിൽ വസിക്കുന്ന ആ പ്രത്യേക യോഗ്യതയുള്ള വ്യക്തി (ഇവിടെ വ്യക്തിഗത ആത്മാവ് എന്നർത്ഥം) എല്ലാത്തിലും ഏകമായിത്തീരുന്നു. അതിനാൽ അവൻ എല്ലായ്പ്പോഴും പരമമായ ആനന്ദത്തോടെ ശാന്തനും, സ്ഥിരതയുള്ളവനുമായിരിക്കണം.

सर्वज्ञ पदमित्याहु, र्देही सर्वमयो बुधाः ।

सदानंदः सदाशान्तो, रमते यत्र कुत्र चित् ॥

sarvajña padamityāhu, rdehī sarvamayo budhāḥ I

sadānaṃdaḥ sadāśānto, ramate yatra kutra cit II

127. ഓ ദേവി പാർവതി, ഞാൻ ഇവിടെ ഇതുവരെ വിമോചിതനായ ഒരു മനുഷ്യൻറെ ഗുണങ്ങൾ വിശദീകരിച്ചു. എവിടെയാണോ അത്തരമൊരു മനുഷ്യൻ താമസിക്കുന്നത് ആ സ്ഥലം വിശുദ്ധവും, പുണ്യവും ആയിരിക്കുന്നു.

यत्रैव तिष्ठते सोऽपि स देशः पुण्यभाजनम् ।

मुक्तस्य लक्षणं देवि, तवाग्रे कथितं मया ॥

yatraiva tiṣṭhate so'pi sa deśaḥ puṇyabhājanam I

muktasya lakṣaṇaṃ devi, tavāgre kadhitaṃ mayā II

128. പ്രിയപ്പെട്ട ദേവി, അഭിവന്ദ്യനായ ഗുരുവിനെ ആരാധിച്ച് ഒരാൾ എങ്ങനെമോക്ഷം (ആത്മസാക്ഷാത്കാരം, വിമോചനം) നേടുന്നു എന്ന് ഞാൻ വിശദീകരിച്ചു. അതുപോലെ അഭിവന്ദ്യനായ ഗുരുവിനെ ധ്യാനിച്ച്, ആരാധിക്കുന്നതിൻറെ ലക്ഷ്യവും വിശദീകരിച്ചു.

उपदेशस्तथा देवि, गुरुमार्गेण मुक्तिदः ।

गुरुभक्ति स्तथा ध्यानं, सकलं तव कीर्तितम् ॥

upadeśastathā devi, gurumārgeṇa muktidaḥ I

gurubhakti stathā dhyānaṃ, sakalaṃ tava kīrtitam II

129. മഹനീയമായി ചിന്തിക്കുന്ന ഓദേവിപാർവതി, മേൽപ്പറഞ്ഞ യോഗാഭ്യാസങ്ങൾ ഏറ്റെടുക്കുന്നതിലൂടെ, പ്രയതിക്കുന്നതിലൂടെ, പൊതു സമൂഹത്തിന് എന്ത് പ്രയോജനം ലഭിക്കുമെന്ന് ഞാൻ വിശദീകരിക്കാം. ഈ പരിശീലനങ്ങൾ ഭൌതികമായ പ്രകൃതിയോടു കൂടിയതാണെന്ന് ആരും തെറ്റിദ്ധരിക്കരുത്. (ഈ പരിശീലനങ്ങൾ ചെയ്യുന്നവർക്ക് ഭൌതികമായ ചില നേട്ടങ്ങൾ ഉണ്ടായെന്നു വരാം. അവ ഉപോൽപ്പന്നങ്ങൾ മാത്രമാണ്. ആയതിനാൽ തെറ്റായ നിഗമനങ്ങളിൽ ആരും എത്തരുത്). മുകളിൽ പറഞ്ഞത് അല്ലെങ്കിൽ വിശദീകരിച്ചത് എല്ലാം തീർച്ചയായും ദൈവിക സ്വഭാവങ്ങൾ അല്ലെങ്കിൽ ദൈവിക പ്രകൃതി മാത്രമാണ്.

अनेन यद् भवेत्कार्यं, तद्वदामि महामते ।
लोकोपकारकं देवि, लौकिकं तु न भावयेत् ॥
anena yad bhavetkāryaṃ, tadvadāmi mahāmate I
lokopakārakaṃ devi, laukikaṃ tu na bhāvayet II

130. ജ്ഞാനികൾ അല്ലാത്ത മനുഷ്യർ അവരുടെകർമ്മങ്ങൾ (ഭൂതം, ഭാവി, വർത്തമാന കാല ജീവിതത്തിലെ പ്രവർത്തികളിലൂടെ ഓരോരുത്തരും നേടിയ മതപരമായ സുകൃതവും, ന്യൂനതകളും കാരണം) അനുസരിച്ച് ലൌകിക ജീവിതത്തിൻറെ സമുദ്രത്തിൽ മുങ്ങി മരിക്കുന്നു. ജ്ഞാനികളും ചില കർമ്മങ്ങൾ ചെയ്യുന്നുണ്ട് എങ്കിലും അവരുടെ മനോനിലയിലെ പ്രത്യേക അവസ്ഥകൾ മൂലം അവഅഭിനിവേശമോ, ആസക്തിയോ, ബന്ധനമോ ഇല്ലാത്തതായതിനാൽ ആ കർമങ്ങളിൽ അവർ ബന്ധനസ്ഥരാവുന്നില്ല. അല്ലെങ്കിൽ അത്തരം പ്രവർത്തനങ്ങൾ അവരെ ഒന്നുമായും, ആരുമായുംബന്ധിപ്പിക്കുന്നില്ല. (ഇവിടെ അർത്ഥമാക്കുന്നത് അത്തരം പ്രവത്തികൾക്ക് അനന്തര ഫലങ്ങൾ ഉണ്ടാകില്ല. അല്ലെങ്കിൽ കാര്യ കാരണ നിയമങ്ങളിൽ നിന്നും മുക്തമാണ്).

लौकिकात्कर्मणो यान्ति, ज्ञान हीना भवार्णवम् ।
ज्ञानी तु भावयेत्सर्वं, कर्म निष्कर्म यत्कृतम् ॥
laukikātkarmaṇo yānti, jñāna hīnā bhavārṇavam I
jñānī tu bhāvayetsarvaṃ, karma niṣkarma yatkṛtam II

131. ആരെങ്കിലും ഈ ഗുരുഗീത (ഈ പുസ്തകം) വായിക്കുകയോ, കേൾക്കുകയോ ചെയ്യുകയോ, അതിൻറെ പകർപ്പ് ഉണ്ടാക്കുകയോ, അത് മറ്റുള്ളവർക്ക്

(സർവ്വേശ്വരനോടുള്ളഭക്തിമൂലം) ഭക്തി പുരസ്സരം സമ്മാനിക്കുകയോ ചെയ്താൽ ഈ ലൌകിക ലോകത്ത് ലൌകിക പ്രശ്നങ്ങളിൽ നിന്നും അവർ മുക്തരാകും.

इदंतु भक्ति भावेन, पठते शृणुते यदि I

लिखित्वा तत्प्रदातव्यं, दानं दक्षिणया सह II

idaṃtu bhakti bhāvena, paṭhate śṛṇute yadi I

likhitvā tatpradātavyaṃ, dānaṃ dakṣiṇayā saha II

132. ഓ ദേവി , പരമ സത്യത്തിൻറെ സത്ത ഇതാ ഞാൻ ഗുരുഗീതയുടെ രൂപത്തിൽ വെളിപ്പെടുത്തിയിരിക്കുന്നു.ജനന മരണ ചക്രത്തിൻറെ പിടിയിൽ നിന്നും സ്വതന്ത്രനാക്കപ്പെടുവാൻ ഒരുവൻ ഈ പുസ്തകം ആവർത്തിച്ചു പഠിച്ചുകൊണ്ടിരിക്കണം.

गुरुगीतात्मकं देवि, शुद्धतत्त्वं मयोदितम् I

भवव्याधि विनाशार्थं, स्वयमेव जपेत्सदा II

gurugītātmakaṃ devi, śuddhatattvaṃ mayoditam I

bhavavyādhi vināśārthaṃ, svayameva japessadā II

133. ഗുരുഗീത എന്ന വാക്കിലെ ഒരു അക്ഷരം പോലും ഈ പുസ്തകം ആവർത്തിച്ചു വായിക്കുന്ന സമയം ഉച്ചരിക്കുന്നതിലൂടെമറ്റേതു മന്ത്രം ഉരുവിടുന്നതിലും മികച്ച ഗുണം ചെയ്യുന്നു, മറ്റെല്ലാ മന്ത്രങ്ങളിലും ശ്രേഷ്ഠമാണ്. മറ്റെല്ലാ മന്ത്രങ്ങളും ശ്രേഷ്ഠമാണ്. മറ്റെല്ലാ മന്ത്രങ്ങൾക്കും വിലയുണ്ട്. എന്നാൽ ഗുരുഗീതയുടെ ഒരു അക്ഷരത്തിൻറെ പതിനാറിൽ ഒന്നുമാത്രം.

गुरुगीताक्षरैकं तु, मंत्रराजमिमं जपेत् I

अन्येच, विविधा मंत्राः कलां नार्हन्ति षोडशीम् II

gurugītākṣaraikaṃ tu, maṃtrarājamimaṃ japet I

anyeca, vividhā maṃtrāḥ kalāṃ nārhanti ṣoḍaśīm II

134. ഗുരുഗീതയുടെ ആവർത്തിച്ചുള്ള പഠനത്തിൽ ഏർപ്പെടുന്നതിലൂടെ വളരെ പ്രത്യേകമായ ഒരു മത യോഗ്യത എല്ലാവർക്കും ലഭിക്കും. അവരുടെ എല്ലാ പാപങ്ങളും, തെറ്റായ പ്രവർത്തികളും നശിപ്പിക്കപ്പെടും. ഒപ്പം എല്ലാ ദാരിദ്ര്യങ്ങളും, ദുരിതവും, കഷ്ടപ്പാടും ഇല്ലാതാവും.

अनन्त फलमाप्नोति, गुरुगीता जपेन तु ।

सर्वपाप प्रशमनं, सर्वदारिद्र्य नाशनम् ॥

ananta phalamāpnoti, gurugītā japena tu I

sarvapāpa praśamanaṃ, sarvadāridrya nāśanam II

135 -136. ഗുരുഗീതയുടെ ആവർത്തിച്ചുള്ള പഠനം മൂലം അകാല മരണം സംബന്ധിച്ച ഭയം നീക്കപ്പെടും. പ്രേതങ്ങൾ, പിശാചുക്കൾ, ദുരാത്മാക്കൾ, സിംഹങ്ങൾ പോലെയുള്ള കാട്ട്മൃഗങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട എല്ലാ ഭയങ്ങളും നീങ്ങുന്നു. ശക്തവും വലുതുമായ എല്ലാ രോഗങ്ങളും നശിപ്പിക്കപ്പെടുന്നു. എല്ലാത്തരം അഭിവൃദ്ധിയും ലഭിക്കുന്നു. എതിർ ലിംഗത്തിലുള്ളവരുടെ സ്നേഹം ആകർഷിക്കുന്നതിനായും, മറ്റു സൃഷ്ടികളെ കീഴ്പ്പെടുത്തുന്നതിനായുള്ള ശക്തി നേടുന്നതിനായും ചെയ്യുന്ന താന്ത്രിക പരിശീലനങ്ങളിൽ പോലും ഒരാൾ പൂർണ്ണത കൈവരിക്കുന്നു. അത്തരം എല്ലാ പ്രവർത്തനങ്ങൾക്കും ഫലം സിദ്ധിക്കുന്നതിന് (അല്ലെങ്കിൽ പൂർണ്ണത നേടുന്നതിന്) ഗുരുഗീതയുടെ ആവർത്തിച്ചുള്ള പാരായണം പതിവായി ചെയ്യണം.

कालमृत्युभयहरं, सर्वसंकट नाशनम् ।

यक्षराक्षस भूतानां, चोरव्याघ्र भयापहम् ॥
महाव्याधिहरं सर्वं, विभूति सिद्धिदं भवेत् ।
अथवा मोहनं वश्यं, स्वयमेव जपेत्सदा ॥
kālamṛtyubhayaharaṃ, sarvasaṃkaṭa nāśanam I
yakṣarākṣasa bhūtānāṃ, coravyāghra bhayāpaham II
mahāvyādhiharaṃ sarvaṃ, vibhūti siddhidaṃ bhavet I
athavā mohanaṃ vaśyaṃ, svayameva japetsadā II

137-139. ഓദേവി, ഞാൻ ഇപ്പോൾ വ്യത്യസ്തങ്ങളായ രീതിയിൽ ഇരുന്ന് (ധ്യാനത്തിനായി ഇരിക്കുന്നത് പോലെ) ഗുരുഗീത പാരായണം ചെയ്യുന്നതിലൂടെ ഉണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ച് വിശദീകരിക്കാം. (സംസ്കൃതത്തിൽ ആസനങ്ങൾ എന്ന് വിളിക്കുന്നു. ഭാവങ്ങൾ എന്ന് തെറ്റിദ്ധരിക്കരുത്). തുണികൊണ്ടുള്ള ഇരിപ്പിടത്തിൽ ഇരുന്ന് ഗുരുഗീത പാരായണം നടത്തുന്നത് ദാരിദ്ര്യത്തെ ആകർഷിക്കുന്നു. പാറ കൊണ്ടുള്ള ഇരിപ്പിടം രോഗത്തിന് കാരണമാകുന്നു. വെറും മണ്ണിൽ, ഭൂമിയിൽ, ഇരുന്നു പാരായണം ചെയ്യുന്നത് ദുഖത്തിന് കാരണമാകും. മരം കൊണ്ട് നിർമ്മിച്ച ഇരിപ്പിടത്തിൽ ഗുരുഗീത പാരായണം ഉപയോഗശൂന്യവും. (യാതൊരുഫലവും ഉണ്ടാക്കില്ല.) കറുത്ത മാൻ തൊലി കൊണ്ട് നിർമിച്ച ഇരിപ്പിടത്തിൽ ഇരുന്നു പാരായണം ചെയ്താൽ അത് അറിവിനെ നൽകുന്നു. , കടുവയുടെ തോലിൽ നിർമ്മിച്ച ഇരിപ്പിടത്തിൽ ഇരുന്നു പാരായണം ചെയ്താൽ ആത്മസാക്ഷാത്കാരവും, സമ്പത്തിൻറെ ദേവതയുടെ കടാക്ഷവും ഉണ്ടാക്കുന്നു. പവിത്രമായ“ കുഷ“ (ശരിയായ അർഥം അറിവില്ല) പുല്ലിനാൽ നിർമ്മിച്ച

ഇരിപ്പിടത്തിൽ ഇരുന്നു ഗുരുഗീത പാരായണം ചെയ്താൽ ജ്ഞാനം ലഭിക്കുന്നു. കമ്പിളിയിൽ നിർമ്മിച്ച ഇരിപ്പിടത്തിൽ ആവട്ടെ പാരായണം എങ്കിൽ എല്ലാ അമാനുഷിക ശക്തികളും കൈവരിക്കുന്നു.

वस्त्रासने च दारिद्र्य, पाषाणेरोग संभवः ।

मेदिन्यां दुःखमाप्नोति, काष्टे भवति निष्फलम् ॥

कृष्णाजिने ज्ञानसिद्धि, र्मोक्ष श्री र्व्याघ्रचर्मणि ।

कुशासने ज्ञानसिद्धिः सर्वसिद्धिस्तु कम्बले ॥

कुशैर्वा दुर्वया देवि, आसने शुभ्र कम्बले ।

उपविश्य ततो देवि, जपेदेकाग्रमानसः ॥

vastrāsane ca dāridrya, pāṣāṇeroga saṃbhavaḥ I

medinyāṃ duḥkhamāpnoti, kāṣṭe bhavati niṣphalam II

kṛṣṇājine jñānasiddhi, rmokṣa śrī rvyāghracarmaṇi I

kuśāsane jñānasiddhiḥ sarvasiddhistu kambale II

kuśairvā durvayā devi, āsane śubhra kambale I

upaviśya tato devi, japedekāgramānasaḥ II

140. ഓ പ്രിയപ്പെട്ടവളെ (ദേവി പാർവതി ഭഗവാൻ പരമശിവൻറെ ജീവിത പങ്കാളി ആകുന്നു.) മനസ്സമാധാനം നേടുന്നതിന് വെളുത്ത നിറത്തിൽ ഉള്ള ഇരിപ്പിടത്തിൽ ഇരുന്ന് ഗുരുഗീത പാരായണം നടത്തണം .ആരെയെങ്കിലും ആകർഷിക്കുന്നതിനോ, കീഴ്പ്പെടുത്തുന്നതിനോ ഉള്ള ശക്തി കൈവരിക്കുന്നതിനായി ചുവന്ന നിറത്തിലുള്ള ഇരിപ്പിടത്തിൽ ഇരുന്ന് ഗുരുഗീത പാരായണം ചെയ്യണം. ദുരാത്മാക്കളെ ഇല്ലാതാക്കുവാനായി കറുത്ത നിറമുള്ള ഇരിപ്പിടത്തിലും, സമ്പത്ത് നേടുന്നതിന് മഞ്ഞ നിറത്തിലുള്ള ഇരിപ്പിടത്തിലും ഇരുന്ന് ഗുരുഗീത

പാരായണം നടത്തണം.

ध्येयं शुक्लंच शान्त्यर्धं, वश्ये रक्तासनं प्रिये ।

अभिचारे कृष्णवर्णं, पीतवर्णनं धनागमे ॥

dhyeyaṃ śuklaṃca śāntyardhaṃ, vaśye raktāsanaṃ priyeI

abhicāre kṛṣṇavarṇaṃ, pītavarṇanaṃ dhanāgame II

141. (മുകളിൽ പറഞ്ഞത് പോലെ) ഒരുവൻ ഗുരുഗീത പാരായണം വടക്ക് ദിശയെ അഭിമുഖീകരിച്ച് ചെയ്താൽ മനസമാധാനം നേടുവാനാകും. കിഴക്ക് ദിശയെ അഭിമുഖീകരിച്ച് പാരായണം ചെയ്താൽ ആരെയെങ്കിലും ആകർഷിക്കുവാനോ, വിധേയപ്പെടുത്തുവാനോ കഴിയും . മരണം കൊണ്ട് ആരെയങ്കിലും ഉന്മൂലനം (ദുരാത്മാക്കളെ) ചെയ്യുന്നതിന് തെക്ക് ദിശയെ അഭിമുഖീകരിച്ച് പാരായണംചെയ്താൽ മതിയാകും. പടിഞ്ഞാറു ദിശയെ അഭിമുഖീകരിച്ച് പാരായണം ചെയ്താൽ സമ്പത്തിനെ ആകർഷിക്കുന്നതിനു സാധിക്കും.

उत्तरे शान्ति कामस्तु, वश्ये पूर्व मुखोजपेत् ।

दक्षिण मारणं प्रोक्तं, पश्चिमे च धनागमः ॥

uttare śānti kāmastu, vaśye pūrva mukhojapet I

dakṣiṇa māraṇaṃ proktaṃ, paścime ca dhanāgamaḥ II

142. ഗുരുഗീത പതിവായി പാരായണം ചെയ്യുന്നതിലൂടെ ഏവരെയും ആകർഷിക്കുവാൻ കഴിയും. ഏതെങ്കിലും തരത്തിലുള്ള അടിമത്ത്വത്തിനു വിധേയരായവരെഅതിൽനിന്നും മോചിപ്പിക്കുവാൻ സാധിക്കും. ദേവന്മാരും, ദേവതകളും, രാജാക്കന്മാരും അനുകൂലമായി പ്രതികരിക്കും. അസ്തിത്വത്തിൻറെ (നിലനിൽപ്പിൻറെ) എല്ലാ മാനങ്ങളും (വിവിധ അനുഗ്രഹ

ലോകങ്ങൾ) തൻറെ നിയന്ത്രണത്തിൽ ആക്കുവാനുള്ള ശക്തിയും ആ വ്യക്തി നേടുന്നു.

मोहनं सर्वभूतानां, बन्ध मोक्षकरं भवेत् ।

देवराज प्रियकरं, सर्वलोक वशं भवेत् ॥

mohanaṃ sarvabhūtānāṃ, bandha mokṣakaraṃ bhavet I

devarāja priyakaraṃ, sarvaloka vaśaṃ bhavet II

143. ഗുരുഗീതയുടെ ആവർത്തിച്ചുള്ള പാരായണത്തിൽക്കൂടി ഏതെങ്കിലും വസ്തുവിനെയോ, സൃഷ്ടിയെയോ മരവിപ്പിക്കുവാനും, കീഴ്പ്പെടുത്തുവാനുമുള്ള ശക്തി നേടുവാൻ കഴിയും. ഒരു വ്യക്തിയിൽ സംശയാതീതമായതും, ഉറപ്പായതുമായ നല്ല ഗുണങ്ങൾ (മനസ്സിൻറെ വികാരങ്ങളുമായി ബന്ധപ്പെട്ട്) പ്രകടമാകുന്നു. മുൻകാലങ്ങളിൽ നടത്തിയ എല്ലാ മോശ പ്രവർത്തനങ്ങളും (ചീത്തയായ) നശിക്കുന്നു. നല്ലപ്രവൃത്തിയിൽ ഏർപ്പെടുവാനുള്ള അവസരം ഒരുവൻ നേടുന്നു.

सर्वेषा स्तम्भन करं, गुणानां च विवर्धनम् ।

दुष्कर्म नाशनं चैव, सुकर्म सिद्धिदं भवेत् ॥

sarveṣā stambhana karaṃ, guṇānāṃ ca vivardhanam I

duṣkarma nāśanaṃ caiva, sukarma siddhidaṃ bhavet II

144. ഒരു വ്യക്തിയുടെ ദൈനംദിന ജീവിതത്തിൽ ബുദ്ധിമുട്ടുള്ളതും, സങ്കീർണ്ണവും, വിജയിക്കാൻ കഴിയാത്തതുമായ എല്ലാ പ്രവർത്തനങ്ങളും എളുപ്പത്തിൽ പരിഹരിക്കപ്പെടും. നവഗ്രഹങ്ങളുടെ സ്വാധീന വലയത്തിൽ നിന്നും അവരുടെ ദൈനംദിന ജീവിതം മോചനം നേടുന്നു. അഗാധ നിദ്രയിൽ എല്ലാ ദുസ്വപ്നങ്ങളും

ഇല്ലാതാകുന്നു. നല്ലതും, പോസിറ്റീവ് ആയതുമായ സ്വപ്നങ്ങൾ, അനന്തര ഫലങ്ങൾ ഇവ വേഗത്തിൽ നേടുന്നു.

असिद्धं साधयेत् कार्यं, नवग्रह भयापहम् ।

दुः स्वप्न नाशनं चैव, सुस्वप्न फलदायकम् ॥

asiddhaṃ sādhayet kāryaṃ, navagraha bhayāpaham I

duḥ svapna nāśanaṃ caiva, susvapna phaladāyakam II

145. ഗുരുഗീതയുടെ ആവർത്തിച്ചുള്ള പാരായണത്താൽ ഒരാൾ സാധ്യമായ എല്ലാ വഴികളിലൂടെയും (സാഹചര്യങ്ങളിലൂടെയും) മനസ്സമാധാനം നേടുന്നു. മക്കളില്ലാത്ത സ്ത്രീകൾ കുട്ടികളാൽ അനുഗ്രഹിക്കപ്പെടുന്നു. സ്ത്രീകൾ പൊതുവേ ശുഭ സൂചനകളാൽ അനുഗ്രഹിക്കപ്പെടുന്നു ആയതിനാൽ വൈധവ്യം ഒഴിവാകാപ്പെടുന്നു.

सर्वशान्तिकरं नित्यं तथावंध्या सुपुत्रदम् ।

अवैधव्यकरं स्त्रीणां, सदा सौभाग्यदायकं ॥

sarvaśāntikaraṃ nityaṃ tathāvaṃdhyā suputradam I

avaidhavyakaraṃ strīṇāṃ, sadā saubhāgyadāyakaṃ II

146. ഇത് (ഗുരുഗീത പാരായണം) പരിശീലിക്കുന്നത്, പരിശീലകനുനല്ല ആരോഗ്യം, ദീർഘായുസ്സ്, കുട്ടികൾ, പേരക്കുട്ടികൾ ഇവയെ പ്രദാനം ചെയ്യുന്നു. ഈ പുസ്തകം ഒരു വിധവ അത്യാഗ്രഹമോ, സ്വാർത്ഥ മോഹമോ ഇല്ലാതെ പാരായണം ചെയ്താൽ അവൾ ആത്മസാക്ഷത്കാരമോ, രക്ഷയോ നേടുന്നു.

आयुरारोग्य मैश्वर्यं, पुत्र पौत्र प्रवर्थनम् ।

अकामतः स्त्री विधवा, जपान्मोक्ष मवाप्नुयात् ॥

āyurārogya maiśvaryaṃ, putra pautra pravarthanam I

akāmataḥ strī vidhavā, japānmokṣa mavāpnuyāt II

147. വികാരാധീനമായ ആഗ്രഹങ്ങളോ, സ്വാർത്ഥ മോഹങ്ങളോ ഇല്ലാതെ ഒരു വിധവ ഗുരുഗീത പാരായണം ചെയ്താൽ അടുത്ത ജന്മത്തിൽ അവൾക്കു വൈധവ്യം സംഭവിക്കില്ല. അവളുടെ ജീവിതത്തിൽ നിന്ന് അത്തരം വിഷമങ്ങളും, ദുഖങ്ങളും, പേടിയും തടസ്സങ്ങളും അകറ്റപ്പെടും. കൂടാതെ അവൾ ദുഷിച്ച ശാപങ്ങളിൽ നിന്നും (എല്ലാ ക്ഷുദ്രമായ ഇടപെടലുകളിൽ നിന്നും) മോചിതയാവുന്നു.

अवैधव्यं सकामा तु, लभते चान्य जन्मनि I

सर्व दुःख भयं विघ्नं, नाशयेच्छाप हारकम् II

avaidhavyaṃ sakāmā tu, labhate cānya janmani I

sarva duḥkha bhayaṃ vighnaṃ, nāśayecchāpa hārakam II

148. ഈപുസ്തകം വായിക്കുന്നത് മൂലമുണ്ടാകുന്ന ശക്തിയാൽ എല്ലാത്തരം കഷ്ടപ്പാടുകളും നീക്കം ചെയ്യപ്പെടുന്നു. ധാർമ്മികത (നീതി), സമ്പത്ത് ശേഖരിക്കൽ, എല്ലാ ആഗ്രഹങ്ങളുടെയും പൂർത്തീകരണം, അവസാനമായി വിമോചനം, അല്ലെങ്കിൽ രക്ഷ, ആത്മസാക്ഷാത്ക്കാരം നേടൽ എന്നിവയുമായി ബന്ധപ്പെട്ട നാല് തരത്തിലുള്ള പൂർത്തീകരണം (സഫലീകരണം) ഇവയാണ് ഒരാൾ നേടുന്നത്. ഈ പുസ്തക പാരായണത്തിലൂടെ ഒരാൾ താൻ ലക്ഷ്യം വച്ചതെല്ലാം നേടുന്നു.

सर्वबाधा प्रशमनं, धर्मार्धकाममोक्षदम् I

यं यं चिंतयते कामं, तं तं प्राप्नोति निश्चितम् II

sarvabādhā praśamanaṃ, dharmārdhakāmamokṣadam I

yaṃ yaṃ ciṃtayate kāmaṃ, taṃ taṃ prāpnoti niścitam II

149. ഭൌതികമായ ആഗ്രഹ പൂർത്തീകരണം ലക്ഷ്യം വച്ച് ഈ പുസ്തകം പാരായണം ചെയ്യുന്നവർക്ക് ഇത് ആഗ്രഹാപൂർത്തീകരണത്തിനുള്ള കാമധേനുവിനെപ്പോലെയാണ്. ആഗ്രഹപൂർത്തീകരണത്തിനുള്ള കല്പ്പവൃക്ഷവും. ഉത്കണ്ഠയും, ആകാംഷാചിന്തയുംപേറി കഷ്ടത അനുഭവിക്കുന്നവർക്ക് ആഗ്രഹ സാഫല്യത്തിനുള്ള രത്നക്കല്ല് പോലെയാണിത്. എല്ലാരീതിയിലും ഗുരുഗീത പാരായണം ചെയ്യുന്നത് വളരെ ശുഭകരമാണ്. (എല്ലാ അർത്ഥത്തിലും ശുഭത്തെ സൃഷ്ടിക്കുന്നു.)

कामितस्य कामधेनुः, कल्पना कल्पपादपः I

चिंतामणि श्चिंतितस्य, सर्वमंगळ कारकम् II

kāmitasya kāmadhenuḥ, kalpanā kalpapādapaḥ I

ciṃtāmaṇi ściṃtitasya, sarvamaṃgaḻa kārakam II

150. ഓ ദേവി, ഗുരുഗീതയുടെ പാരായണം നടത്തുന്ന എല്ലാവരുടെയും ആഗ്രഹസഫലീകരണം യാതൊരു മുൻവിധികളും കൂടാതെ സാധ്യമാകും. അത് അവരുടെ വ്യത്യസ്തങ്ങളായ ആരാധനാ മൂർത്തികളായ പരാശക്തി, സൂര്യദേവൻ, ഗണപതിഭഗവാൻ(ഗജാനനൻ), ഭഗവാൻമഹാവിഷ്ണു (സ്ഥിതിയുടെ ദേവൻ), അല്ലെങ്കിൽ ഭഗവാൻ പരമശിവൻ (സംഹാരമൂർത്തി) ഇവരിൽ ആരെയും ആരാധിക്കുന്നവർ ആയിരുന്നാലും. ഇതാണ് പരമമായ സത്യം. ഇതിൽ യാതൊരു സംശയവും ഇല്ല.

जपेच्छाक्तश्च सौरश्च, गाणापत्यश्च वैष्णवः I

शैवश्च सिद्धिदं देवि, सत्यं सत्यं न संशयः ॥

japecchāktaśca sauraśca, gāṇāpatyaśca vaiṣṇavaḥ I

śaivaśca siddhidaṃ devi, satyaṃ satyaṃ na saṃśayaḥ II

151. ആത്മസാക്ഷാത്ക്കാരവും, മോചനവും ലക്ഷ്യം വച്ച് ഈ പുസ്തകം പാരായണം ചെയ്യുന്നവർക്ക് ഭൗതിക അഭിവൃദ്ധിയും, ആത്മസാക്ഷാത്ക്കാരവും, രക്ഷയും ലഭിക്കുന്നു. ഭൗതിക അഭിവൃദ്ധിആഗ്രഹിക്കുന്നവരുടെ ആഗ്രഹവും നിറവേറുന്നു.

मोक्षहेतुर्जपेनित्यं मोक्षश्रियमप्नुयात् ।

भोगकामो जपेद्योवै तस्यकाम फलप्रदम् ॥

mokṣaheturjapenityaṃ mokṣaśriyamapnuyāt I

bhogakāmo japedyovai tasyakāma phalapradam II

152-154. ഓ മനോഹരിയായ ദേവി, ആവശ്യമുള്ളഫലസിധിക്കായി ഈ പുസ്തകം പാരായണം ചെയ്യുന്നതിനുള്ള സ്ഥലങ്ങളെക്കുറിച്ച് ഞാൻ വിശദമാക്കാം. കടൽ, നദീതീരം, മഹാവിഷ്ണുക്ഷേത്രം, ശിവക്ഷേത്രം, ദിവ്യമാതാവ് (ദിവ്യമായഊർജ്ജം, ശക്തി) വസിക്കുന്നക്ഷേത്രം, ഗോശാല, ഏതെങ്കിലുംദേവീദേവന്മാരുടെക്ഷേത്രം ഈ സ്ഥലങ്ങളിൽ എല്ലാം ഗുരുഗീത പാരായണം ചെയ്യുന്നത് ഉത്തമം .അതേപോലെ ഒരു ആൽമരച്ചുവട്ടിൽ, നെല്ലിമരച്ചുവട്ടിൽ, ഏതെങ്കിലും വിശുദ്ധമായ സ്ഥലങ്ങളിൽ, വിശുദ്ധമായ തുളസിച്ചെടി നിറഞ്ഞ പൂന്തോട്ടത്തിൽ എന്നിങ്ങനെ ശുദ്ധവും, ശാന്തവുമായഏതു സ്ഥലത്തും ഗുരുഗീത പാരായണം നടത്താം. പാരായണം നിശബ്ദമായും, നിസംഗമായും ദിവസേന നടത്തണം.

अथकाम्य जपे स्थानं, कथयामि वरानने ।
सागरेवा सरित्तीरेऽधवा हरि हरालये ॥
शक्ति देवालये गोष्ठे, सर्व देवालये शुभे ।
वटे च धात्रि मूले वा, मठेवृंदावने तथा ॥
पवित्रे निर्मले स्थाने, नित्यानुष्ठान तोऽपिवा ।
निर्वेदनेन मौनेन, जपमेतं समाचरेत् ॥
athakāmya jape sthānaṃ, kathayāmi varānane I
sāgarevā sarittīre'dhavā hari harālaye II
śakti devālaye goṣṭhe, sarva devālaye śubhe I
vaṭe ca dhātri mūle vā, maṭhevṛṃdāvane tathā II
pavitre nirmale sthāne, nityānuṣṭhāna to'pivā I
nirvedanena maunena, japametaṃ samācaret II

155. ആരെങ്കിലും ഒരു സ്മശാനത്തിലോ, ആൽമരത്തണലിലോ, ഒരു ഉമ്മത്തിൻ്റെ (ഉമ്മം - ഒരുമരം) വേരിനടുത്തോ, അല്ലെങ്കിൽ ഒരു മാവിൻ്റെതണലിലോ ഇരുന്ന് ഇത് പാരായണം ചെയ്യുകയാണെങ്കിൽ അത് വേഗത്തിലുള്ള ഫലം നൽകുന്നു.

स्मशाने भयभूमौतु, वटमूलान्तिके तथा ।
सिद्ध्यन्ति धौत्तरेमूले, चूतवृक्षस्य सन्निधौ ॥
smaśāne bhayabhūmautu, vaṭamūlāntike tathā I
siddhyanti dhauttaremūle, cūtavṛkṣasya sannidhau II

156. മന്ദബുദ്ധിയായ ഒരാൾ ഒരു അഭിവന്ദ്യ ഗുരുവിൻ്റെ ശിഷ്യത്വം സ്വീകരിച്ചു യോഗ അഭ്യസിച്ചാൽ അവൻ വിജയത്തെ കൈവരിക്കും. നേരെ മറിച്ച് യോഗദീക്ഷ ഒരു

അഭിവന്ദ്യ ഗുരുവിൻറെ പക്കൽ നിന്നും സ്വീകരിക്കാത്ത വളരെ പാണ്ഡിത്യം ഉള്ള ഒരാൾ നടത്തുന്ന ശുഭകരവും, നീതിപരവുമായ പ്രവർത്തനങ്ങൾ, യോഗയിലെക്കുള്ള ഉപനയനം, മതപരമായ ആചാരങ്ങൾ, കടുകട്ടിയുള്ള വെല്ലുവിളി നിറഞ്ഞ യോഗ പരിശീലനങ്ങൾ എന്നിവയൊന്നും ഫലപ്രദമാകില്ല. ഇത് അർത്ഥമാക്കുന്നത് ഒരു അഭിവന്ദ്യ ഗുരുവിൻറെ അഭാവത്തിൽ ഒരുപഠിച്ചവാനോ, വിഡ്ഢിയായ മനുഷ്യനോ എത്ര പരിശ്രമിച്ചാലും ഒരു ഫലവും ലഭിക്കില്ല.

गुरुपुत्रो वरं मूर्खस्तस्य सिध्यन्ति नान्यथा ।

शुभकर्माणि सर्वाणि दीक्षाव्रत तपांसि च ॥

guruputro varaṃ mūrkhastasya sidhyanti nānyathā I

śubhakarmāṇi sarvāṇi dīkṣāvrata tapāṃsi ca II

157. ഒരാൾ ഗുരുഗീത എന്നതീർത്ഥജലത്തിൽ പതിവായി സ്നാനം ചെയ്യണം. (പതിവായി ഗുരുഗീത പാരായണം ചെയ്യണം) മാലിന്യങ്ങൾ (ഭൌതിക, ലൌകിക കാര്യങ്ങളിലുള്ള താത്പര്യത്തിൻറെ രൂപത്തിൽ) തന്നിൽ അടിഞ്ഞുകൂടുന്നത് തടയുന്നതിനും, മാനുഷികമായ ശക്തമായ വികാരങ്ങളുടെ മായികതയിൽനിന്നും സ്വയം മോചിപ്പിക്കുന്നതും, ജനന മരണ ചക്രത്തിൽ നിന്നും രക്ഷ നേടുന്നതിനും ഗുരുഗീത പതിവായി പാരായണം ചെയ്യണം.

संसार मल नाशार्धं, भवपाश निवृत्तये ।

गुरुगीताम्भसि स्नानं, तत्त्वज्ञः कुरुते सदा ॥

saṃsāra mala nāśārdhaṃ, bhavapāśa nivṛttaye I

gurugītāmbhasi snānaṃ, tattvajñaḥ kurute sadā II

158. ബ്രഹ്മത്തിൻറെ യഥാർഥ പ്രകൃതി തിരിച്ചരിഞ്ഞവൻ തീർച്ചയായും അഭിവന്ദ്യനായ ഗുരുവായിത്തീരുന്നു. അത്തരത്തിലുള്ളഅഭിവന്ദ്യനായ ഗുരു വസിക്കുന്ന ഇടം തീർച്ചയായും വിശുദ്ധമാകുന്നു. അതിൽ യാതൊരു സംശയവും ഇല്ല.

स एवच गुरुः साक्षात्, सदा सद् ब्रह्मवित्तमः ।

तस्य स्थानानि सर्वाणि, पवित्राणि न संशयः ॥

sa evaca guruḥ sākṣāt, sadā sad brahmavittamaḥ I

tasya sthānāni sarvāṇi, pavitrāṇi na saṃśayaḥ II

159. അത്തരത്തിലുള്ള അഭിവന്ദ്യനായ ഗുരു വസിക്കുന്ന ഇടം തീർച്ചയായും എല്ലാ ദേവന്മാരുടെയും, ദേവതകളുടെയും വാസസ്ഥലം തന്നെ.

सर्वशुद्धः पवित्रोऽसौ स्वभावा द्यत्र तिष्ठतिः ।

तत्र देवगणाः सर्वे क्षेत्रे पीठे वसन्तिहि ॥

sarvaśuddhaḥ pavitro'sau svabhāvā dyatra tiṣṭhatiḥ I

tatra devagaṇāḥ sarve kṣetre pīṭhe vasantihi II

160-161. ബുദ്ധിമാനായ ഒരാൾ ഗുരുഗീത ധ്യാനത്തിലിരിക്കുമ്പോഴും, ഉറങ്ങുവാൻ കിടക്കുമ്പോഴും, നടക്കുമ്പോഴും, സംസാരിക്കുമ്പോഴും, കുതിരപ്പുറത്തിരിക്കുമ്പോഴും (സഞ്ചരിക്കുവാനായി), ആനപ്പുറത്തിരിക്കുമ്പോഴും (സഞ്ചരിക്കുവാനായി), ഉറങ്ങുമ്പോഴും (ബോധത്തോടെയോ, അബോധത്തിലോ), ഉണർന്നിരിക്കുന്ന അവസ്ഥയിലും (ഭക്തിയോടെ, ശ്രദ്ധാലുവായി) ഗുരുഗീത ഉരുവിട്ടുകൊണ്ടേയിരിക്കും. ഗുരുഗീത ഉരുവിട്ടുകൊണ്ടിരിക്കുന്നയാളെ വീക്ഷിക്കുന്ന ഒരുവനും പുനർജ്ജന്മം ഉണ്ടാവണമെന്നില്ല. അതിൻറെ

അർത്ഥം ഈ പുസ്തകം അഥവാ ഗുരുഗീത പഠിച്ചതിൻറെ ഫലം പരിധിയില്ലാത്തതാണ്.

आसनस्थः शयना वा गच्छँस्तिष्ठन्वदन्नपि ।

अश्वारूढो गजारूढः सुप्तो वा जागृतोऽपि वा ॥

शुचिषांश्च सदाज्ञानी, गुरुगीता जपेन तु ।

तस्यदर्शन मात्रेण, पुनर्जन्म न विद्यते ॥

āsanasthaḥ śayanā vā gacchaṁstiṣṭhanvadannapi I

aśvārūḍho gajārūḍhaḥ supto vā jāgṛto'pi vā II

śuciṣāṃśca sadājñānī, gurugītā japena tu I

tasyadarśana mātreṇa, punarjanma na vidyate II

162 -163. വെള്ളം കടലിൽ ലയിക്കുന്നതുപോലെ, പാൽ പാലുമായി ലയിക്കുന്നത് പോലെ ശുദ്ധമായ വെണ്ണ മറ്റൊരുശുദ്ധമായ വെണ്ണയുമായി ലയിക്കുന്നത് പോലെ, ഒരു കലത്തിനുള്ളിലെ വായു പുറത്തെ വായുവുമായി ലയിക്കുന്നത് പോലെ ഒരു വ്യക്തിഗത ആത്മാവ് പരമാത്മാവ്, സർവേശ്വരൻ അല്ലെങ്കിൽ ദൈവവുമായി ചേരുന്നു, ലയിക്കുന്നു. രാവും പകലും ജ്ഞാനിയായ ഒരുവൻ ഈ ഭൌതിക ലോകത്ത് ചുറ്റി തിരിഞ്ഞാലും അവരുടെ വ്യക്തിഗത ആത്മാവ് പരമാത്മാവുമായിഐക്യത്തിൽആയിരിക്കും. അതിനർത്ഥം ജ്ഞാനികൾ ഈ ലോകത്ത് വസിക്കുന്നു എങ്കിലും വൈകാരികമായി എല്ലാത്തിൽനിന്നും അകന്നുനിൽക്കുന്നു എന്നാണ്.

समुद्रे च यथा तोयं, क्षीरे क्षीरं – घृते घृतम् ।

भिन्ने कुम्भे यथाकाशः, स्तथात्म परमात्मनि ॥

तथैव ज्ञानी जीवात्मा, परमात्मनि लीयते ।

ऐक्येन रमते ज्ञानी, यत्र तत्र दिवानिशम् ॥

samudre ca yathā toyaṃ, kṣīre kṣīraṃ – ghṛte ghṛtam I
bhinne kumbhe yathākāśaḥ, stathātma paramātmani II
tathaiva jñānī jīvātmā, paramātmani līyate I
aikyena ramate jñānī, yatra tatra divāniśam II

164-166. ഓ പാർവതി, ഇപ്രകാരം ജ്ഞാനികൾ സ്വതന്ത്രരായ ആത്മാക്കളുടെ ഗണത്തിൽ പെടുന്നു. അർപ്പണ ബോധത്തോടെയുള്ള ആത്മാർത്ഥ പരിശ്രമം മൂലം അവർ (ജ്ഞാനികളും, യോഗികളും) എല്ലാവിധ സംശയങ്ങളിൽനിന്നും മോചിതരാകുന്നു. അത്തരത്തിൽ ഉള്ളവർ ഒരേ സമയം ലൌകിക സുഖവും, മോക്ഷവും അനുഭവിക്കുന്നു. മാത്രവുമല്ല സരസ്വതീദേവി അവരുടെ നാവിൻതുമ്പിൽ എപ്പോഴും വസിക്കുന്നു. ഈ പുസ്തകത്തിൻറെ നിരന്തര പാരായണത്തിലൂടെ എല്ലാതരത്തിലുള്ള അമാനുഷികമായ കഴിവും നേടിയശേഷം അവസാനം അവർ ആത്മജ്ഞാനത്തെയും, മോക്ഷത്തെയും നിസ്സംശയം നേടുകതന്നെ ചെയ്യും.

एवं विधो महामुक्तः सर्वदा वर्तते बुधः ।
तस्य सर्वप्रयत्नेन, भावभक्तिं करोति यः ॥
सर्व सन्देह रहितो, मुक्तो भवति पार्वति ।
भुक्ति मुक्ति द्वयं तस्य, जिह्वाग्रे च सरस्वती ॥
अनेन प्राणिनः सर्वे, गुरुगीता जपेन तु ।
सर्वसिद्धिं प्राप्नुवन्ति, भुक्तिं मुक्तिं न संशयः ॥

evaṃ vidho mahāmuktaḥ sarvadā vartate budhaḥ I
tasya sarvaprayatnena, bhāvabhaktiṃ karoti yaḥ II
sarva sandeha rahito, mukto bhavati pārvati I

bhukti mukti dvayaṃ tasya, jihvāgre ca sarasvatī II

anena prāṇinaḥ sarve, gurugītā japena tu I

sarvasiddhiṃ prāpnuvanti, bhuktiṃ muktiṃ na saṃśayaḥ II

167. ഓ മനോഹരിയായ ദേവി പാർവതി, (ഇവിടെ ഭഗവാൻ പരമശിവൻ തൻറെ പങ്കാളിയായ പാർവതി ദേവിയെ അല്ലെങ്കിൽ പ്രാപഞ്ചിക ഊർജ്ജത്തെ അഭിസംബോധന ചെയ്യുന്നു.) ഞാൻ തന്നെ ഇതിനു മുൻപ് പകർന്നു നൽകിയ മഹത്തായ പാഠങ്ങൾ ധർമ്മം (തുടർച്ചയായുള്ള മനുഷ്യ ജീവിതം ശരിയായ രീതിയിൽ നയിക്കുവാനുള്ള മാർഗ്ഗം), സാംഖ്യം (സ്ഥൂല പ്രപഞ്ചത്തിൻറെയും, സൂക്ഷ്മ പ്രപഞ്ചത്തിൻറെയും തലങ്ങളിൽനിന്ന് ഉണ്ടായ 36 ഗുണങ്ങളിൽനിന്നും ഉരുത്തിരിഞ്ഞ പ്രപഞ്ചത്തിൻറെ ആവിഷ്ക്കാരം പ്രതിപാതിക്കുന്ന മഹത്തായ ആറുഭാരതീയ തത്ത്വദർശനങ്ങളിൽ ഒന്ന്) എന്നിവ ഈ പാഠങ്ങൾക്ക് തുല്യമല്ല.

सत्यं सत्यं पुनः सत्यं, धर्मं सांख्यं मयोदितम् I

गुरुगीता समं नास्ति, सत्यं सत्यं वरानने II

satyaṃ satyaṃ punaḥ satyaṃ, dharmaṃ sāṃkhyaṃ mayoditam I

gurugītā samaṃ nāsti, satyaṃ satyaṃ varānane II

168. അഭിവന്ദ്യനായ ഗുരുവിനേക്കാൾ ശ്രേഷ്ഠമായതൊന്നുംതന്നെയില്ല. അഭിവന്ദ്യനായ ഗുരുവിനേക്കാൾ ശ്രേഷ്ഠമായ പ്രകൃതിയുടെഏതെങ്കിലും തത്വമോ, സത്തയോ ഇല്ല. നീതിപൂർവ്വവും, ശരിയായതുമായത് ഒന്നേയുള്ളൂ. അതാണ് അഭിവന്ദ്യനായ

ഗുരു.ഒരു വിശ്വാസം മാത്രമേ ആചരിക്കേണ്ടതായുള്ളൂ. അത് ഗുരുവിനോടുള്ള വിശ്വാസം ആണ്. ഒരേയൊരു ദൈവം മാത്രമേയുള്ളൂ. അതാണ് അഭിവന്ദ്യ ഗുരു.

एकोदेव एक धर्म एक निष्टा परंतपः ।

गुरोः परतरं नान्यत्, नास्ति तत्त्वं गुरोः परम् ॥

ekodeva eka dharma eka niṣṭā paraṃtapaḥ I

guroḥ parataraṃ nānyat, nāsti tattvaṃ guroḥ param II

169. ഓ ദേവി, ഭാഗ്യ ദേവതയുടെ കടാക്ഷമുള്ള (ഭാഗ്യ ദേവതയുടെ മക്കൾ ആയ) അപൂർവമായ വ്യക്തികൾക്ക് മാത്രമേ ഗുരുവിനോട് ഇത്രഅധികം ഭക്തി പുലർത്തുവാൻ കഴിയൂ. അത്തരം വ്യക്തിയുടെ പിതാവും ഭാഗ്യവാനാണ്. അദ്ദേഹത്തിൻറെ പൂർവിക കുടുംബ പരമ്പരയും, കൂടാതെ കുലവും, ജാതിയും ഭാഗ്യം ചെയ്തിരിക്കുന്നു. .അത്തരത്തിലുള്ള വ്യക്തി വസിക്കുന്ന ഭൂമി പോലും ഭാഗ്യ ദേവതയുടെ കടാക്ഷം നിറഞ്ഞതാണ്.

माता धन्या पिताधन्यो, धन्योवंशः कुलंतथा ।

धन्याच वसुधादेवि, गुरुभक्तिः सुदुर्लभा ॥

mātā dhanyā pitādhanyo, dhanyovaṃśaḥ kulaṃtathā I

dhanyāca vasudhādevi, gurubhaktiḥ sudurlabhā II

170. ഓ ദേവി, ഒരുവൻറെ സ്വന്തം ശരീരം , ഇന്ദ്രിയ അവയവങ്ങൾ, ജീവൽ ശക്തി, കുടുംബം, സമ്പത്ത്, ബന്ധുക്കൾ, മാതാവ്, പിതാവ്, ജാതി മുതലായി ഒന്നുംതന്നെ ഗുരുവിന് തുല്ല്യമല്ല. ഇതിൽ യാതൊരു സംശയവും ഇല്ല.

शरीरमिन्द्रिय प्राणश्चार्थः स्वजन बांधवाः ।

मातापिताकुलंदेवि, गुरुरेव न संशयः ॥

śarīramindriya prāṇaścārthaḥ svajana bāṃdhavāḥ I

mātāpitākulaṃdevi, gurureva na saṃśayaḥ II

171. ഓ ദേവി, മന്ത്രങ്ങൾ ഉരുവിട്ടും, ധ്യാനത്തിലൂടെയും, കഠിനമായ യോഗ പരിശീലനത്തിൽക്കൂടിയും, കോടിക്കണക്കായ പൂർവ്വജന്മങ്ങളിലും, അല്ലെങ്കിൽ സൃഷ്ടിയുടെ ആരംഭം മുതൽ ഒരു വ്യക്തി നേടിയ എല്ലാ യോഗ്യതകളും ഒരു അഭിവന്ദ്യ ഗുരുവിൻറെ കൃപയിൽനിന്നും ആ വ്യക്തിക്ക് നേടുവാൻ സാധിക്കും. അവസാനമായി മേൽപ്പറഞ്ഞ എല്ലാ നിഷ്ഠകളും, ശ്രമങ്ങളും ഫലവത്താകണമെങ്കിൽ ഒരു അഭിവന്ദ്യനായ ഗുരുവിൻറെ കൃപ അനിവാര്യമാണ്.

आ कल्पं जन्मनाकोट्य, जपव्रत तपः क्रियाः ।

तत्सरं सफलंदेवि, गुरुसंतोष मात्रतः ॥

ā kalpaṃ janmanākoṭya, japavrata tapaḥ kriyāḥ I

tatsaraṃ saphalaṃdevi, gurusaṃtoṣa mātrataḥ II

172. ഓ മനോഹരിയായ ദേവി, ഒരു നിർഭാഗ്യവാനായ മനുഷ്യൻ തൻറെ അഭിവന്ദ്യനായ ഗുരുവിൻറെ സേവ ചെയ്തില്ലെങ്കിൽ അയാളുടെ അറിവുകളും, ധ്യാനവും, ശക്തിയും (ഫലം സിദ്ധിക്കാതെ പോകും) പ്രയോജനരഹിതമാകും. ഇതാണ് സത്യം. ഇതാണ് മഹത്തായ സത്യം.

विद्यातपो बलेनैव, मन्द भाग्याश्च ये नराः ।

गुरुसेवां नकुर्वन्ति, सत्यं सत्यं वरानने ॥

vidyātapo balenaiva, manda bhāgyāśca ye narāḥ I

gurusevāṃ nakurvanti, satyaṃ satyaṃ varānane II

173-174. അഭിവന്ദ്യനായ ഗുരുവിൻറെ അനുഗ്രഹം ഇല്ല എങ്കിൽ ത്രിമൂർത്തികളായ ഭഗവാൻ ബ്രഹ്മാവ് (സൃഷ്ടിയുടെ മൂർത്തി), ഭഗവാൻ വിഷ്ണു (സ്ഥിതിയുടെ ദേവൻ), ഭഗവാൻ പരമശിവൻ (സംഹാര മൂർത്തി- എല്ലായുഗാവസാനവും പ്രപഞ്ചത്തെ സംഹരിക്കുന്നു), ദേവന്മാർ, പൂർവ്വികരുടെ ആത്മാക്കൾ, ഗന്ധർവന്മാർ, ഋഷിമാർ, സന്ന്യാസിമാർ, സമ്പത്തിൻറെ കാവൽക്കാർ മുതലായ ആർക്കും തന്നെ അവരുടെ കർത്തവ്യങ്ങൾ നിറവേറ്റുവാൻ സാധിക്കില്ല. ഓ ദേവി, ഗുരുഭക്തിയെക്കാൾ മികച്ച മറ്റൊരു പുണ്യ ഉറവയും ഇല്ല. അത്തരത്തിലുള്ള മറ്റെല്ലാ വിശുദ്ധവും, പവിത്രവുമായ ഉറവകളും അർത്ഥ ശൂന്യമാണ്. വാസ്തവത്തിൽ എല്ലാ പുണ്യ ഉറവയും ഉത്ഭവിക്കുന്നത് അഭിവന്ദ്യനായ ഗുരുവിൻറെ പാദങ്ങളിലെ പെരുവിരലുകളിൽ നിന്നാണ്.

ब्रह्मविष्णु महेशाश्च, देवर्षि पितृ किन्नराः ।
सिद्ध चारण यक्षाश्च, अन्येऽपि मुनयो जनाः ॥
गुरुभावः परं तीर्थ, अन्यतीर्थं निरर्धकम् ।
सर्वतीर्थाश्रयं देवि, पादाङ्गष्ठं च वर्तते ॥

brahmaviṣṇu maheśāśca, devarṣi pitṛ kinnarāḥ I
siddha cāraṇa yakṣāśca, anye'pi munayo janāḥ II
gurubhāvaḥ paraṃ tīrtha, anyatīrthaṃ nirardhakam I
sarvatīrthāśrayaṃ devi, pādāṅgaṣṭhaṃ ca vartate II

175. താഴ്ന്ന നിലവാരത്തിലുള്ള അർത്ഥരഹിതമായ എല്ലാ പ്രവർത്തനങ്ങളും ഉപേക്ഷിക്കുക. നിരോധിച്ച എല്ലാ സ്ഥാനങ്ങളും ഉപേക്ഷിക്കുക. വിജയം കൈവരിക്കുന്നതിനായി നിരന്തരം ഗുരുഗീത പാരായണം നടത്തുക.

जपेन जयमाप्नोति, चानन्त फलमाप्नुयात् ।
हीन कर्मत्यजेत्सर्वं, स्थानानि चाधमानि च ॥
japena jayamāpnoti, cānanta phalamāpnuyāt I
hīna karmatyajetsarvaṃ, sthānāni cādhamāni ca II

176-177. ഈ പുസ്തകത്തിൽ മുൻഭാഗങ്ങളിൽ പറഞ്ഞ (ഗുരുഗീതാ പാരായണത്തിനുള്ള നിർദ്ദേശങ്ങൾ) നിരോധിച്ച ഇരിപ്പിടങ്ങളിൽ ഇരുന്നു ഗുരുഗീത പാരായണം ചെയ്യുന്നത് വളരെ കുറഞ്ഞ യോഗ്യതകളുള്ള പ്രവർത്തികളുടെ ഫലം നൽകും. എന്നിരുന്നാലും, ഒരു യാത്രയിലും, ഒരു യുദ്ധത്തിലും, ശത്രുക്കൾ മൂലമുണ്ടാകുന്ന ക്ലേശങ്ങളിലും ഈ പുസ്തകം പാരായണം ചെയ്യുന്നതിലൂടെ വിജയിക്കുവാൻ കഴിയും. മരണ സമയത്ത് ഈ പുസ്തകം ഉരുവിടുകയാണെങ്കിൽ അത് ആ വ്യക്തിക്ക് രക്ഷയോ, ആത്മസാക്ഷാത്കാരമോ ലഭിക്കുവാൻ ഇടയാക്കുന്നു. ഭക്തന്മാരായ ശിഷ്യന്മാരുടെ (ഈ പുസ്തകം നിരന്തരം പാരായണം ചെയ്യുന്ന) എല്ലാ പരിശ്രമങ്ങളും എല്ലാ സ്ഥലത്തും ഫലവത്താകുന്നു.

जपं हीनासनं कुर्वन्, हीनकर्म फलप्रदम् ।
गुरुगीतां प्रयाणेवा, संग्रामे रिपुसंकटे ॥
जपन् जयमवाप्नोति, मरणे मुक्तिदायकम् ।
सर्वकर्मच सर्वत्र, गुरुपुत्रस्य सिद्धयति ॥
japaṃ hīnāsanaṃ kurvan, hīnakarma phalapradam I
gurugītāṃ prayāṇevā, saṃgrāme ripusaṃkaṭe II
japan jayamavāpnoti, maraṇe muktidāyakam I
sarvakarmaca sarvatra, guruputrasya siddhayati II

178. (ഭഗവാൻ പരമശിവൻ ശ്രീ പാർവതിയോട്

വിശദീകരിച്ചു). ആരോടും സാധാരണയായി ഗുരുഗീതയിലെ ഞാൻ ദേവിയോട് വിശദീകരിച്ച രഹസ്യങ്ങൾ വെളിവാക്കുവാൻ പാടുള്ളതല്ല. ഇത് വളരെ രഹസ്യമായ അറിവാണ്. ദേവി എൻറെ പ്രിയ പത്നി ആയതിനാൽ അത് ഞാൻ ഭവതിക്കു വെളിപ്പെടുത്തി.

इदं रहस्यं नो वाच्यं, तवाग्रे कधितं मया ।

सुगोप्यं च प्रयत्नेन, ममत्वंच प्रियात्विति ॥

idaṃ rahasyaṃ no vācyaṃ, tavāgre kadhitaṃ mayā I

sugopyaṃ ca prayatnena, mamatvaṃca priyātviti II

179. ഈ അറിവിൽ വിശ്വാസം ഇല്ലാത്ത ആർക്കും തന്നെ, അത് ഭവതിയുടെ സ്വന്തം പുത്രന്മാരായ കാർത്തികേയനോ, ഗണപതിയോ ആയിക്കൊള്ളട്ടെ, ഭഗവാൻ വിഷ്ണുവോ, മറ്റുദേവന്മാരോആരോടായാലുംവെളിപ്പെടുത്തുവാൻ പാടുള്ളതല്ല.

स्वामी मुख्य गणेशादि, विष्णवादीनां च पार्वति ।

मनसापि न वक्तव्यं, सत्यं सत्यं वदाम्यहं ॥

svāmī mukhya gaṇeśādi, viṣṇavādīnāṃ ca pārvati I

manasāpi na vaktavyaṃ, satyaṃ satyaṃ vadāmyahaṃ II

180. പൂർണ്ണ ഭക്തിയും പക്വതയും ഉള്ളവർക്ക് മാത്രമേ ഗുരുഗീത വെളിപ്പെടുത്താവൂ.

अतीव पक्व चित्ताय, श्रद्धा भक्ति युतायच ।

प्रवक्तव्यमिदं देवि, ममात्माऽसि सदाप्रिये ॥

atīva pakva cittāya, śraddhā bhakti yutāyaca I

pravaktavyamidaṃ devi, mamātmā'si sadāpriye II

181. ഈ പുസ്തകം ഭക്തിയില്ലാത്തവർക്കോ, ചതിയന്മാർക്കോ, സഹജീവികൾക്ക് ദുഃഖം, കഷ്ടതനല്കുന്നവർക്കോ, നിരീശ്വര വാദികൾക്ക് മുൻപിലോ വെളിപ്പെടുത്തുന്ന കാര്യം ചിന്തിക്കുക പോലും അരുത്.

अभक्ते वंचके धूर्ते, पाखण्डे नास्तिके नरे ।

मनसापि न वक्तव्या गुरुगीता कदाचना ॥

abhakte vaṃcake dhūrte, pākhaṇḍe nāstike nare I

manasāpi na vaktavyā gurugītā kadācanā II

182. എല്ലാ മന്ത്രങ്ങളിലും രാജാവാണ് ഗുരുഗീത. അത് ലൌകിക അസ്തിത്വത്തിൻറെ കടലിൽ നിന്നും ഏവരെയും രക്ഷിക്കും. ബ്രഹ്മാവിനാലും, മറ്റു മുനിമാരാലും ശക്തിയാർജ്ജിച്ച ഈ മന്ത്രം (ഗുരുഗീത) എല്ലാ ദുരിതങ്ങളും, ദുഖവും, നിരാശയും, ഭയവും അകറ്റും. ഏറ്റവും വലിയ ഭയത്തെയും അകറ്റുവാൻ കഴിയുന്ന മഹത്തായ മന്ത്രത്തിനു അഭിവാദ്യങ്ങൾ. (ഗുരുഗീതയുടെ ഉരുവിടൽ, പാരായണം പൂർത്തിയായതിനു ശേഷം അവസാന വാചകം ഒരാവർത്തി കൂടി വായിക്കുക എന്നത് പൊതു നിയമമാണ്. അവസാനമായി" ഓം നമ: ഇതി" എന്നുച്ചരിച്ചുകൊണ്ട് പാരായണം (ഉരുവിടൽ) അവസാനിപ്പിക്കണം.

संसार सागर समुद्धरणैक मंत्रम्

ब्रह्मादिदेव मुनि पूजित सिद्धमंत्रम् ।

दारिद्र्य दुःख भयशोक विनाश मंत्रम्

वंदे महाभयहरं गुरुराज मंत्रम् ॥

saṃsāra sāgara samuddharaṇaika maṃtram

brahmādideva muni pūjita siddhamaṃtram I
dāridrya duḥkha bhayaśoka vināśa maṃtram
vaṃde mahābhayaharaṃ gururāja maṃtram II

ശബ്ദ സംഗ്രഹം

ആജ്ഞാചക്രം : ഒരു മനുഷ്യശരീരത്തിൽ രണ്ട് പുരികങ്ങൾക്കിടയിലായി സ്ഥിതി ചെയ്യുന്ന ഊർജ്ജകേന്ദ്രം.

അനാഹതാ ചക്രം : നട്ടെല്ലിൻറെ ഹൃദയമേഖലയിൽ സ്ഥിതി ചെയ്യുന്ന ഊർജ്ജകേന്ദ്രം

അനാഹതാ ശബ്ദം : ഒന്നും കൂട്ടിമുട്ടാതെ ഉണ്ടാകുന്ന ശബ്ദം. എന്നാൽ ഒരു വ്യക്തിയ്ക്ക് ആന്തരികമായി കേൾക്കാൻ കഴിയും.

ആനന്ദമയകോശം : പരമാനന്ദത്തിൻറെ പാളി. പ്രപഞ്ചമായയുടെ രൂപത്തിൽ ഒരു വ്യക്തിയുടെ ആത്മാവ് അല്ലെങ്കിൽ ചൈതന്യത്തിൽ രൂപപ്പെട്ടിരിക്കുന്ന ആദ്യത്തെ പാളി.

അന്നമയ കോശം : ഭക്ഷണത്തിൻറെ പാളി. മൂർത്തമായ ശരീരത്തിൻറെ രൂപത്തിൽ വ്യക്തിയുടെ ചൈതന്യത്തിനു മേൽ പൊതിഞ്ഞിരിക്കുന്ന അഞ്ചാമത്തെതും അവസാനത്തേതുമായ പാളി.

ആശ്രമം : ഒരു ഗുരുവിൻറെ അല്ലെങ്കിൽ ആരാധ്യനായ

ഒരു ആചാര്യൻറെ വാസസ്ഥലം, ഇദ്ദേഹത്തിൻറെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് ആളുകൾ യോഗ പരിശീലിക്കുന്നത്.

ബ്രഹ്മം : പ്രപഞ്ചങ്ങളും അതിനപ്പുറവും വ്യാപിച്ചു കിടക്കുന്ന പരമദൈവീകത, അഥവാ ദൈവം, സർവ്വേശ്വരൻ.

ബുദ്ധി : ഒരു വ്യക്തിയിലുള്ള പ്രപഞ്ചോർജ്ജത്തിൻറെ രൂപത്തിലുള്ള മേധാശക്തി അല്ലെങ്കിൽ വിവേചന ശക്തി, ഇത് അഹംബുദ്ധിയോടൊപ്പം സ്ഥിതി ചെയ്യുന്നു.

ചിത് : ഒരു വ്യക്തിയുടെ മനസ്സെന്ന പദാർത്ഥം, എല്ലാ ഇന്ദ്രിയങ്ങളുടെയും ഇരിപ്പിടമാണിത്. ഒരു വ്യക്തി അയാളുടെ സ്വതന്ത്ര ഇച്ഛ പ്രയോഗിക്കുന്നതും ഇവിടെയാണ്.

ചിത്ശക്തി : മനസ്സിൽ പ്രവർത്തിക്കുന്ന മാനസികമായ ഊർജ്ജം, ഇത് പ്രപഞ്ചശക്തിയുടെ ഒരു രൂപമാണ്.

ചക്രം : സെറിബ്രോസ്പൈനൽ സിസ്റ്റത്തിലെ ഒരു ഊർജ്ജകേന്ദ്രം.

ഗുരു: ആത്മത്തിൽ കുടികൊള്ളുന്ന അറിവിൻറെ വെളിച്ചം പുറത്തേക്ക് പ്രകാശിക്കാനായി വിദ്യാർത്ഥിയുടെ മനസ്സിൽ നിന്നും ഇരുട്ട് അല്ലെങ്കിൽ അജ്ഞത നീക്കിക്കളയുന്ന ആരാധ്യനായ ആചാര്യൻ.

ഗുണം : മനസ്സിൻറെ മൂന്ന് ഗുണങ്ങൾ

കാരണശരീരം : പ്രപഞ്ചമായയാൽ ചുറ്റപ്പെട്ട, അടിമയാക്കപ്പെട്ട വ്യക്തിഗത ആത്മാവ് അല്ലെങ്കിൽ ചൈതന്യം ഇതിനെ കേവലശരീരമെന്നും പറയും.

ക്രിയ : ഒരു വ്യക്തിയുടെ മനസ്സിൽ നിന്നും എല്ലാവിധ ലൗകീകമുദ്രകളും നീക്കുന്നതിനായി ശരീരം, മനസ്സ്, ബാഹ്യമായ നിത്യജീവിതം ഇവയിൽ പ്രത്യക്ഷീകരിക്കുന്ന സ്വമേധയാലല്ലാത്ത പ്രതികരണം.

കുണ്ഡലിനി : പ്രപഞ്ചത്തിൻറെ രൂപത്തിൽ

പ്രത്യക്ഷീകരിക്കുന്ന ആദിപരാശക്തി. ഓരോ മനുഷ്യൻറെയും ഗുദത്തിനും ജനനേന്ദ്രിയത്തിനും ഇടയിലായി, സെറിബ്രോസ്പൈനൽ സിസ്റ്റത്തിൻറെ മൂലത്തിൽ സ്ഥിതി ചെയ്യുന്ന ഊർജ്ജം.

കുംഭമേള : ഇന്ത്യയിലെ ഗംഗാനദീതീരത്ത് ഓരോ പന്ത്രണ്ട് വർഷം കൂടുമ്പോഴും ആഘോഷിക്കപ്പെട്ടുവരുന്ന മേള.

മനോമയകോശം : വ്യക്തിയുടെ ആത്മാവ് അല്ലെങ്കിൽ ചൈതന്യത്തിന് മേൽ രൂപപ്പെട്ടിട്ടുള്ള മൂന്നാമത്തെ പാളി. എല്ലാ ഇന്ദ്രിയങ്ങളുടെയും ഇരിപ്പിടമാണ്,സ്വതന്ത്ര്യേച്ഛ പ്രയോഗിക്കപ്പെടുന്ന ഇടം.

മായ : പ്രപഞ്ചമായ അല്ലെങ്കിൽ പ്രപഞ്ചോർജ്ജം അതിൻറെ അടിസ്ഥാന രൂപത്തിൽ.

മണിപൂരകചക്രം : ഒരു മനുഷ്യശരീരത്തിലെ സെറിബ്രോസ്പൈനൽ സിസ്റ്റത്തിലെ നാഭീപ്രദേശത്ത് സ്ഥിതി ചെയ്യുന്ന ഊർജ്ജകേന്ദ്രം.

മണിദ്വീപ് : ആദിപരാശക്തിയുടെ ഇരിപ്പിടം. ഇതിനെ മണിദ്വീപ് എന്നു വിളിക്കുന്നു, 'ആനന്ദസാഗര'ത്താൽ ചുറ്റപ്പെട്ടു കൊണ്ടിരിക്കുന്നത്. അനന്തകോടി ലോകവ്യവസ്ഥയിൽ നിന്നും ദൂരെ, അതി വിശാലവും അനന്തവുമായ പ്രപഞ്ചത്തിൻറെ ആഴങ്ങളിൽ സ്ഥിതി ചെയ്യുന്നതായി സംസ്കൃത ഗ്രന്ഥങ്ങൾ പറയുന്നു.

മന്ത്രം : സംസ്കൃതത്തിലുള്ള പുണ്യശബ്ദം, പുണ്യാക്ഷരം, അല്ലെങ്കിൽ വാക്യം, ഇതെത്ര വേണമെങ്കിലും നീണ്ടു പോകാം.

മൂലാധാരചക്രം : സെറിബ്രോസ്പൈനൽ സിസ്റ്റത്തിൽ ഗുദത്തിനും ജനനേന്ദ്രിയത്തിനും ഇടയിലായി സ്ഥിതി ചെയ്യുന്ന ഊർജ്ജകേന്ദ്രം.

ഓം : സംസ്കൃതത്തിൽ ആദിപരാശക്തിയെ പ്രതിനിധാനം ചെയ്യുന്ന ശബ്ദം, അല്ലെങ്കിൽ മന്ത്രം.

പരാശക്തി : ആദിപരാശക്തി
പ്രാണമയകോശം : വ്യക്തിയുടെ ആത്മാവിനെ അല്ലെങ്കിൽ ചൈതന്യത്തെ മറയ്ക്കുന്ന നാലാമത്തെ പാളി. ഇതിനെ 'ജീവൽശക്തിയുടെ പാളി'യെന്ന് വിളിക്കുന്നു.
പ്രകൃതി : ഊർജ്ജം മൂർത്തരൂപത്തിൽ അല്ലെങ്കിൽ ഈ കാണുന്ന പ്രപഞ്ചം അല്ലെങ്കിൽ പ്രകൃതി തന്നെ.
പ്രാണൻ : പ്രപഞ്ചത്തെ ആകമാനം വ്യാപിക്കുന്ന പ്രപഞ്ചോർജ്ജത്തിൻറെ അല്ലെങ്കിൽ കൈനറ്റിക് ഊർജ്ജത്തിൻറെ രൂപം. ഒരു മനുഷ്യശരീരത്തിലെ 'ജീവൽശക്തിയുടെ' പാളിയിൽ വ്യാപിച്ചിരിക്കുന്ന ജീവശക്തി.
രജസ്സ് : സൃഷ്ടി എല്ലാ രൂപത്തിലും പ്രത്യക്ഷീകരിക്കുവാൻ കാരണമായ മനസ്സിൻറെ മൂന്ന് ഗുണങ്ങളിൽ ഒന്ന്.
സാത്വികം : സ്ഥിതിയ്ക്ക് കാരണമാകുന്ന മനസ്സിൻറെ മൂന്ന് ഗുണങ്ങളിൽ ഒന്ന്.
സമാധി : ചിന്താരഹിത അവസ്ഥ. ആത്മസാക്ഷാത്കാരം സംഭവിക്കുന്നതിന് മുമ്പ് യോഗ അനുശീലനത്തിൻറെ ആത്യന്തിക ലക്ഷ്യം.
ശൈവിസം : ത്രിമൂർത്തികൾ എന്നറിയപ്പെടുന്ന ഹിന്ദു ദൈവങ്ങളിൽ ഒരാളായ പരമശിവൻറെ ഫിലോസഫി പിന്തുടരുന്നവർ.
ശക്തിപഥ് : ഊർജ്ജത്തിൻറെ അവരോഹണം, സിദ്ധ മഹാ യോഗമുറയിലേക്ക്, ഒരു പ്രയോക്താവിനെ ഉപനയിക്കുന്നതിനായി ശക്തിപഥ് സംഘത്തിൻറെ സന്യാസിമാർ ഉപയോഗിക്കുന്ന വിദ്യ.
സിദ്ധ മഹാ യോഗ : ഒരു വ്യക്തിയിൽ കുണ്ഡലിനി ഉണർന്ന ശേഷമുള്ള മഹത്തായ യോഗമുറ, മറ്റെല്ലാവിധ യോഗമുറകളെയും ഉൾകൊള്ളുന്നത്. ശക്തിപഥ് സംഘം അനുശീലിക്കുന്ന യോഗ സമ്പ്രദായമാണിത്.
സ്വാധിഷ്ഠാന ചക്രം : സെറിബ്രോസ്പൈനൽ

സിസ്റ്റത്തിൻറെ ജനനേന്ദ്രിയമണ്ഡലത്തിൻറെ മൂലഭാഗത്തായി സ്ഥിതി ചെയ്യുന്ന ഊർജ്ജകേന്ദ്രം.
സൂക്ഷ്മശരീരം : മൂർത്തമായ ഭൗതികശരീരമൊഴികെയുള്ള എല്ലാ പാളികളോടും കൂടിയ സൂക്ഷ്മശരീരം. മരണശേഷം ഈ സൂക്ഷ്മശരീരമാണ് പുനർജനനത്തിനായി ഭൗതീകശരീരം വിട്ടുപോകുന്നത്.
തമസ്സ് : മനസ്സിൻറെ മൂന്ന് ഗുണങ്ങളിൽ ഒന്ന്, എല്ലാ രൂപത്തിലുമുള്ള സംഹാരവും പ്രകടമാക്കുന്നതിന് ഇത് കാരണമാകുന്നു.
താന്ത്രിക് : തന്ത്രത്തിൻറെ പ്രയോക്താവ്. യോഗമുറകളിൽ ഒന്ന്.
തഹസിൽ : ഒരു ജില്ലയിലെ ഭരണപരമായി വിഭജിക്കപ്പെട്ട ഒരു പ്രദേശം
വൈഷ്ണവി ദേവി : ഇന്ത്യയിലെ ജമ്മ-കാശ്മീരിർ ഹിമാലയത്തിലെ ത്രികൂട പർവ്വതത്തിൽ സ്ഥിതി ചെയ്യുന്ന ദേവി. ഏറ്റവും പ്രശസ്തമായ ഊർജ്ജാരാധന കേന്ദ്രമാണിത്.
വിശോകം : ശോകം ഇല്ലാത്ത അവസ്ഥ.
വിജ്ഞാനമായ കോശം : കേവല ശരീരത്തെ പൊതിഞ്ഞിരിക്കുന്ന രണ്ടാമത്തെ പാളി, മേധാശക്തിയും അഹംബുദ്ധിയും ഈ പാളിയിൽ ഒരുമിച്ച് സ്ഥിതി ചെയ്യുന്നു. ബോധവും ഉപബോധവുമായ എല്ലാ ലൗകീകമുദ്രകളും കുടികൊള്ളുന്നതിവിടെയാണ്.
യോഗ : ജീവാത്മാവിൻറെയും പരമാത്മാവിൻറെയും ലയനം.
യോഗി : ഏതെങ്കിലുമൊരു യോഗമുറ അനുശീലിക്കുന്ന വ്യക്തി.
യോഗിനി : യോഗമുറ അനുശീലിക്കുന്ന സ്ത്രീ.

ശക്തിപഥ് സന്ന്യാസിമാരുടെ ആശ്രമങ്ങൾ

1. Sri Swāmi Sahajānanda Tirtha, c/o Asheervad Old age Home, Near Nagasai Mandir, Kabela Centre, RR Nagar, Vijayawada, Andhra Pradesh, Mobile: +91 9848219240, +91 9491324964

2. Yogini Rachna, Lakhimpur Kheri, Uttar Pradesh, India, Mobile: +91 945 022 0221

3. Yogini Supriya, Melbourne Beach, Florida, USA, Mobile: +1(321)960-0445, Email: supriyavarmakurup@gmail.com

4. Yogini Vartika Shukla, Gurugram, Haryana, India, Mobile: +91 981 996 2635, Email: vartikashukla2000@gmail.com

5. Gregory Hagi, Melbourne, Victoria, Australia, +61 407 683 465, Email: ghracer@hotmail.com

6. Yogi Virendra, Ghaziabad, Uttar Pradesh, India, +91 9999290388, Email: virendrasfarswan@gmail.com

7. Suzanne, Monza, Italy, Email: sioux.aya@gmail.com
8. Abhishek Vashist, Jaipur, Rajasthan, India, +91 9079121514, Email: abhijagriya@gmail.com
9. Yogi Gautam (Sanjeev Mishra), Prayagraj, Uttar Pradesh, India, +91 9963359922, Email: yogi.Shaktipāt@gmail.com
10. Yogini Ramya Devi, Bengaluru, Karnataka, India, Mobile: +91 988 023 9480
11. PuneetParashar, Dubai, UAE, Mobile: +971 52 867 6684, Email: puneetparashar39@gmail.com
12. Yogini Manisha, Ranchi, Jharkhand, India, Mobile: +91 799 110 9595
13. S Sewduth, Johannesburg, South Africa, Mobile: +27 83 682 2286, Email: juss@mplanet.co.za
14. Yogini Parameshwari, Jangaon, Telangana, India, Mobile: +91 970 442 407
15. Mr. Ravi Kumar Kousik, Hyderabad, India, Mobile: +91 8978611137
16. Mr. Ajay Humsagar, Hyderabad, India, Mobile: +91 9449824331
17. Mr. Nageswar Rao, Andhra Pradesh, India, Mobile: +91 8639139422
18. Mr. Kamalesh Padiya, Pune, Maharashtra, +91 9765800457, +91 8530390457
19. Narayan Kuti Sanyas Ashram, Tekri Road, Dewas, Madhya Pradesh, India, PIN – 455001, Tele: +91

0727223891/31880, Mobile: 9977968108

20. Swami Vishnu Tirth *Sādhan* Seva Nyas, 12-3, Old Palasiya, Jopat Koti, Indore, Madhya Pradesh, India, PIN – 452001, Tel: +91 0731 566386/564081, Mobile: 9713468347

21. Swami Shivom Tirth Kundalini Yoga Centre, Durga Mandir, Near Collector Bungalow, Chindwada, Madhya Pradesh, India, PIN – 480001, Tel: +91 07162 42640

22. Swami Shivom Tirth Ashram, Mukarji Nagar, Raisan, Madhya Pradesh, India, PIN – 464551, Tele: +91 07482 22294

23. Swami ShivomTirth Maha Maha Yoga Ashram, Khari Ghat, Jabalpur, Madhya Pradesh, India, PIN – 482008, Tel: +91 0761 665027

24. Devatma Shakti Society,74, Navali Village, Post Dhahisar (via Mumbra), Mumbra Panvel Road, Thane District, Maharashtra, India, PIN – 400612, Tel: +91 022 7411400

25. Shivom Krupa Ashram Trust, House No. 28-1463/1, Tene Banda, Shivom Nagar, Chittor, Andhra Pradesh, India, PIN – 517004, Tel: +91 9440069096, 08572 49048

26. Yog Shree Peeth Ashram, Shivanand Nagar, Muni-ki-rethi, Rishikêsh, Uttarakhand, India, PIN – 249201, Tel: +91 0135 430467

27. Om Kar Ashram, Chittorh Shasanagir, Junagarh, Gujarat, India

28. Om Kar *Sādhan* Ashram, Anand, Gujarat, India
29. Swami Vishnu Tirth Jnana *Sādhan* Ashram, Kubudu Road, Kedi Gujjar, Gannur, Sonepat District, Haryana, India, Tel: +91 0124 62150/61550
30. Vishnu Tirth Sidha Mahayog Samstanam, Shivom Kuti Ashram, Near Kaleshwar Mandir, Bhahadurpur Road, Amalner Post, Jalgaon District, Maharashtra, India, PIN – 425401
31. Guru Niketan, Shiva Colony, Dabra, Gwalior Dist, Madhya Pradesh, PIN – 475110, Tel: +91 07524 22153
32. Swami Shivom Tirth Ashram, Route No. 97, Pond Eddy, Sulivan Country, New York, U.S.A
33. Swami Maheshwaranand Tirtha, Sunwaha, Raison District, Madhya Pradesh, India, +917697648720

Monks of the *Shakthipāth* Order (Traceable History)



രചയിതാവിനെക്കുറിച്ച്

ഇപ്പോൾ97 വയസ്സുള്ള സ്വാമി സഹജാനന്ദതീർത്ഥഭാരതത്തിലെ ആന്ധ്രാപ്രദേശിലുള്ള വിജയവാഡ എന്ന സ്ഥലത്താണ് ഇപ്പോൾ വസിക്കുന്നത്.   പരമ ഗുരു സ്വാമി ശിവോഹം തീർത്ഥയാണ് അദ്ദേഹത്തെശക്തിപഥിലേക്ക് ഉപനയിച്ചത്.നീണ്ടഅഞ്ച് പതിറ്റാണ്ട് ഹിമാലയസാനുക്കളിൽ ധ്യാനത്തിൽ കഴിഞ്ഞ ശേഷം അദ്ദേഹം നിരവധി ശിഷ്യന്മാരെ കുണ്ടലിനി യോഗ പാതയിലേക്ക് നയിച്ചുകൊണ്ട് ശക്തിപഥിൻറെ പാരമ്പര്യം തുടരുന്നു.